PRICE ₹ 50

കേരള നിയമസഭയുടെ
ഔദ്യോഗിക ന്യൂസ് മാഗസിൻ

അറിവോരം

VOL. 4 | ISSUE 5 | BIMONTHLY | OCTOBER 2024 | PAGES 52



04 ഒരു ജീവൻ പോലും നഷ്ടപ്പെടാതിരിക്കാനുള്ള മുൻകരുതലുകളാണ് ഇനി ആവശ്യം

07 ഉന്നത വിദ്യാഭ്യാസ മേഖല പരിഷ്കരണത്തിന്റെ പാതയിൽ

12 വയനാടിന്റെ നിലവിളി പാഴായിപ്പോകരുത്

15 സ്ത്രീ സമത്വത്തിനായുള്ള പോരാട്ടം

ഒക്ടോബർ 2 ഗാന്ധി ജയന്തി

കേരള നിയമസഭയുടെ
ഔദ്യോഗിക ന്യൂസ് മാഗസിൻ

അറിവോരം

വാല്യം 4 | ലക്കം 5 | ഒക്ടോബർ 2024

പത്രാധിപ സമിതി

ചീഫ് എഡിറ്റർ
എ. എൻ. ഷംസീർ
നിയമസഭാ സ്പീക്കർ

എക്സിക്യൂട്ടീവ് എഡിറ്റർ
ഡോ. എൻ. കൃഷ്ണ കുമാർ
നിയമസഭാ സെക്രട്ടറി

അംഗങ്ങൾ
റ്റി. മനോഹരൻ നായർ
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

എം. കെ. റിജു
സ്പീക്കറുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി

ഷാജി സി. ബേബി
സ്പെഷ്യൽ സെക്രട്ടറി

എം. എസ്. വിജയൻ
അഡീഷണൽ സെക്രട്ടറി

ഹരി പി.
അഡീഷണൽ സെക്രട്ടറി

രജനി വി. ആർ.
ജോയിന്റ് സെക്രട്ടറി

വി. ജി. റിജു
ജോയിന്റ് സെക്രട്ടറി

ജ്യോതി എൽ.
ജോയിന്റ് സെക്രട്ടറി

ജയശ്രീ എം.
ജോയിന്റ് സെക്രട്ടറി

പ്രത്യേക ക്ഷണിതാക്കൾ
ഇ. കെ. മുഷ്താഖ്
സ്പീക്കറുടെ പ്രസ്സ് സെക്രട്ടറി

പ്രീജിത്ത് രാജ്
സ്പീക്കറുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി

പ്രസിദ്ധീകരണ വിഭാഗം
വിവര വിഭവ വികസന 'ബി' വിഭാഗം

രൂപകൽപന
കുര്യൻ ക്രിയേറ്റീവ്

അച്ചടി
ഓറഞ്ച് പ്രിന്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്,
തിരുവനന്തപുരം - 01. ഫോൺ : 0471 4010905

കേരള നിയമസഭാ പ്രസിദ്ധീകരണം
ഇ-മെയിൽ : kladrd@gmail.com | ഫോൺ : 0471-2512493, 2353

മൊഴിമുഴക്കം

"എന്തിന്? മർത്ത്യായുസ്സിൽ സാരമായതു ചില മുന്തിയ സന്ദർഭങ്ങൾ - അല്ല മാത്രകൾ - മാത്രം."

-വൈലോപ്പിള്ളി ശ്രീധരമേനോൻ

ഉൾത്താളുകളിലൂടെ...

ഒരു ജീവൻ പോലും നഷ്ടപ്പെടാതിരിക്കാനുള്ള മുൻകരുതലുകളാണ് ഇനി ആവശ്യം 04
എ. എൻ. ഷംസീർ

ഉന്നത വിദ്യാഭ്യാസ മേഖല പരിഷ്കരണത്തിന്റെ പാതയിൽ 07
പിണറായി വിജയൻ

വയനാടിന്റെ നിലവിളി പാഴായിപ്പോകരുത് 12
വി. ഡി. സതീശൻ

സ്ത്രീ സമത്വത്തിനായുള്ള പോരാട്ടം 15
ചിറ്റയം ഗോപകുമാർ

സ്പീക്കറുടെ പൊതു പരിപാടികൾ 20

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ 21

ചിത്രജാലകം 26

വിജ്ഞാനപഥം 27

ഇതരസഭാ വാർത്തകൾ 28

പാർലമെന്റ് വാർത്തകൾ 29

പൊതുരേഖകൾ സംരക്ഷിക്കുന്നതിനായുള്ള ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയിൽ 30

വേർപാട് 31

സഭാനായകരുടെ ജീവിത രേഖയിലൂടെ 33

സഭാതലത്തിലെ മായാത്ത വ്യക്തിത്വങ്ങൾ 35

നിയമസഭാ പ്രസംഗങ്ങളിലൂടെ 37

നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ 39

കേരള നിയമസഭയുടെ ജനസൗഹൃദ നിയമങ്ങൾ 41
റ്റി. മനോഹരൻ നായർ

മൗലാന അബുൽ കലാം ആസാദ്: ദീർഘവീക്ഷണമുള്ള വിദ്യാഭ്യാസ വിചക്ഷണൻ 45
ജീന ജെ.

വിദ്യാഭ്യാസ അവകാശം 48
ബെൻസി ആനന്ദ്

നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ 50

ഒരു ജീവൻ പോലും നഷ്ടപ്പെടാതിരിക്കാനുള്ള മുൻകരുതലുകളാണ് ഇനി ആവശ്യം

എ. എൻ. ഷംസീർ, നിയമസഭാ സ്പീക്കർ

കേരളീയരെയാകെ ദുഃഖത്തിലാക്കിയ ദുരന്തമായിരുന്നു വയനാട്ടിലുണ്ടായ ഉരുൾപൊട്ടൽ. 2024 ജൂലൈ 30 ന് മേപ്പാടി പഞ്ചായത്തിലെ മുണ്ടക്കൈ, ചൂരൽമല, അട്ടമല, പുഞ്ചിരിമറ്റം എന്നീ പ്രദേശങ്ങളിലാണ് അർധരാത്രി കഴിഞ്ഞുള്ള സമയത്ത് ഉരുൾപൊട്ടൽ ദുരന്തമുണ്ടായത്. 403 പേരുടെ മരണമാണ് സ്ഥിരീകരിച്ചത്. കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രകൃതി ദുരന്തങ്ങളിൽ ഒന്നായ ഈ ഉരുൾപൊട്ടലിൽ കുറഞ്ഞത് 417 (227 മൃതദേഹങ്ങളും 190 ശരീരഭാഗങ്ങളും, മൊത്തം 417) മരണങ്ങളും 273ൽ അധികം പേർക്ക് പരിക്കും ഉണ്ടായതായും 150 ലധികം പേരെ കാണാതായതായും റിപ്പോർട്ട് ചെയ്യപ്പെടുന്നു.

ഐ.എസ്.ആർ.ഒ. യുടെ കീഴിലുള്ള നാഷണൽ റിമോട്ട് സെൻസിങ് സെന്ററിന്റെ കണ്ടെത്തൽ പ്രകാരം വയനാട്ടിലെ ചൂരൽമലയിലും പരിസരത്തുമുണ്ടായ കനത്ത മഴയാണ് ഉരുൾപൊട്ടലിന് കാരണമായത്. കേരളപ്പിറവിക്ക് ശേഷം സംസ്ഥാനത്തുണ്ടായ ഏറ്റവും വലിയ ഉരുൾ ദുരന്തമാണ് ഇത്.

സമാനതകളില്ലാത്ത ഉരുൾപൊട്ടലിൽ 17 കുടുംബങ്ങൾ പൂർണ്ണമായും ഇല്ലാതായി. മുഴുവൻ കുടുംബാംഗങ്ങളും നഷ്ടപ്പെട്ടതിനെ തുടർന്ന് 15 വയസ്സിന് താഴെയുള്ള 6 കുട്ടികൾ അനാഥരായി. 21 കുടുംബങ്ങളിൽ ഒരാൾ വീതം മാത്രമാണ് ബാക്കിയായത്. 1,555 വീടുകൾ വാസയോഗ്യമല്ലാതായി. 626 ഹെക്ടറിലെ കൃഷി നശിച്ചു. മൂന്നു പാലങ്ങൾ, തദ്ദേശസ്ഥാപനങ്ങളുടെ 136 കെട്ടിടങ്ങൾ, 100 മറ്റ് കെട്ടിടങ്ങൾ, 209 കടകൾ, 2 സ്കൂളുകൾ, 1.5 കിലോമീറ്റർ റോഡ്, 2 ട്രാൻസ്ഫോർമർ, 124 കിലോമീറ്ററിലെ വൈദ്യുതി ലൈനുകൾ, 226 കന്നുകാലികൾ തുടങ്ങിയവയൊക്കെ നഷ്ടപ്പെട്ടു.

മുഖ്യധാരാ മാധ്യമങ്ങളിൽ നിന്ന് വയനാട് ഉരുൾപൊട്ടൽ ദുരന്തവാർത്തകൾ അപ്രത്യക്ഷമായെങ്കിലും ദുരന്തബാധിതരുടെ അതിജീവനത്തിനായി സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ ദ്രുതഗതിയിൽ മുന്നേറുകയാണ്. എല്ലാം നഷ്ടപ്പെട്ട് ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്നവർക്ക് താൽക്കാലികമായി വാസസ്ഥലം ഒരുക്കലായിരുന്നു

സർക്കാരിന്റെ ആദ്യ പരിഗണന. അതിനായി സർക്കാർ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും എണ്ണയിട്ട യന്ത്രംപോലെ പ്രവർത്തിച്ചു. നിശ്ചയിച്ച ഒരു മാസത്തിന് ആറു ദിവസം മുമ്പുതന്നെ ഈ ലക്ഷ്യം പൂർത്തിയാക്കിയെന്നത് സർക്കാരിന്റെ നിശ്ചയദാർഢ്യമാണ് കാണിക്കുന്നത്. 19 ക്യാമ്പുകളിൽ കഴിഞ്ഞിരുന്ന 983 കുടുംബങ്ങളെയും വാടക വീടുകളിലേക്ക് മാറ്റി. എല്ലാവർക്കും സർക്കാർ 6000 രൂപ പ്രതിമാസ വാടക നൽകുകയാണ്. ദുരന്തം ഉണ്ടായതു മുതൽ നാല് മന്ത്രിമാരടങ്ങിയ ഉപസമിതി ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു. മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലുകൾ മറ്റ് സംസ്ഥാനങ്ങൾ മാതൃകയായാണ് ചൂണ്ടിക്കാട്ടുന്നത്.

മൂന്നു ഗ്രാമങ്ങൾ പൂർണ്ണമായും തുടച്ചുനീക്കപ്പെട്ട ദുരന്തമുഖത്ത് പകച്ച് നിൽക്കാത്ത സർക്കാർ കേരളത്തിലുണ്ടെന്നതാണ് ആശ്വാസമായത്. രക്ഷാപ്രവർത്തനത്തിന് കേരളമൊന്നാകെ മുന്നിട്ടിറങ്ങുകയായിരുന്നു. സൈന്യവും പൊലീസും ഫയർഫോഴ്സും വനപാലകരും മാത്രമല്ല യുവജന സംഘടനകളും സർക്കാർ ജീവനക്കാരും നാട്ടുകാരുമെല്ലാം ഒറ്റക്കെട്ടായി രക്ഷാപ്രവർത്തനത്തിൽ അണിനിരന്നു. വയനാടിനെ സഹായിക്കാൻ ലോകമെമ്പാടുനിന്നും മനുഷ്യസ്നേഹികൾ മുന്നോട്ടു വന്നു. ഇതെഴുതുമ്പോൾ 300 കോടിയിലധികം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എത്തി. കൂലിപ്പണിക്കാർ മുതൽ അതിസമ്പന്നർ വരെ സഹായം നൽകി.

ദുരിതബാധിതർക്ക് വീടുകൾ ഒരുക്കിയതിനു പുറമേ ഓരോ വീട്ടിലുമുള്ള രണ്ട് പേർക്ക് പ്രതിദിനം 300 രൂപ ഉപജീവന ബത്ത നൽകി. 1078 പേർക്ക് ഇത് നൽകിത്തുടങ്ങി. ഇതിനു പുറമേ ഓരോ കുടുംബത്തിനും 10,000 രൂപ അടിയന്തര സഹായവും മരിച്ചവരുടെ ആശ്രിതർക്ക് ആറുലക്ഷം രൂപയും നൽകുകയുണ്ടായി. ജീവനോപാധി നഷ്ടപ്പെട്ടവർക്ക് 10,000 രൂപയും പരിക്കേറ്റവർക്ക് ചികിത്സാ സഹായവും നൽകി. ഇങ്ങനെ ഒരു മാസത്തിനുള്ളിൽ ആറുകോടിയിലധികം രൂപ ദുരന്തബാധിതർക്ക് സർക്കാർ നൽകി. പുനരധിവാസം എന്ന ഭാരിച്ച ഉത്തരവാദിത്വമാണ് ഇനി സർക്കാരിന്റെ മുന്നിലുള്ളത്. അതിനുള്ള നടപടികളും ദ്രുതഗതിയിൽ നീങ്ങുകയാണ്. പ്രധാനമന്ത്രി നിർദേശിച്ചതുപോലെ വിശദ റിപ്പോർട്ട് കേന്ദ്രത്തിന് സംസ്ഥാന സർക്കാർ നൽകി. കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നുള്ള ഉദാരമായ സഹായങ്ങൾ ഉണ്ടായാലേ നമ്മൾ ആഗ്രഹിക്കുന്നതു പോലെയുള്ള സമ്പൂർണ്ണ പുനരധിവാസം വേഗത്തിൽ സാധ്യമാവുകയുള്ളൂ. കേന്ദ്രസർക്കാർ കേരളത്തിന് നേരെ കണ്ണടയ്ക്കരുത് എന്നാണ് മനുഷ്യസ്നേഹിയായ ഓരോ മലയാളിയും ആഗ്രഹിക്കുന്നത്.

ത്രിപുരയിൽ പ്രളയം ഉണ്ടായപ്പോൾ 40 കോടി മുൻകൂറായി നൽകിയ കേന്ദ്ര സർക്കാർ ഇത്രയും വലിയ ദുരന്തം ഉണ്ടായ കേരളത്തിന് ഇതുവരെ തുകയൊന്നും അനുവദിച്ചിട്ടില്ലെന്ന കാര്യം ഏറെ ആശങ്കയോടെയാണ് കേരള ജനത കാണുന്നത്. ഇക്കാര്യത്തിൽ മലയാളികളോട് ചിറ്റമ്മ നയം കാണിക്കുന്നു എന്ന തോന്നൽ ഒരു കാരണവശാലും ഉയർന്നുവരാൻ പാടില്ല. കേന്ദ്ര സർക്കാർ ഫെഡറൽ മൂല്യങ്ങളെ മുൻനിർത്തി കേരളത്തെ പരിഗണിച്ചാൽ തീരുന്നതാണ് ഇത്തരം പ്രശ്നങ്ങൾ. ഇപ്പോഴുള്ള ആശ്വാസം ദുരന്ത നിവാരണ രംഗത്ത് സംസ്ഥാന സർക്കാർ കാണിച്ച ഇച്ഛാശക്തിയൊന്നുകൊണ്ട് ഉണ്ടായതാണ്. അതിന്റെ കൂടെ കൈകോർക്കാൻ

കേന്ദ്ര സർക്കാരും മുന്നോട്ടുവരുമെന്നാണ് എല്ലാവരും പ്രതീക്ഷിക്കുന്നത്.

ദുരന്തത്തിന്റെയും രക്ഷാപ്രവർത്തനത്തിന്റെയും വാർത്തകൾ അഭിനന്ദനാർഹമായ രീതിയിലാണ് മാധ്യമങ്ങൾ നൽകിയത്. എന്നാൽ, ഊർജിതമായി നടക്കുന്ന പുനരധിവാസ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല എന്നതാണ് യാഥാർഥ്യം. ഒരു മാസം തികയുന്നതിനുമുമ്പേ ദുരന്തബാധിതരെ ക്യാമ്പുകളിൽനിന്ന് വാസസ്ഥലമുണ്ടാക്കി പുനരധിവസിപ്പിച്ചത് വലിയ വാർത്തയാവേണ്ട ഒരു കാര്യമായിരുന്നു. സർക്കാർ ജീവനക്കാരുടെ സംഘടനകളുടെ യോഗം വിളിച്ചാണ് ജീവനക്കാർ അഞ്ചു ദിവസത്തെ വേതനം വയനാട് ദുരിതാശ്വാസ നിധിയിലേക്ക് കൊടുക്കണമെന്ന നിർദേശം സംസ്ഥാന സർക്കാർ മുന്നോട്ടുവച്ചത്. ഈ തുക ഗഡുക്കളായി നൽകാനുള്ള അനുമതിയും നൽകിയെങ്കിലും ചില സംഘടനകൾ വ്യാജ പ്രചാരണവുമായി രംഗത്ത് വരികയാണുണ്ടായത്. മുഖ്യധാരാ മാധ്യമങ്ങൾ അതിന് വലിയ പ്രാധാന്യം നൽകുകയും ചെയ്തു. പി.എഫിൽ നിന്ന് വായ്പ ലഭിക്കുന്നതിന് ഓൺലൈനായി അപേക്ഷിച്ചവർക്ക് തുക പിൻവലിക്കണമെങ്കിൽ സാലറി ചലഞ്ചിന് സമ്മതപത്രം നൽകണമെന്ന് മറുപടി കിട്ടിയെന്ന നുണകൾ വരെ മാധ്യമങ്ങളിലൂടെ പുറത്തുവന്നു. അങ്ങനെയൊരു കാര്യം ഉണ്ടായിട്ടില്ല എന്നതാണ് വസ്തുത. അനുമതിയില്ലാതെ ആരുടെയും ശമ്പളം സർക്കാർ പിടിക്കുകയില്ല എന്ന കാര്യം പല തവണ സർക്കാർ വ്യക്തമാക്കിയിരുന്നു. ദുരന്തബാധിതരെ സഹായിക്കാൻ ചെറിയൊരു തുക ഗഡുക്കളായി നൽകണമെന്ന ഉയർന്ന മാനുഷിക ബോധത്തെ പോലും എതിർക്കുന്നവർ നിൽക്കുന്നത് മനുഷ്യപക്ഷത്താണെന്ന് എങ്ങനെ പറയാൻ കഴിയും?

ദുരന്തത്തിൽ കേരളത്തോടൊപ്പം നിൽക്കുമെന്ന പ്രധാനമന്ത്രിയുടെ പ്രഖ്യാപനത്തെ ഏറെ പ്രതീക്ഷയോടെയാണ് മലയാളികൾ നോക്കിക്കാണുന്നത്. അടിക്കടി ഉണ്ടാവുന്ന ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, ഇന്ത്യൻ മിറ്റീരിയോളജിക്കൽ ഡിപ്പാർട്ട്മെന്റ്, നാഷണൽ സീസ്മിക് സെന്റർ, ഇന്ത്യൻ നാഷണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസ് തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുടെ സ്പെഷ്യൽ സെന്ററുകളും അത്യാധുനിക പഠന സൗകര്യങ്ങളുള്ള പ്രാദേശിക ഓഫീസുകളും സംസ്ഥാനത്ത് ആരംഭിക്കാൻ കേന്ദ്രസർക്കാർ തയ്യാറാകേണ്ടതുണ്ട്. ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങൾ പ്രത്യേകം മനസ്സിലാക്കുന്നതിന് ആവശ്യമായ പഠനം നടത്താനും കേന്ദ്രസർക്കാർ മുന്നോട്ടുവരണം. അങ്ങനെ കണ്ടെത്തുന്ന പ്രദേശങ്ങളിൽ നിന്ന് ജനതയെ പൂർണ്ണമായും മാറ്റി പുനരധിവസിപ്പിക്കാൻ ആവശ്യമായ പാക്കേജ് പ്രഖ്യാപിക്കുകയും വേണം. ഇനിയൊരു ദുരന്തമുണ്ടാകുമ്പോൾ നടക്കേണ്ട ചർച്ചയല്ല ഇത്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി നമ്മുടെ നാട്ടിൽ ഉരുൾപൊട്ടൽ പോലുള്ള ദുരന്തങ്ങൾ ആവർത്തിക്കാനുള്ള സാധ്യത ഉണ്ടെന്നാണ് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നത്. അത്തരം ദുരന്തങ്ങളിൽ മനുഷ്യർക്കും മറ്റ് ജീവജാലങ്ങൾക്കും ജീവഹാനിയുണ്ടാവാൻ പാടില്ല. അതിനുള്ള മുൻകരുതലുകൾ കൂട്ടായ പ്രവർത്തനങ്ങളിലൂടെയും കൂടിയാലോചനകളിലൂടെയും രൂപപ്പെടുത്തി സമയബന്ധിതമായി നടപ്പിലാക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്.

ഉന്നത വിദ്യാഭ്യാസ മേഖല പരിഷ്കരണത്തിന്റെ പാതയിൽ

പിണറായി വിജയൻ, മുഖ്യമന്ത്രി

പുതിയ കാലത്ത് വൈജ്ഞാനിക മേഖലയിലും തൊഴിൽ മേഖലയിലും വലിയ മാറ്റങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ ഏറ്റവും വലിയ പ്രതിഫലനമുണ്ടാകുന്നത് ഉന്നത വിദ്യാഭ്യാസ മേഖലയിലാണ്. കഴിഞ്ഞ ഒരു ദശാബ്ദക്കാലത്ത് ലോകത്താകമാനം തന്നെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്വഭാവവും പ്രവർത്തനവും വലിയ രീതിയിൽ മാറിയിട്ടുണ്ട്. വിജ്ഞാനം പകർന്ന് നൽകുക എന്നതിനപ്പുറത്തേക്ക് ജ്ഞാനോൽപാദനം നടത്തുക, നൈപുണിയും തൊഴിൽ പരിശീലനവും ലഭ്യമാക്കുക എന്ന തരത്തിലേക്കാണ് ഉന്നത വിദ്യാഭ്യാസ മേഖല മാറിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായാണ് ഡേറ്റാ സയൻസും ആർട്ടിഫിഷ്യൽ ഇന്റലിജൻസും മെഷീൻ ലേണിങ്ങും ഉൾപ്പെടെയുള്ള വിവര സാങ്കേതിക കോഴ്സുകൾക്ക് പ്രാമുഖ്യം ലഭിക്കുന്നത്.

ഈ മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ ഉന്നത വിദ്യാഭ്യാസം പരിഷ്കരിക്കുന്നതിനായി കമ്മീഷനുകളെ നിയോഗിച്ചിരുന്നു. അവയുടെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ടെക്നോളജിക്കൽ മേഖലയിലും ആർട്സ്/സയൻസ് മേഖലകളിലും ഉന്നത വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിലും ഘടനയിലും വലിയ പരിഷ്കരണങ്ങൾക്ക് സംസ്ഥാന സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി രണ്ടു മേഖലകളിലും പുതിയ കരിക്കുലം തന്നെ മുന്നോട്ടു വച്ചിട്ടുണ്ട്. ജ്ഞാനോൽപാദനത്തിനും നൈപുണി പരിശീലനത്തിനും ഒരുപോലെ പ്രാമുഖ്യം നൽകുന്ന ദ്വിമുഖ സമീപനത്തിന്റെ അടിസ്ഥാനത്തിലാണ് നിലവിലെ പ്രോഗ്രാമുകളെയും കോഴ്സുകളെയും പരിഷ്കരിക്കുന്നത്.

ടെക്നോളജിക്കൽ മേഖലയിലെ എല്ലാ മാറ്റങ്ങളെയും സ്വാംശീകരിച്ചുകൊണ്ട് അവസാനത്തെ ഒരു വർഷക്കാലം വിദ്യാർഥികൾക്ക് പൂർണ്ണമായും ഇൻഡസ്ട്രിയൽ എക്സ്പീരിയൻസ് ലഭ്യമാക്കുക എന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് ടെക്നോളജിക്കൽ മേഖലയിലെ കരിക്കുലം പരിഷ്കരിച്ചിട്ടുള്ളത്. ക്യാമ്പസുകളിൽ നിന്ന് മാത്രം വിദ്യാർഥികൾക്ക് വിജ്ഞാനം ലഭിക്കുന്ന സാമ്പ്രദായിക രീതിക്കപ്പുറത്തേക്ക് കടന്ന് ക്യാമ്പസുകളോടൊപ്പം തന്നെ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ, പ്രായോഗിക പരിശീലനങ്ങൾ, ഫീൽഡ് വിസിറ്റുകൾ തുടങ്ങിയ വ്യത്യസ്ത മണ്ഡലങ്ങൾക്കും തുല്യ പ്രാധാന്യം ലഭ്യമാക്കുകയാണ്. ഗുണമേന്മയുള്ള പഠനവും പഠനരീതികളും അവലംബിച്ചുകൊണ്ട് ഗവേഷണം, തൊഴിലവസരങ്ങൾ എന്നിവയ്ക്ക് വലിയ പ്രാധാന്യം നൽകുകയും നവീനമായ അധ്യാപനരീതിയിലൂടെ വിദ്യാർഥികളുടെ മാനസികവും സാമൂഹികവുമായ

പുരോഗതി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന രീതിയിലാണ് പരിഷ്കരിച്ച കരിക്കുലം തയ്യാറാക്കിയിരിക്കുന്നത്. എല്ലാ വിദ്യാർഥികളെയും ഒറ്റ അച്ചിൽ വാർത്തെടുക്കാതെ വിദ്യാർഥികളുടെ താൽപര്യങ്ങൾക്കും അഭിരുചികൾക്കും അനുസൃതമായ രീതിയിൽ അവരുടെ കരിക്കുലവും കരിയറും സ്വയം ഡിസൈൻ ചെയ്യാം എന്നുള്ളതാണ് ഇതിന്റെ സവിശേഷത. തൊഴിൽ രംഗത്തേക്ക് പോകേണ്ടവർക്ക് തൊഴിൽ രംഗത്തിനാവശ്യമായ നൈപുണികളും പരിശീലനവും ഉറപ്പുവരുത്തുന്ന രീതിയിലും ഗവേഷണ-അധ്യാപന മേഖലയിലേക്ക് പോകാൻ ആഗ്രഹിക്കുന്നവർക്ക് അതിനനുസൃതമായ രീതിയിലും പഠനം മുന്നോട്ടു കൊണ്ടു പോകാൻ സാധിക്കും.

ഭാഷാ പഠനരീതികളിലും നിലവിലുള്ള കോർ-കോംപ്ലിമെന്റിറി രീതികളിൽ നിന്നു വ്യത്യസ്തമായി വിദ്യാർഥികൾക്ക് ഏറ്റവും മെച്ചപ്പെട്ട വിദ്യാഭ്യാസം ഉറപ്പുവരുത്തുന്ന മേജർ, മൈനർ എന്ന പുതിയ ആശയമാണ് നടപ്പിലാക്കിയിരിക്കുന്നത്. അറിവ് നേടുന്നതിനോടൊപ്പം ഭാഷാ പ്രാവീണ്യം, വിമർശനാത്മകചിന്ത, ശേഷീ-നൈപുണ്യം, അനലറ്റിക്കൽ സ്കിൽ, മൂല്യാധിഷ്ഠിതവും പാരിസ്ഥിതികവുമായ ഉത്തരവാദിത്വം, സംരംഭകത്വം മുതലായവ വിദ്യാർഥികളിൽ വളർത്തി അവരെ ആധുനിക കാലത്തെ തൊഴിലിനു പ്രാപ്തരാക്കുന്ന വിധത്തിൽ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്ന ഒരു പദ്ധതിയാണ് മുന്നോട്ടുവച്ചിട്ടുള്ളത്.

വിദ്യാർഥികൾക്ക് കേവലം തൊഴിൽശാലകൾക്ക് വേണ്ടിയുള്ള ഒരു ബിരുദം ലഭ്യമാക്കുന്നതിനല്ല മറിച്ച്, ഏതു തൊഴിലിലും അല്ലെങ്കിൽ സംരംഭകത്വ മേഖലയിലും വളരുന്നതിനും ജ്ഞാനോൽപാദനം നടത്തുന്നതിനും ഉതകുന്ന വിധത്തിൽ അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനാണ് പ്രാമുഖ്യം നൽകിയിരിക്കുന്നത്. പരമ്പരാഗത കോഴ്സുകളെയടക്കം ആധുനിക വൽക്കരിക്കുന്ന കാഴ്ചപ്പാടാണ് പരിഷ്കരിച്ച പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സയൻസ് പഠിക്കുന്നവർ സാമൂഹ്യ സാംസ്കാരിക മാനവിക വിഷയങ്ങൾ പഠിച്ചുകൂടെന്നോ മറിച്ചോ ഉള്ള വിലക്കുകൾ ഇനി മുതൽ ഉണ്ടാവില്ല. കോംപ്ലിമെന്ററി ഇലക്ടീവ് എന്ന രീതി ഇനിയില്ല.

ഉദാഹരണമായി ഫിസിക്സ് ബിരുദത്തിനു ചേരുന്ന ഒരു വിദ്യാർഥി കെമിസ്ട്രിയും മാത്തമാറ്റിക്സും മാത്രം പഠിക്കുന്ന നിലവിലെ രീതിയിൽ നിന്നു വ്യത്യസ്തമായി വിദ്യാർഥിയുടെ താൽപര്യാനുസൃതം ഫിസിക്സിനോടൊപ്പം ഇലക്ട്രോണിക്സ് പോലെയുള്ള വൊക്കേഷണൽ കോഴ്സുകൾ, അല്ലെങ്കിൽ ഫിസിക്സിനോടൊപ്പം മാത്തമാറ്റിക്സ്, കെമിസ്ട്രി ഇവയിൽ ഏതെങ്കിലും ഒന്ന് മാത്രമോ അല്ലെങ്കിൽ ഫിസിക്സിനോടൊപ്പം സാഹിത്യമോ സംഗീതമോ പഠിക്കാനുള്ള

സാധ്യതകളടക്കമുള്ള സംവിധാനമാണ് ഉറപ്പുവരുത്തുന്നത്.

തൊഴിലിൽ ഊന്നൽ നൽകിയോ ഗവേഷണത്തിൽ ഊന്നൽ നൽകിയോ പഠിക്കാം. ഇതിലേതു രീതിയിലും പഠനപരിശീലനങ്ങളോടെ മൂന്ന് വർഷ-സാധാരണ ഡിഗ്രിയോ നാലുവർഷ-ഓണേഴ്സ് ഡിഗ്രിയോ കരസ്ഥമാക്കാൻ കഴിയും. ആദ്യവർഷം നിർബന്ധിത ഫൗണ്ടേഷൻ കോഴ്സുകളാണ്. ആദ്യത്തെ രണ്ടുവർഷം എല്ലാ വിഷയങ്ങളും പഠിക്കും. വിഷയങ്ങൾ തമ്മിൽത്തമ്മിലും ജീവിത സാഹചര്യവുമായും ഉള്ള ബന്ധം മനസ്സിലാക്കിയുള്ള പഠനം.

വിദ്യാർഥികളുടെ അഭിരുചിയും താൽപര്യവും മനസിലാക്കി അടുത്ത നാലു വർഷം, അതായത് ഒരു ബാച്ച് വിദ്യാർഥികളുടെ പഠനം പൂർത്തിയാകുന്നതുവരെയുള്ള മാറ്റങ്ങളെ സസൂക്ഷ്മമായി സർവകലാശാലകളും കോളേജുകളും ഉന്നത വിദ്യാഭ്യാസ വകുപ്പും വിലയിരുത്തേണ്ടതുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഏതർഥത്തിലാണോ വിദ്യാർഥികൾക്ക് മുന്നോട്ടുപോകുന്നതിനുള്ള സാധ്യതകൾ തുറന്നുവയ്ക്കേണ്ടത് ആ അർഥത്തിൽ നിലവിലുള്ള പ്രോഗ്രാമുകളും കോഴ്സുകളും സമഗ്രമായി പരിഷ്കരിക്കേണ്ടതുണ്ട്. അങ്ങനെ മാത്രമേ നമുക്ക് ഇനി മുന്നോട്ട് പോകുവാൻ സാധിക്കുകയുള്ളൂ.

അതുകൊണ്ടുതന്നെ നിലവിലെ മാറ്റങ്ങൾ, ടീച്ചിങ്-ലേണിംഗ്-ഇവാല്യുവേഷൻ രീതികളിലാണ് കൊണ്ടുവന്നിട്ടുള്ളതെങ്കിൽ, അടുത്ത ഘട്ടത്തിൽ നിലവിലുള്ള പ്രോഗ്രാമുകളുടെ തന്നെ റീസ്ട്രക്ചറിങ് ആണ് നടത്തേണ്ടത്. ടീച്ചിങ്-ലേണിംഗ്-ഇവാല്യുവേഷൻ രീതികളിൽ വിദ്യാർഥികൾക്ക് താൽപര്യമുള്ള, തങ്ങളുടെ കഴിവുകളെ ഉയർത്തുവാൻ കഴിയുന്ന തരത്തിലുള്ള സാധ്യതകൾ കൂടി ഉറപ്പുവരുത്തിയിട്ടുണ്ട്. എക്സാമിനേഷൻ ഓൺ ഡിമാൻഡ് അടക്കമുള്ള മികച്ച കാഴ്ചപ്പാടുകളാണ് ഈ കരിക്കുലം പരിഷ്കരണത്തിന്റെ ഭാഗമായി മുന്നോട്ട് വച്ചിട്ടുള്ളത്.

കരിക്കുലം പരിഷ്കരണത്തോടൊപ്പം തന്നെ അടിസ്ഥാന സൗകര്യ വികസനത്തിനും സർക്കാർ വലിയ പ്രാധാന്യം നൽകുന്നുണ്ട്. ഇൻഫ്രാസ്ട്രക്ച്ചർ വികസനത്തിനായി റൂസ ഫണ്ട് വഴിയും പ്ലാൻ ഫണ്ട് വഴിയും 1,500 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടത്തിയത്. കഴിഞ്ഞ നാലു വർഷക്കാലം കൊണ്ട് 6,000 കോടി രൂപയുടെ അടിസ്ഥാന സൗര്യ വികസന പ്രവർത്തനങ്ങൾ കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടത്തിയിട്ടുണ്ട്. നാലുവർഷ ബിരുദമടക്കമുള്ള പുതിയ പ്രവർത്തനങ്ങൾക്കുവേണ്ടി കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നുണ്ട്.

ഇത്തരം ഇടപെടലുകളുടെ ഫലമായി രാജ്യത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ റാങ്കിംഗിൽ കേരളത്തിലെ സർവകലാശാലകളും ഇതര ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും ആദ്യത്തെ 100 ൽ ഇടം നേടിയിട്ടുണ്ട്. 2023 ലെ എൻ.ഐ.ആർ.എഫ്. റാങ്കിംഗിൽ സംസ്ഥാനത്തെ 4 സർവകലാശാലകൾ ആദ്യത്തെ 100 ൽ സ്ഥാനം പിടിച്ചിട്ടുണ്ട്. 2023 ലെ എൻ.ഐ.ആർ.എഫ്. റാങ്കിംഗിൽ സംസ്ഥാനത്തെ 14 കോളേജുകൾ ആദ്യത്തെ 100 ൽ സ്ഥാനം പിടിച്ചിട്ടുണ്ട്. നാക് ഗ്രേഡിങ്ങിൽ കേരള, എം.ജി. സർവകലാശാലകൾ എ പ്ലസ് പ്ലസ് ഗ്രേഡും കാലിക്കറ്റ്, കൊച്ചി, കാലടി സർവകലാശാലകൾ എ പ്ലസ് ഗ്രേഡും സ്വന്തമാക്കി. ഇതെല്ലാം അഭിമാനകരമാണ്. എന്നാൽ അവയിൽ അഭിരമിക്കാതെ കൂടുതൽ മുന്നോട്ട് പോകാനാണ് ശ്രമിക്കുന്നത്. ആ ശ്രമത്തിന്റെ ഭാഗമാണ് ഫോർ ഇയർ അണ്ടർ ഗ്രാജുവേറ്റ് പ്രോഗ്രാം.

വിദ്യാർഥികൾക്ക് ലഭിക്കുന്ന ഫ്ളെക്സിബിലിറ്റിയാണ് നാലുവർഷ ബിരുദത്തിന്റെ ഏറ്റവും വലിയ പ്രത്യേകത. പുതിയ കാലത്തെ വിദ്യാർഥികൾ മാറുന്ന ലോകവുമായി ഏറ്റവുമധികം ബന്ധപ്പെട്ടിരിക്കുന്നവരാണ്. സാങ്കേതികവിദ്യയുടെ സഹായത്തോടെയും മറ്റും ലോകത്ത് അനുദിനം വരുന്ന മാറ്റങ്ങളെ മനസിലാക്കുന്നവരും അവയോട് പൊരുത്തപ്പെടുന്നവരുമാണ് അവർ. അതുകൊണ്ടുതന്നെ വിദ്യാർഥികളുടെ മാറുന്ന താൽപര്യങ്ങൾക്കും അഭിരുചികൾക്കുമനുസരിച്ച് നമ്മുടെ കരിക്കുലത്തിനു മാറാൻ കഴിയുന്നില്ല എന്ന ആക്ഷേപം ഒരു ന്യൂനതയായി നിലനിന്നിരുന്നു. ഇതിനെ മറികടക്കാൻ ഉതകുന്നതാണ് നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ കരിക്കുലം.

ജോലിക്കാവശ്യമായ വിഷയങ്ങൾ തെരഞ്ഞെടുത്ത് പഠിക്കാനുള്ള അവസരവുമുണ്ടാവും. ജോലി ചെയ്ത് പഠിക്കാനും കഴിയും. മൂന്നു വർഷ ഡിഗ്രിയെടുത്ത് ജോലിയിലേക്ക് പ്രവേശിക്കാൻ ആഗ്രഹിക്കുന്നവർക്ക് അതിനാവശ്യമായ രീതിയിൽ കോഴ്സുകൾ ചെയ്യാം. നാലുവർഷം പൂർത്തിയാക്കി ഓണേഴ്സ് ബിരുദം കരസ്ഥമാക്കി ജോലിയിലേക്കോ തുടർ പഠനമേഖലയിലേക്കോ ഗവേഷണ മേഖലയിലേക്കോ നീങ്ങാൻ കഴിയും. ഉയർന്ന ഗ്രേഡ് കരസ്ഥമാക്കുന്നവർക്ക് ഓണേഴ്സിന് ശേഷം നേരിട്ട് പിഎച്ച്ഡി ക്ക് ചേർന്നു ഗവേഷണം തുടരാം. അങ്ങനെ വൈവിധ്യമാർന്ന സാധ്യതകൾ വിദ്യാർഥികൾക്കു മുന്നിലുണ്ട്.

വിദ്യാർഥികളുടെ താൽപര്യത്തിനനുസരിച്ച് അവരുടെ കോഴ്സുകളും പ്രോഗ്രാമുകളും ക്രമീകരിക്കാനും ആവശ്യമെങ്കിൽ ക്യാമ്പസിന് പുറത്തുനിന്നും കോഴ്സുകളെടുത്തു പഠിക്കാനുമുള്ള അവസരമാണ് ഇപ്പോൾ ഉറപ്പുവരുത്തിയിരിക്കുന്നത്. ഈയവസരത്തിൽ വിദ്യാർഥികൾ ചെയ്യേണ്ടത് തങ്ങൾക്ക് ഏത് ദിശയിലാണോ മുന്നോട്ടുപോകേണ്ടത്, അതിന് സഹായകമായ എന്തൊക്കെ സംവിധാനങ്ങൾ ക്യാമ്പസുകളിൽ വേണമെന്നത് നിർദേശിക്കലാണ്. അത്തരം ഇടപെടലുകൾ നമ്മുടെ ഉന്നതവിദ്യാഭ്യാസ മേഖലയെ ആഗോള നിലവാരത്തിലേക്ക് ഉയർത്താൻ സഹായകമാകും.

രാജ്യത്തിനകത്തും പുറത്തുമുള്ള എല്ലാ പ്രമുഖ സർവകലാശാലകളിലും ഗവേഷണ കേന്ദ്രങ്ങളിലും നമ്മുടെ കുട്ടികളുണ്ട്. ഏത് നോബൽ സമ്മാന ജേതാക്കളുടെ ടീമിലും നമ്മുടെ നാട്ടിൽ നിന്നുള്ള ഒരു സഹായിയെങ്കിലും ഉണ്ടായിരിക്കും. പക്ഷെ ഈ മികവ് നമുക്ക് ഇവിടെ സാധ്യമാവുന്നില്ല. നമുക്കെന്തുകൊണ്ട് ഇൻഹൗസ് എക്സലൻസ് സാധ്യമാവുന്നില്ല എന്നത് നമ്മൾ ആവർത്തിച്ചു കൊണ്ടിരിക്കുന്ന ഒരു ചോദ്യമാണ്.

നമ്മുടെ പ്രതിഭകൾ ഇവിടം വിടുമ്പോഴേ ലോകനിലവാരത്തിലെത്തുന്നുള്ളൂ. അതെന്തുകൊണ്ടാണ്? പുറം രാജ്യങ്ങളിൽ റിസർച്ച് ആൻഡ് ഡവലപ്മെന്റ് മേഖലയ്ക്ക് കൂടുതൽ പിന്തുണ ലഭിക്കുന്നതുകൊണ്ടാണത് എന്ന് ഒരു മറുപടി ലഭിച്ചേക്കാം. എന്നാൽ, വിശദമായി പരിശോധിച്ചാൽ അതുമാത്രമല്ല കാരണം എന്നു മനസ്സിലാകും.

പരീക്ഷകൾക്കുവേണ്ടി മാത്രം പഠിക്കുന്ന നമ്മുടെ രീതിയും ഇൻഹൗസ് എക്സലൻസ് സാധ്യമാകാത്തതിന്റെ ഒരു പ്രധാന കാരണമാണ്. തുടർച്ചയായി പഠിക്കുന്ന രീതി നമുക്കില്ല. ക്ലാസ് മുറിയിലും ലൈബ്രറിയിലും ഇന്റർനെറ്റ് വഴിയും തുടർച്ചയായി പഠനത്തിൽ ഏർപ്പെടുന്ന രീതി വേണം. ഓരോ കോഴ്സും പഠനഫലമായി എന്താണ് ലക്ഷ്യമാക്കുന്നതെന്ന് മുൻകൂട്ടി മനസ്സിലാക്കി അതു കൈവരിക്കാൻ വേണ്ടിയുള്ള പഠനവും ലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്ന ആത്മപരിശോധനയും വിദ്യാർഥികളും അധ്യാപകരും നടത്തുന്നില്ല. ക്ലാസ് മുറിയിലെ പഠനത്തിന് പുറമേ ചർച്ച വഴിയും അസൈന്മെന്റുകൾ വഴിയും തുടർച്ചയായി പഠനം പുരോഗമിക്കണം. അങ്ങനെ പഠിക്കുന്ന രീതിയിലൂടെയാണ് മികവുള്ള വിദേശ സർവകലാശാലകൾ വിദ്യാർഥികളെ കഴിവുള്ള ബിരുദധാരികളാക്കി മാറ്റുന്നത്. അതിലേക്കുള്ള ചുവടുവയ്പ്പായി നാലു വർഷ ബിരുദ പഠനം മാറണം.

നമ്മുടെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ രൂപപ്പെടുന്ന ഗവേഷണ ഫലങ്ങൾ സമൂഹത്തിന് ഉപകാരപ്രദമാകുന്ന രീതിയിൽ പരിവർത്തനം ചെയ്യുന്നതിനാവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുള്ള ട്രാൻസ്ലേഷണൽ റിസർച്ച് ലാബുകളടക്കം നമ്മുടെ സർവകലാശാലകളിൽ ഒരുങ്ങുകയാണ്. ഇതിന്റെ ഭാഗമായി സർവകലാശാലകളിൽ തന്നെ സ്റ്റാർട്ടപ്പ് - ഇൻക്യൂബേഷൻ സൗകര്യങ്ങൾ ഉറപ്പുവരുത്തുകയാണ്. ഇൻഡസ്ട്രി ഓൺ ക്യാമ്പസ് പദ്ധതിയും ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകളും തുടങ്ങിക്കഴിഞ്ഞു. ഇതെല്ലാം വിദ്യാർഥികൾ നല്ല നിലയിൽ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. അതിനുതകുന്ന വിധത്തിൽ വിദ്യാർഥി സമൂഹത്തെ പരിവർത്തിപ്പിക്കുക എന്ന ഉത്തരവാദിത്വം കൂടി ഈ ഘട്ടത്തിൽ അധ്യാപക സമൂഹത്തിൽ നിക്ഷിപ്തമാണ്.

ഓരോ സ്ഥാപനത്തിന്റെയും മികവിലേക്കുള്ള പുരോഗതിയിൽ മുഖ്യ പങ്കുവഹിക്കാൻ ഉതകുംവിധം അധ്യാപകരുടെയും വിദ്യാർഥികളുടെയും കൂട്ടായ്മകൾ ഉണ്ടാകണം. അധ്യാപകർ മാത്രമോ വിദ്യാർഥികൾ മാത്രമോ വിചാരിച്ചാൽ അത് സാധ്യമാവണമെന്നില്ല. പഠിക്കുന്ന രീതി തെറ്റായതുകൊണ്ട് ജന്മനായുള്ള ജിജ്ഞാസ ഇല്ലാതാവുകയും ചിന്തിക്കാനും വിമർശിക്കാനുമുള്ള ജന്മവാസന നഷ്ടപ്പെടുകയും ചെയ്യുന്നുണ്ട്. നൈസർഗ്ഗികവാസനകൾ പോഷിപ്പിച്ചുകൊണ്ട് പഠിക്കാൻ അധ്യാപകർ സഹായിക്കണം. ജന്മവാസനകളും ക്രിയാത്മക സംശയങ്ങളും നിലനിർത്താൻ കഴിഞ്ഞിട്ടുള്ളവർക്കാണ് മൗലിക പഠനങ്ങൾക്കും കണ്ടുപിടുത്തങ്ങൾക്കുമുള്ള പ്രാപ്തി കൈവന്നിട്ടുള്ളത്.

ഏതു വിഷയമായാലും ഒരു കോഴ്സിലും പരാജയപ്പെടാതെ പഠിച്ച് കഴിവു തെളിയിക്കുന്ന വിദ്യാർഥികളുണ്ടാവും. അവർക്ക് തുടക്കം മുതൽ ബിരുദാനന്തര പഠനം പൂർത്തിയാക്കുന്നതുവരെ ഉന്നതവിദ്യാഭ്യാസ കൗൺസിൽ മുഖേന സ്കോളർഷിപ്പുകൾ നൽകിവരുന്നുണ്ട്. അതിനുപുറമേ പ്രതിഭ തെളിയിക്കുന്ന ഗവേഷകർക്കായി പല തലങ്ങളിലുള്ള സ്കോളർഷിപ്പുകളും അവാർഡുകളും ലഭ്യമാക്കുന്നുണ്ട്. സമാനമായ ഇത്തരം ധനസഹായമോ പ്രോത്സാഹനങ്ങളോ അംഗീകാരങ്ങളോ രാജ്യത്ത് മറ്റേതെങ്കിലും സംസ്ഥാനങ്ങളിലോ വിദേശ രാജ്യങ്ങളിലോ ഇല്ല എന്ന വസ്തുത നമ്മുടെ വിദ്യാർഥികളും അധ്യാപകരും അറിഞ്ഞിരിക്കണം.

വിദ്യാഭ്യാസ പരിഷ്കാരങ്ങളുടെ കാതലായ വശം വിദ്യാർഥികളുടെ സ്വാതന്ത്ര്യമാണ്. ഇഷ്ടമുള്ള വിഷയം തെരഞ്ഞെടുക്കാനും അത് എവിടെ, എപ്പോൾ, ഏതൊക്കെ കോഴ്സുകളെടുത്ത് ഏതു രീതിയിൽ പഠിക്കണം എന്നു തീരുമാനിക്കാനും വിദ്യാർഥികൾക്ക് സ്വാതന്ത്ര്യം ഉണ്ടാവണം. ഒരു സ്ഥാപനത്തിൽ ആഗ്രഹിച്ച കോഴ്സ് ഇല്ലെങ്കിൽ അത്തരം കോഴ്സുകളുള്ള സ്ഥാപനത്തിലേക്ക് നീങ്ങാനും അല്ലെങ്കിൽ ഓൺലൈനായി കോഴ്സുകൾ ചെയ്യാനും തൊഴിൽ ചെയ്തു പഠിക്കാനും നാലുവർഷ ബിരുദ പദ്ധതിയിൽ സ്വാതന്ത്ര്യം ഉണ്ടായിരിക്കും. അതുപോലെ ഗവേഷണ മേഖലയിൽ പരിശീലനം നേടാനും വിദ്യാർഥികൾക്ക് അവകാശമുണ്ടായിരിക്കണം.

ഒരു സർവകലാശാലയിൽ നിന്ന് കരസ്ഥമാക്കിയ ക്രെഡിറ്റുമായി രാജ്യത്തെവിടെയുമുള്ള സർവകലാശാലകളിലേക്കു മാറാനും നേടിയ ക്രെഡിറ്റുകൾ ദേശീയ അക്കാദമിക് ക്രെഡിറ്റ് ബാങ്കിൽ നിക്ഷേപിച്ച് ഇഷ്ടമുള്ള സർവ്വകലാശാലയ്ക്ക് കൈമാറി അവിടുത്തെ ഡിഗ്രി കരസ്ഥമാക്കാനും ഇനിമുതൽ വിദ്യാർഥികൾക്ക് അവസരം ലഭിക്കണം. ഇതിനെല്ലാം വേണ്ട സഹായങ്ങൾ ഡിജിറ്റൽ സാങ്കേതികവിദ്യകൾ ഒരുക്കുന്നുണ്ട്. ഡിജിറ്റൽ സാങ്കേതികവിദ്യകളുടെ നെറ്റ്വർക്കിലൂടെ ഓരോ വിഷയത്തിലെയും ആഗോള വിദ്യാർഥി സമൂഹത്തിന്റെ ഭാഗമാവാനും അവരുമായുള്ള സംവാദം വഴി അറിവു നേടാനും കഴിവുകൾ വികസിപ്പിക്കാനും കഴിയും. അതിനു സഹായിക്കുന്ന അറിവിന്റെ നിരവധി റിപ്പോസിറ്ററികൾ ഇന്നുണ്ട്. ചുരുക്കത്തിൽ ഉന്നതവിദ്യാഭ്യാസം വിദ്യാർഥികൾക്കു സ്വതന്ത്രമായി മുന്നേറാവുന്ന രംഗമായി മാറുകയാണ്.

വിദ്യാർഥികൾക്കെല്ലാം ഇരുപത്തൊന്നാം നൂറ്റാണ്ടിനാവശ്യമായ കഴിവുകൾ നേടാൻ വഴിയൊരുക്കുക എന്നത് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കടമയാണ്. ഈ സ്വാതന്ത്ര്യം സംരക്ഷിച്ച് വേണം സർവകലാശാലകൾ നാലുവർഷ ബിരുദ പദ്ധതി നടപ്പിലാക്കാൻ. അതിനുള്ള നടപടിക്രമമാണ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ എല്ലാ സർവകലാശാലകൾക്കും നൽകിയിരിക്കുന്നത്. ഓപ്പൺസോഴ്സ് സോഫ്റ്റ്‌വെയർ വഴി സ്വന്തം താൽപര്യവും ജിജ്ഞാസയും ലക്ഷ്യവുമനുസരിച്ച് പഠനം തുടരാനും അനുഭവത്തിലൂടെ പ്രവർത്തനശേഷി ആർജ്ജിക്കാനും സാഹചര്യമൊരുക്കണം. ഇതിനൊക്കെ ആവശ്യമായ സജ്ജീകരണങ്ങൾ സർവകലാശാലകൾ ഒരുക്കണം.

അതിന് സർക്കാരിന്റെ ഭാഗത്തുനിന്ന് ആവശ്യമായ പിന്തുണ ഉണ്ടാവും.

സർവകലാശാലകളെയെല്ലാം ഒരു കുടക്കീഴിലാക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള റിസോഴ്സ് ഫോർ എജ്യൂക്കേഷൻ അഡ്മിനിസ്ട്രേഷൻ ആൻഡ് പ്ലാനിംഗ് അഥവാ കെ-റീപ്പ് പദ്ധതി നടപ്പാക്കിവരുന്നത്. പദ്ധതി പൂർത്തിയാവുന്നതോടെ എല്ലാ സ്ഥാപനങ്ങൾക്കും സാങ്കേതികവിദ്യയുടെ സഹായത്തോടെ പരസ്പര പൂരകത്വ സ്വഭാവത്തോടെ മുന്നേറാനാവും. എത്രയും വേഗം കെ-റീപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയാക്കണമെന്നാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. കാരണം, അത്തരം സൗകര്യങ്ങളെ ഇന്നത്തെ വിദ്യാർഥികളുടെ ഡിജിറ്റൽ അവകാശത്തിന്റെ ഭാഗമായാണ് സർക്കാർ കാണുന്നത്. ഇന്റർനെറ്റ് അവകാശമായി പ്രഖ്യാപിച്ച നമ്മുടെ സംസ്ഥാനത്തിന് അത്തരമൊരു സമീപനം തന്നെയാണ് അക്കാദമിക് രംഗത്തോടും ഉള്ളത്.

നമ്മുടെ സർവകലാശാലാ നിയമങ്ങളും ചട്ടങ്ങളും അറുപഴഞ്ചനാണ്. അവ ഇനിയും പഴയ പടി തുടരാനാവില്ല, അത് പുതിയ തലമുറയോടുള്ള അനീതിയാവും. നാടിനും നാട്ടുകാർക്കും ഉപകാരപ്പെടുന്ന നിലയിൽ നമ്മുടെ സർവകലാശാലകൾ നിലകൊള്ളണം എന്നുണ്ടെങ്കിൽ അവയുടെ സ്വയംഭരണം സംരക്ഷിക്കേണ്ടതും ശക്തിപ്പെടുത്തേണ്ടതുമുണ്ട്. അതിനുതകുന്ന നിലപാടുകൾ സംസ്ഥാന സർക്കാർ കൈക്കൊള്ളുമ്പോൾ, സംസ്ഥാന സർവകലാശാലകളുടെ സ്വയംഭരണത്തെ ക്ഷയിപ്പിക്കാനായി രാഷ്ട്രീയ ലാക്കോടെയുള്ള നീക്കങ്ങൾ നടത്തപ്പെടുന്നു എന്നത് നാം കാണാതെ പോകരുത്. അവയെ ചെറുക്കാനുള്ള ഉത്തരവാദിത്വം ഉന്നതവിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട എല്ലാവർക്കും ഉണ്ട്.

ഏതെങ്കിലും ഒരു പ്രോഗ്രാമിന്റെയോ കോഴ്സിന്റെയോ പിന്നാലെ അതിന്റെ വരും വരായ്കകൾ ആലോചിക്കാതെ രക്ഷിതാക്കൾ വിദ്യാർഥികളെ തള്ളിവിടുന്ന പ്രവണതയുണ്ട്. എന്നുമാത്രമല്ല, അത്തരം കോഴ്സുകൾ ഇവിടെ ലഭ്യമല്ലായെന്നു കണ്ടാൽ, ചില രക്ഷിതാക്കൾ അംഗീകാരം പോലുമില്ലാത്ത ഏതെങ്കിലും വിദേശ വിദ്യാഭ്യാസ സ്ഥാപനത്തിലേക്ക് കുട്ടികളെ അയയ്ക്കാറുമുണ്ട്. കരിയർ സംബന്ധമായ കൃത്യമായ അവബോധം ഇല്ലാത്തത് കൊണ്ടാണിത്. വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും കൃത്യമായ അവബോധം നൽകാൻ കഴിയണം. അതിനായി പൊതുവിദ്യാഭ്യാസ വകുപ്പിനെയും ഉന്നത വിദ്യാഭ്യാസ വകുപ്പിനെയും യോജിപ്പിച്ചുകൊണ്ട് ഒരു സംവിധാനം ഒരുക്കേണ്ടതുണ്ട്. അതിന് സർക്കാർ മുൻകൈയെടുക്കും. ചേരാൻ പോകുന്ന കോഴ്സിനെക്കുറിച്ചും അതിന്റെ സാധ്യതകളെക്കുറിച്ചും വളരെ ഗൗരവതരമായ പഠനത്തിനു ശേഷം മാത്രമേ വിദ്യാർഥികളും രക്ഷിതാക്കളും അവ തെരഞ്ഞെടുക്കാവൂ.

ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഉൽപാദിപ്പിക്കപ്പെടുന്ന അറിവുകൾ അക്കാദമിക സമൂഹത്തിൽ മാത്രം ഒതുങ്ങിനിൽക്കരുത്. അവയുടെ ജനാധിപത്യവൽക്കരണം സാധ്യമാക്കാൻ അധ്യാപകർക്കും വിദ്യാർഥികൾക്കും കഴിയണം. അങ്ങനെ വിജ്ഞാനസമൂഹമായി നാം പരിവർത്തിക്കപ്പെടണം. നാലു വർഷ ബിരുദം ഇതിനെല്ലാം വഴിയൊരുക്കും എന്നാണ് പ്രതീക്ഷിക്കുന്നത്.

വയനാടിന്റെ നിലവിളി പാഴായിപ്പോകരുത്

വി. ഡി. സതീശൻ, പ്രതിപക്ഷ നേതാവ്

മേപ്പാടിയിലെ ആശുപത്രിയിൽ വച്ചാണ് മൂന്ന് വയസുകാരി നൈസമോളെ കണ്ടത്. ദുരന്തത്തിന്റെ തീവ്രത അറിയാതെ ചിരിച്ചുകൊണ്ട് എന്റെ തോളിലേക്ക് അവൾ ചാടിക്കയറി. പോക്കറ്റിലിരുന്ന പേന എടുത്ത് ഇത് ഞാൻ വീട്ടിൽ കൊണ്ടു പൊയ്ക്കോട്ടേയെന്നാണ് ആ കുഞ്ഞ് ചോദിച്ചത്. ആ നിഷ്ക്കളങ്കമായ ചോദ്യം ഹൃദയം തകർക്കുന്നതായിരുന്നു. പോകാൻ അവിടെ വീടില്ലല്ലോ മോളെയെന്ന് നമുക്ക് പറയാനാകില്ലല്ലോ. ദുരന്തം കണ്ണീർപ്പുഴയായി ഒഴുകുമ്പോഴും അതറിയാതെ ചിരിക്കുന്ന മൂന്ന് വയസുകാരിയുടെ നിഷ്കളങ്കമായ മുഖത്ത് പ്രത്യാശയുടെ കണമുണ്ട്. ഒരുമ്മ കൂടി കൊടുത്ത് തിരിഞ്ഞു നടക്കുമ്പോൾ, നഷ്ടപ്പെട്ടതെല്ലാം നമുക്ക് തിരിച്ചു പിടിക്കാമെന്ന് ഞാൻ അവളോട് പറയാതെ പറഞ്ഞു.

ആഴമളക്കാനാകാത്ത ദുഖം, എണ്ണിത്തീർക്കാനാകാത്ത നഷ്ടം, എല്ലായിടത്തും നിറയുന്ന കണ്ണീരും ഭയവും. ഇതാണ് ചൂരൽമലയിലും മുണ്ടക്കൈയിലും കാണാനായത്. ഉരുൾപൊട്ടൽ വാർത്ത അറിഞ്ഞപ്പോൾതന്നെ വയനാട്ടിലേക്ക് തിരിച്ചതാണ്. വെള്ളിയാഴ്ച വൈകിട്ടാണ് ചുരമിറങ്ങിയത്. ഉൾക്കൊള്ളാൻ കഴിയുന്നതിലും അപ്പുറമുള്ള ദുരന്തമാണ് വയനാട്ടിലുണ്ടായിരിക്കുന്നത്.

ഒരു നാടാകെ, മനുഷ്യരും അവരുടെ വസ്തുവകകളും ജീവിതങ്ങളും നാളെയെക്കുറിച്ചുള്ള പ്രതീക്ഷകളും അപ്പാടെ ഒലിച്ചുപോയിരിക്കുന്നു. അവശേഷിക്കുന്നത് ചെളിയും വെള്ളവും പാറകളും അതിനടിയിൽ പ്രിയപ്പെട്ടവരുടെ മൃതദേഹങ്ങളും മാത്രം. മഹാപ്രളയത്തിന് ശേഷം നമ്മൾ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണിത്, സംശയമില്ല. ഒരു ചെറു പ്രദേശത്തെ നേരിട്ട് ബാധിച്ച ദുരന്തമാകുമ്പോൾ ആഘാതവും നടുക്കവും നിസ്സഹായതയും നൂറിരട്ടിയാകുന്നു. സ്നേഹിച്ച എല്ലാവരും, സ്വരുക്കൂട്ടിയ എല്ലാ വസ്തുക്കളും, ഒടുവിൽ ചവിട്ടിനിന്ന മണ്ണും കൂടി നഷ്ടപ്പെട്ടവരാണ് ചൂരൽമലയിലും മുണ്ടക്കൈയിലും പുഞ്ചിരിമറ്റത്തിലും അവശേഷിക്കുന്നവർ.

കുടുംബത്തിലെ ഏറെപേർ പോയി, അയൽക്കാർ, സഹപാഠികൾ, നാട്ടുകാർ ഇങ്ങനെ പരിചിതമായ ലോകം കൺമുന്നിലവസാനിച്ചത് കാണാൻ വിധിക്കപ്പെട്ടവരാണവർ. ഏതാനും ദിവസം കൊണ്ട് അവിടെ കണ്ട മനുഷ്യരുടെയും ആ നാടിന്റെയും കഥപറയാൻ എന്റെ വാക്കുകൾ പോര. അത്രക്ക് വ്യാപ്തിയും ആഴവും ഉണ്ടതിന്. കണ്ണടച്ചാൽ ആ പ്രദേശവും അവിടത്തെ മനുഷ്യരുടെ മുഖങ്ങളുമാണ്. ഇനി ഒന്നേ നമുക്ക് ചെയ്യാനുള്ളൂ, അവിടെ അവശേഷിക്കുന്നവരെ കൈപിടിച്ച് ജീവിതത്തിലേക്ക് കൊണ്ടുവരണം. എല്ലാ തരത്തിലും ഒരു സമൂഹമെന്ന നിലയിലും വ്യക്തികളെന്ന നിലയിലും ആ നാടിനൊപ്പം നിൽക്കണം. ഇനിയും ഇങ്ങനെയൊരു മഹാദുഃഖം കേരളത്തിൽ ഉണ്ടാകാതിരിക്കാനുള്ള എല്ലാ മുൻകരുതലുകളും സ്വീകരിക്കണം.

എന്താണ് ഈ വൻ ഉരുൾപൊട്ടലിന് കാരണം. വൻ മഴ, പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ

പ്രത്യേകതകൾ, പാരിസ്ഥിതികമായി ദുർബലമായ ആവാസ വ്യവസ്ഥ ഇതെല്ലാം കൂടിച്ചേർന്നായിരിക്കാം മലയും പുഴയും പൊട്ടി നാടിനെ വിഴുങ്ങിയ ദുരന്തത്തിന് ഇടയാക്കിയതെന്ന് സാമാന്യമായി കരുതാം. സൂക്ഷ്മമായ കാര്യകാരണങ്ങൾ ശാസ്ത്രലോകം വിലയിരുത്തേണ്ടതാണ്. ഭൗമശാസ്ത്രപഠന കേന്ദ്രം, കേരള സർവകലാശാലയുടെ ജിയോളജി വകുപ്പ്, കുസാറ്റിലെ കാലാവസ്ഥാ പഠന കേന്ദ്രം, CWRDM തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രതിനിധികളടങ്ങുന്ന വിദഗ്ധ സംഘം അവിടെ പോകണം, കാരണങ്ങളെ കുറിച്ച് പഠിക്കണം. ഒപ്പം കേരളത്തിന്റെ മണ്ണിടിച്ചിൽ ദുരന്ത സാധ്യതകളെ കുറിച്ച് ആഴത്തിൽ പഠിച്ചിട്ടുള്ള ഡോ. ശങ്കർ, ഡോ. ജോൺ മത്തായി, ഡോ.കെ സോമൻ ഉൾപ്പെടെയുള്ളവരുടെ വിദഗ്ധാഭിപ്രായവും തേടണം.

കേരളത്തിന്റെ കാലാവസ്ഥയിൽ അനുദിനമുണ്ടാകുന്ന മാറ്റങ്ങൾ നമ്മളോരോരുത്തരും അനുഭവിച്ച് വരികയാണല്ലോ. 2017 ലെ ഓഖി മുതൽ അത് തീവ്രമായിക്കൊണ്ടിരിക്കുന്നു. അന്തരീക്ഷ താപനില കൂടുന്നു, ആനുപാതികമായി സമുദ്രത്തിന്റെ ചൂടും. പിന്നീടുണ്ടാകുന്നത് കുമ്പാര മേഘങ്ങളും ന്യൂനമർദങ്ങളും ചുഴലിക്കാറ്റുകളുമാണ്. നിലനിൽപിന് ഭീഷണിയുയർത്തുന്ന വിധത്തിലേക്ക് ഭൂമിയുടെ അന്തരീക്ഷ താപനില വർധിച്ചുകൊണ്ടിരിക്കുകയാണെന്ന മുന്നറിയിപ്പുമായി ഐക്യരാഷ്ട്ര സഭയുടെ ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച് (ഐ.പി.സി.സി.) പഠന റിപ്പോർട്ട് പുറത്തു വന്നിരുന്നു. അത് ചർച്ച ചെയ്ത രാജ്യത്തെതന്നെ ഏക നിയമനിർമ്മാണ സഭ കേരള നിയമസഭയാണ്. 2021 നവംബറിൽ പ്രതിപക്ഷം കൊണ്ടുവന്ന അടിന്തരപ്രമേയത്തിലൂടെ കേരളം നേരിടുന്നതും നേരിടാനിരിക്കുന്നതുമായ പാരിസ്ഥിതിക പ്രശ്നങ്ങളുടെ ചിത്രമാണ് ഉയർന്ന് വന്നത്. എന്തിനാണ് ഇതിപ്പോൾ പറയുന്നതെന്ന ചോദ്യം ഉയരാം. ഉത്തരം ഒന്നേ ഉള്ളൂ. ജനപ്രതിനിധികൾ, നിയമനിർമ്മാണ സഭകൾ, സർക്കാർ, ഉദ്യോഗസ്ഥർ എന്നിവർ പ്രത്യേകമായി കാലാവസ്ഥാ മാറ്റത്തെക്കുറിച്ച് അറിയണം, പഠിക്കണം, ചർച്ച ചെയ്യണം. ഇതൊന്നും ചെയ്യാതെ കേരളത്തിന് ഇനിയും മുന്നോട്ട് പോകാനാവില്ല. ദുരന്തങ്ങൾ വരുമ്പോൾ മാത്രം ഓർക്കേണ്ട വാക്കല്ല കാലാവസ്ഥാ മാറ്റം.

ഉരുൾപൊട്ടലുകളിൽ ഭൂരിഭാഗവും പശ്ചിമഘട്ട മലനിരകളുടെ ഭാഗമായുള്ള പ്രദേശങ്ങളിലാണ്. പുത്തുമലയും കവളപ്പാറയും പെട്ടിമുടിയുമെല്ലാം ഉദാഹരണം. വയനാട് മുണ്ടക്കൈയിലും പശ്ചിമഘട്ടമലനിരകളുടെ ഭാഗമായുള്ള പ്രദേശത്താണ് ഉരുൾപൊട്ടലുണ്ടായത്. പശ്ചിമഘട്ടം ദുർബലമാകുന്നതും അതിതീവ്ര മഴയുമെല്ലാം 2018 മുതൽ തുടർച്ചയായി കേരളത്തിൽ ഉരുൾപൊട്ടലുകൾ ഉണ്ടാകാൻ കാരണമാകുന്നു. ഭൂമിയുടെ ചരിവും മണ്ണിന്റെ കനവുമാണ് ഒരു ഘടകം. ഭൂമിയുടെ ചരിവ് 20 ഡിഗ്രിക്കു മുകളിലാണെങ്കിൽ അത് ഉരുൾപൊട്ടൽ സാധ്യതയുള്ള സ്ഥലമാണെന്ന് വേണം കരുതാൻ. ഭൂവിനിയോഗത്തിലെ മാറ്റങ്ങൾ, അശാസ്ത്രീയ നിർമ്മിതികൾ എന്നിവയും മണ്ണിടിച്ചിലിന് വഴിവയ്ക്കും. ഒരു ഭൂപ്രദേശം ഒന്നാകെ ഇടിഞ്ഞ് താഴുന്ന പ്രതിഭാസമായ സോയിൽ പൈപ്പിങ്ങും കേരളത്തിൽ കണ്ടുവരുന്നു.

എല്ലാത്തിന്റെയും ട്രിഗറിങ് ഘടകം അതിതീവ്ര മഴയാണെന്ന് കാണാം. ജിയോളജിക്കലായി ദുർബലവും ഏറ്റവും അപകടസാധ്യതയുള്ളതുമായ സ്ഥലങ്ങൾ അടിയന്തര പ്രാധാന്യത്തോടെ കണ്ടെത്തണം. കഴിവതും അവിടെ മനുഷ്യവാസം ഒഴിവാക്കണം. വലിയ രീതിയിലുള്ള പാരിസ്ഥിതിക പുനരുദ്ധാരണവും നടത്തിയേ മതിയാകൂ. ഹോട്ട് സ്പോട്ടുകളിലെ മഴയളവിന്റെ വിവരങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കാനും നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് ലാൻഡ് സ്ലൈഡ് പ്ലാൻ ഉണ്ടാക്കിയിരിക്കുന്നത്, 1:50,000 എന്ന അനുപാതത്തിലാണ്. അതുകൊണ്ടുതന്നെ പഞ്ചായത്ത് തലത്തിൽ മണ്ണിടിച്ചിൽ സാധ്യത കണ്ടെത്താൻ പ്രയാസമാണ്. ഇത് പുതുക്കണം. മണ്ണിടിച്ചിൽ സാധ്യതയുള്ള മേഖലകളിലെ മണ്ണുകളെ പറ്റിയും അവയുടെ ജലാഗിരണ സാധ്യതകളെപ്പറ്റിയും പഠിക്കണം. മണ്ണിന്റെ സ്വഭാവം, രൂപകല്പന എന്നിവ അടയാളപ്പെടുത്തണം. മണ്ണിടിച്ചിൽ സാധ്യതാ മാപ്പിങ് കുറ്റമറ്റതാക്കുകയാണ് വേണ്ടത്.

ഭൂമിക്കടിയിലുള്ള ബലഹീനതകൾ കണ്ടെത്തുന്നതിന് ഗ്രൗണ്ട് പെനിട്രേറ്റിങ് റഡാർ പോലുള്ള സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പ്രതിരോധ ശക്തി തിരിച്ചറിയണം. (നനഞ്ഞ മണ്ണിൽ ജി.പി.ആറിനു പരിമിതികളുണ്ട്). വൈവിധ്യങ്ങൾ നിറഞ്ഞ സാഹചര്യങ്ങളും പ്രകൃതിയുടെ വ്യത്യസ്ത അന്തരീക്ഷവും മഴയും കുന്നുകളുടെ സ്ലോപ്പിങ് സാഹചര്യവും മണ്ണുകളുടെ ശക്തി, പാറകളുടെ വിള്ളലുകൾ എന്നിവ പലവിധ ക്രമപ്പെടുത്തലുകൾക്കും സംയോജനങ്ങൾക്കും വിധേയമായി മൈക്രോ റെസെല്യൂഷൻ കമ്പ്യൂട്ടർ മാതൃകകൾ വഴി പ്രവചിക്കുന്ന മോഡലിങ് തയ്യാറാക്കണം. അതിനനുസൃതമായി ദുർബല പ്രദേശങ്ങളുടെ മാപ്പുകളും തയ്യാറാക്കണം. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗപ്പെടുത്തി മണ്ണിടിച്ചിലിനു കാരണമായേക്കാവുന്ന പാരാമീറ്ററുകളുടെ വ്യത്യസ്തങ്ങളായ ഡാറ്റ പാറ്റേണുകൾ വിശകലനം ചെയ്ത് സാധ്യതകൾ വിലയിരുത്തണം. വർഷത്തിൽ കുറഞ്ഞത് രണ്ട് തവണയെങ്കിലും മലകളുടെയും കുന്നുകളുടെയും ഭൂപ്രകൃതി വ്യതിയാനങ്ങളുടെ അസ്ഥിരതാ ലക്ഷണങ്ങൾ മനസിലാക്കുന്നതിന് വേണ്ടി റിയൽ ടൈം ഫീൽഡ് നിരീക്ഷണങ്ങൾ നടത്തണം.

ബ്രിട്ടീഷ് കാലഘട്ടം മുതൽ റോഡുകളും കെട്ടിടങ്ങളും നിർമ്മിക്കുമ്പോൾ ജലത്തിന്റെ ഒഴുക്കിന് കൂടി പ്രാധാന്യം നൽകിയിരുന്നു. എന്നാൽ നിലവിലെ നിർമ്മാണത്തിൽ ഹൈഡ്രോളിക്സ് അഥവാ വെള്ളത്തിന്റെ ഒഴുക്ക് ഒരു ഘടകമേ അല്ലാതായിരിക്കുന്നു. കാലാവസ്ഥ വ്യതിയാനത്തിന്റെയും പ്രകൃതി ദുരന്തങ്ങളുടെയും പശ്ചാത്തലത്തിൽ ഇതിനു മാറ്റം വരുത്താൻ സർക്കാർ തയ്യാറാകണം. ഇതിന് നിയമ നിർമ്മാണവും അനിവാര്യമാണ്.

ദുരന്ത നിവാരണ അതോറിറ്റി അടിമുടി മാറേണ്ടതുണ്ട്. ഇതൊരു മിനി ക്യാബിനറ്റോ പാതിവെന്ത വിദഗ്ധർക്ക് ചേക്കേറാനുള്ള ഇടമോ അല്ല. ഐ.എ.എസ് അല്ലങ്കിൽ ഐ.പി.എസ്. ഉദ്യോഗസ്ഥർ തലപ്പത്തു വരണം. ജിയോളജി, കാലാവസ്ഥാ ശാസ്ത്രം തുടങ്ങി ഹൈഡ്രോളജിയും കൃഷിശാസ്ത്രവും മെഡിസിനും

പഠിച്ചവരും സാമൂഹിക ബോധവും സംവേദന ക്ഷമതയുമുള്ള മിടുക്കരായവരെ കൊണ്ടുവരണം.

കേന്ദ്ര കാലാവസ്ഥാ വകുപ്പ്, ദേശീയ സമുദ്ര ഗവേഷണ കേന്ദ്രം, ജിയോളജിക്കൽ സർവ്വേ, ഭൗമശാസ്ത്രപഠന കേന്ദ്രം തുടങ്ങിയ ദേശീയ ഏജൻസികൾ, രാജ്യാന്തര തലത്തിലെ പഠന ഗവേഷണ സ്ഥാപനങ്ങൾ, യു.എൻ. ഏജൻസികൾ എന്നിവരുടെ പാർട്ട്ണർഷിപ്പ് നമുക്ക് ആവശ്യമാണ്. കേരള സർവകലാശാല, കുസാറ്റ്, സാങ്കേതിക സർവകലാശാല, ഐ.ഐ.ടി., എൻ.ഐ.ടി., ഫിഷറീസ് സർവകലാശാല, വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, CWRDM, കാർഷിക സർവകലാശാല, ഫോറസ്ട്രി കോളേജ് എന്നിങ്ങനെ കേരളത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെയും സർവകലാശാലകളിലെയും ഏറ്റവും മികച്ച ശാസ്ത്രജ്ഞരുടെ സേവനം നമുക്ക് തേടിയേ മതിയാകൂ. അതിന് സ്ഥിരം സംവിധാനം വേണം. വനം വകുപ്പിൽ മികച്ച ഉദ്യോഗസ്ഥരും പശ്ചിമഘട്ടത്തെക്കുറിച്ച് അറിവുള്ളവരുമുണ്ട്. അവർ എത്ര നന്നായി പ്രവർത്തിക്കുമെന്ന് വയനാട് കാണിച്ചുതന്നു. അവരുടെ പ്രാതിനിധ്യവും ദുരന്തനിവാരണ അതോറിറ്റിയിൽ വേണം. മഴക്കാലങ്ങൾ ക്രിട്ടിക്കൽ പീരിയഡുകളായി കാണണം. 24 മണിക്കൂറും ജാഗരൂകമായ സംവിധാനമാണ് നമുക്ക് വേണ്ടത്. അതോറിറ്റിയുടെ മുന്നറിയിപ്പുകൾ നടപ്പാക്കാൻ ചീഫ് സെക്രട്ടറി, ആഭ്യന്തര സെക്രട്ടറി എന്നിവർ അംഗങ്ങളായ ഉദ്യോഗസ്ഥ സംവിധാനവും വേണം. ദുരന്തനിവാരണ പ്രവർത്തനങ്ങളിലും രക്ഷാപ്രവർത്തനത്തിലും മാധ്യമങ്ങൾ വലിയ പങ്കാണ് വഹിക്കുന്നത്. മാധ്യമങ്ങളെ പടിക്ക് പുറത്ത് നിർത്തിക്കൊണ്ടുള്ള ദുരന്തനിവാരണം സാധ്യമാകില്ലെന്നതും വസ്തുതയാണ്.

കാലാവസ്ഥാ വ്യതിയാനം മൂലം സംസ്ഥാനത്ത് ഈ വേനൽക്കാലത്ത് ഉഷ്ണ തരംഗമുണ്ടായി. ഒരു നൂറ്റാണ്ടിലെ തന്നെ ഏറ്റവും ചൂടേറിയ വർഷത്തിലൂടെയാണ് നാം കടന്നുപോയത്. മാർച്ച് 11 ന് ആരംഭിച്ച ഉഷ്ണ തരംഗം 15 ലധികം ഇന്ത്യൻ സംസ്ഥാനങ്ങളെ ബാധിച്ചിട്ടുണ്ട്. സാധാരണ കേരളത്തിൽ അനുഭവപ്പെടുന്ന താപനിലയേക്കാൾ 5.5 ഡിഗ്രി സെൽഷ്യസ് കൂടുതൽ താപനിലയാണ് രേഖപ്പെടുത്തിയത്. കരയെ അപേക്ഷിച്ച് കടലിലെ ചൂട് കുറയാൻ സമയം എടുക്കും. അതുകൊണ്ട് തന്നെ വലിയ മേഘങ്ങൾ ഉണ്ടാവുകയും അത് അതിതീവ്ര മഴയും മേഘ വിസ്ഫോടനവുമായി പരിണമിക്കുകയും ചെയ്യും. ഭൂവിനിയോഗത്തിൽ അനഭിലഷണീയ മാറ്റങ്ങൾ സംഭവിച്ചിട്ടുള്ള മേഖലകളിൽ ചുരുങ്ങിയ സമയംകൊണ്ട് പെയ്യുന്ന അതിശക്തമായ മഴ മലയിടിച്ചിലിനും ഉരുൾപൊട്ടലിനും സാധ്യത വർധിപ്പിക്കുന്നു. ഏറ്റവും അപകടസാധ്യതയുള്ള ദുരന്ത മേഖലകളിൽ നിന്ന് ജനങ്ങളെ മാറ്റിപ്പാർപ്പിക്കേണ്ടതുണ്ട്. അതിന് വേണ്ടി അടിയന്തരമായ ഒഴിപ്പിക്കൽ, ഷെൽറ്റർ, മെഡിക്കൽ സംവിധാനങ്ങൾ ഒരുക്കണം. ഫയർ ഫോഴ്സിനും പൊലീസിനും വനം വകുപ്പിനും കൂടുതൽ പണവും ഉപകരണങ്ങളും നൽകുന്നതിനൊപ്പം ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പാക്കണം.

സ്വാഭാവിക വനാവരണം നഷ്ടപ്പെട്ടെന്നത് യാഥാർഥ്യമാണ്. നദികൾ ഉൾപ്പെടെയുള്ള ജലസ്രോതസുകളും നശിച്ചു. തെറ്റായ ഭൂവിനിയോഗം മുതൽ അനധികൃത ക്വാറികളും നിർമ്മാണ പ്രവർത്തനങ്ങളും മാലിന്യപ്രശ്നവും വരെ ദുരന്തങ്ങളുടെ ആക്കം കൂട്ടുന്നു എന്നതാണ് വസ്തുത. പശ്ചിമഘട്ട മലനിരകളുടെ സംരക്ഷണവും പുനഃസ്ഥാപനവും സംബന്ധിച്ച് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ട് പത്തു വർഷം പിന്നിടുമ്പോഴും പരിസ്ഥിതി പുനഃസ്ഥാപനം എന്ന ലക്ഷ്യം കൂടുതൽ ദുഷ്കരമാകുകയാണ്. മാധവ് ഗാഡ്ഗിലും കസ്തൂരിരംഗനും ഉമ്മൻ വി. ഉമ്മനുമെല്ലാം പറഞ്ഞ നിർദേശങ്ങളിൽ പ്രായോഗികമായവ കണ്ടെത്തി നടപ്പാക്കണം.

കേരളത്തിന്റെ ഭൗമ ഘടനയെ മാറ്റിമറിക്കുന്നതും ആവാസ വ്യവസ്ഥകളെ നശിപ്പിക്കുന്നതുമായ തെറ്റായ വികസന സങ്കൽപങ്ങളിൽ നിന്നും നമ്മൾ മാറിയേ തീരൂ. പാരിസ്ഥിതിക സാമൂഹിക സാഹചര്യങ്ങൾ ഉൾക്കൊള്ളുന്ന ഭൂവിനിയോഗ നയം സംസ്ഥാനത്തിന് അനിവാര്യമാണ്.

വയനാടിന്റെ നിലവിളി പാഴായി പോകരുത്. ഇനി ഒരു നാടും ഇങ്ങനെ തുടച്ചുമാറ്റപ്പെടരുത്. നമ്മുടെ സഹോദരങ്ങളെ ചെളിക്കൂമ്പാരത്തിൽ നിന്നും കുത്തിയൊഴുകുന്ന പുഴയിൽ നിന്നും പെറുക്കിയെടുക്കേണ്ട ദുരവസ്ഥ ഇനിയും ഉണ്ടാകരുത്. ഒരു വീടും കുഞ്ഞും ഇത്തരത്തിൽ നഷ്ടമാകരുത്. അതിനായി നമുക്ക് സത്യസന്ധമായും കാര്യക്ഷമമായും പ്രവർത്തിക്കണം. വയനാടിനെ ചേർത്തുപിടിക്കുകയെന്നാൽ, ഭാവി കേരളത്തെ രക്ഷിക്കുകയെന്നാണ് അർഥമെന്ന് തിരിച്ചറിയുകയും വേണം.

സ്ത്രീ സമത്വത്തിനായുള്ള പോരാട്ടം

ചിറ്റയം ഗോപകുമാർ, ഡെപ്യൂട്ടി സ്പീക്കർ

ഒരാൾക്കാകുന്നതെല്ലാം മറ്റൊരാൾക്ക് ചെയ്യാൻ കഴിയുക എന്നത് യന്ത്രങ്ങൾക്ക് മാത്രമാണ് സാധ്യമാവുക. അത്തരം യാന്ത്രിക വ്യാപാരങ്ങൾ ജീവനുള്ള ഒന്നിനും സാധ്യമല്ല. മണ്ണിൽ ഇഴയുന്ന ഒരു മണ്ണിരയ്ക്കും ഉറുമ്പിനും മനുഷ്യനും ബാധകമായ സൃഷ്ടിയുടെ ഒരു സർഗ്ഗാത്മകത ഇതിനു പിന്നിലുണ്ട്. സൃഷ്ടിയുടെ ഈ സർഗ്ഗാത്മക വ്യത്യസ്തത എല്ലാ ജീവജാലങ്ങളിലും കാണാവുന്നതാണ്. സ്ത്രീപുരുഷ അന്തരത്തിലും അത് പ്രകടമാണ്. പ്രാദേശിക സവിശേഷതകളും കാലാവസ്ഥ, പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയവയും പരിണാമ പ്രക്രിയയിൽ സ്വാധീനം ചെലുത്തിയ ഘടകങ്ങളാണ്. അതുകൊണ്ടുതന്നെ ലിംഗപരമോ വംശീയമോ ആയ ശാരീരിക-മാനസിക അന്തരം ഒരു യാഥാർഥ്യമാണ്.

സ്ത്രീ സമത്വം എന്നത് ശാരീരികമായ സമത്വമോ കായിക പ്രവർത്തനങ്ങളുടെ കാര്യത്തിലെ തൊഴിൽ സാമൂഹിക തുല്യതയോ അല്ല എന്നത് കാണേണ്ടതുണ്ട്. സ്ത്രീ സമത്വത്തിനു വേണ്ടിയുള്ള പോരാട്ടങ്ങൾ, പ്രവർത്തനങ്ങൾ എന്നിവ സമൂഹത്തിന്റെ ഉത്തരവാദിത്വമാണ് എന്ന് പൊതുവായി നമുക്ക് പറയാം. അതിനായുള്ള പോരാട്ടം യഥാർഥത്തിൽ ആ സമത്വം നേടിയെടുക്കാൻ സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവുമായ ഒരു സമൂഹത്തെ കൊണ്ടുവരാനുള്ള പോരാട്ടമാണ്. ബ്യൂറോക്രസിയുടെയും സാമൂഹിക സ്ഥാപനങ്ങളുടെയും ഫ്യൂഡൽ മനോഭാവം കാരണം ഒന്നും സ്വയം നടപ്പാക്കപ്പെടുന്നില്ല. വർഗ്ഗ വിഭജനം തുടച്ചുനീക്കുന്ന ഒരു സോഷ്യലിസ്റ്റ് സമൂഹവും ചിന്താധാരയും പ്രസക്തമാകുന്നത് ഇവിടെയാണ്.

സ്ത്രീകളോടും കുട്ടികളോടുമുള്ള അതിക്രമങ്ങൾ വർധിച്ചു വരുന്ന സാഹചര്യം നിലവിലുണ്ട് എന്നത് കാണാതെ പോകാനാകില്ല. സൈബർ ഇടങ്ങളിൽ ഏറ്റവും കൂടുതൽ ഇരയാക്കപ്പെടുന്നത് സ്ത്രീകളാണ്. നമ്മുടെ സമൂഹത്തിൽ ചൂഷണം, പീഡനം, വ്യക്തിഹത്യ, കുറ്റകൃത്യങ്ങൾ എന്നിവയുടെ കാര്യത്തിലും ഇങ്ങനെ കാണാം. സൈബർ കുറ്റകൃത്യങ്ങൾ, സാമ്പത്തിക കുറ്റകൃത്യങ്ങൾ എന്നിവ സംബന്ധിച്ച കണക്കുകൾ ഇക്കാര്യം വെളിപ്പെടുത്തുന്നതാണ്. കർശനമായ നിയമ സംവിധാനങ്ങൾ നിലനിൽക്കുമ്പോഴും പെൺ ഭ്രൂണഹത്യകൾ ഇപ്പോഴും തുടരുന്നു എന്നത് കാണാതിരിക്കാനാവില്ല. കുടുംബത്തിലും സമൂഹത്തിലും സ്ത്രീയുടെയും പുരുഷന്റെയും ധർമ്മാധർമ്മങ്ങൾ മനസ്സിൽ കുഞ്ഞുനാളിലേ അടിച്ചേൽപിക്കുന്നത് ഇന്നും തുടരുന്നു. കഴിക്കേണ്ട ഭക്ഷണം, ധരിക്കേണ്ട വസ്ത്രം, സംസാര രീതി, പെരുമാറ്റ രീതി എന്നിവയിലെല്ലാം ലിംഗവിവേചനത്തിലധിഷ്ഠിതമായ മാനദണ്ഡങ്ങളാണ് സമൂഹം നിഷ്കർഷിക്കുന്നത്. സ്ത്രീകൾ എങ്ങനെയായിരിക്കണം; എങ്ങനെയായിരിക്കരുത് എന്ന മുൻവിധികൾ ഒരു സമൂഹത്തിന്റെ രോഗാതുരത വെളിപ്പെടുത്തുന്നതാണ്. ഇത്തരം മുൻവിധികൾ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾക്കും അവകാശ ലംഘനങ്ങൾക്കും കാരണമാകും. നമ്മുടെ കുട്ടികൾ പ്രകടമായും അല്ലാതെയും സ്ത്രീവിരുദ്ധത പൊതുബോധത്തിലേക്ക് ആവാഹിക്കപ്പെടുന്ന സാഹചര്യങ്ങളിലാണ് വളർന്നു വരുന്നത്.

പാഠപുസ്തകത്തിലെ അമ്മയുടെ ചിത്രത്തിൽ അമ്മയുടെ ഇടം അടയാളപ്പെടുത്തപ്പെടുന്നത് അടുക്കളയിലാണ്. സ്ത്രീ എന്നത് അടുക്കളയിൽ ഇടപഴകേണ്ട ഒരാളാണെന്ന ധാരണയാണ് ഇത് കുട്ടിയുടെ മനസ്സിൽ പരത്തുന്നത്. ആരോഗ്യ നിലവാരം കുറയ്ക്കുന്ന അനാചാരങ്ങൾ, ജീവിതശൈലി, ശീലങ്ങൾ, എന്നിവയ്ക്ക് കൂടുതലും ഇരയാകുന്നത് സ്ത്രീകളാണ്. ലിംഗ നീതിയും സമത്വവും സ്ത്രീകളുടെ അവകാശമാണ്. വിദ്യാഭ്യാസത്തിലൂടെ നേടിയ അറിവും അനുഭവവും സ്ത്രീ സമൂഹത്തിന്റെ പുരോഗതിക്കായി ഉപയോഗിക്കാൻ നമുക്ക് കഴിയണം. നമ്മുടെ സംവിധാനങ്ങളും പൊതുബോധവും അതിനു പര്യാപ്തമാകണം.

സാമൂഹ്യ മാധ്യമങ്ങളിൽ ഇടപെടുന്ന സ്ത്രീകളെ ഒറ്റപ്പെടുത്താനും വേട്ടയാടാനും നടത്തുന്ന ശ്രമങ്ങളും പ്രത്യേകം പരിശോധിക്കേണ്ടതാണ്. പുതിയ കാലത്തിന്റെ ഒരു പ്രധാന 'ഇട' ത്തിൽ നിന്നും സ്ത്രീകളെ ഒഴിവാക്കാനും വേട്ടയാടാനും ഒരേസമയം ശ്രമിക്കുന്നു എന്നതാണ് യാഥാർഥ്യം. പുതിയ കാലത്തിന്റെ സാമൂഹ്യമാധ്യമങ്ങളും സാങ്കേതിക വിദ്യകളും സ്ത്രീകളുടെ സ്വകാര്യതയെയും സ്വൈരജീവിതത്തെയും അപായമുനയിൽ നിർത്തുന്നു. കേരളത്തിലെ സ്ത്രീ തൊഴിലാളികൾ തൊഴിലിടങ്ങളിൽ നേരിടുന്ന അതിക്രമങ്ങൾ, വിവേചനം എന്നിവ ചെറുതല്ല. പക്ഷേ ഇത്തരം സംഗതികളിൽ നമ്മുടെ ഇടപെടൽ തൃപ്തികരമാണോ എന്നത് പരിശോധിക്കേണ്ടതാണ്. തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് ഇരിക്കാനും വിശ്രമിക്കാനും അവസരം ലഭിക്കുന്നുണ്ടോ തുടങ്ങിയ കാര്യങ്ങളിലേക്കാണ് ചർച്ചകൾ പോകുന്നത് എങ്കിൽ അത് അപകടകരമായ സമൂഹ നിസ്സംഗതയാണ് എന്ന് പറയേണ്ടിവരും.

യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം (യു.എൻ.ഡി.പി.) ലിംഗ സാമൂഹിക മാനദണ്ഡ സൂചിക (GSNI) റിപ്പോർട്ട് അനുസരിച്ച് പത്തിൽ ഒമ്പത് പുരുഷന്മാരും സ്ത്രീകളോട് പക്ഷപാതം കാണിക്കുന്നു. സ്ത്രീകളുടെ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതിലുള്ള നിസ്സംഗത ഇന്ത്യയിലും മാറ്റമില്ലാതെ തുടരുകയാണ്. ഭരണഘടനയെയും നിയമസംവിധാനങ്ങളെയും ദുരുപയോഗം ചെയ്യുകയെന്നത് ഫാസിസ്റ്റ് ഭരണകൂടത്തിന്റെ മുഖമുദ്രയാണ്. അതിന് എളുപ്പത്തിൽ ഇരയാക്കപ്പെടുന്നത് സ്ത്രീകളാണ്. ഇക്കാര്യത്തിലെ ലിംഗ വിവേചനത്തിന്റെ ഫാസിസ്റ്റ് ഒളിയജണ്ടയാണ് പ്രശസ്ത എഴുത്തുകാരി അരുന്ധതി റോയിയെ യു.എ.പി.എ. പ്രകാരം പ്രോസിക്യൂട്ട് ചെയ്യാനുള്ള സമീപകാല തീരുമാനം. ജനസംഖ്യയിൽ പകുതിയിൽ കൂടുതലുള്ള, സാമൂഹ്യ ഘടനയിൽ നിർണ്ണായകസ്ഥാനത്ത് നിൽക്കുന്ന ഒരു വിഭാഗത്തിനെയും അതിന്റെ പ്രവർത്തകരെയും അപ്രസക്തമാക്കാനുള്ള



സംഘടിതശ്രമമായി മാത്രമേ ഇതിനെ കാണാനാകൂ.

സ്ത്രീകളുടെ അവസ്ഥകളും പ്രശ്നങ്ങളും ആവശ്യങ്ങളും മനസ്സിലാക്കാനും ലിംഗ പദവി സൗഹൃദമാക്കാനും സ്ത്രീപദവി പഠനം ആവശ്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സ്ത്രീകളുടെ സാമൂഹിക സാമ്പത്തിക-വൈകാരിക-ശാരീരിക-ആരോഗ്യ അവസ്ഥകളെ പഠന വിധേയമാക്കണം. ഈ പഠനത്തിലൂടെ വരുംവർഷങ്ങളിൽ സ്ത്രീകൾക്ക് അനുയോജ്യവും പ്രയോജനപ്രദവുമായ നൂതന പദ്ധതികൾ ആവിഷ്കരിക്കാനാകണം. നമ്മുടെ പദ്ധതികളും പരിപാടികളും ശരിയായ സ്ത്രീ പദവി പഠനത്തിന്റെ അടിസ്ഥാനത്തിലാണോ എന്നത് സുപ്രധാനമാണ്. സ്ത്രീ സമത്വം എല്ലാ മേഖലകളിലും ഉയർത്തിപ്പിടിക്കുന്നതിന്റെ ഭാഗമായി പുരുഷ കേന്ദ്രീകൃത പൊതുബോധത്തെ തുറന്നു കാട്ടേണ്ടതുണ്ട്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി സ്ത്രീ സമത്വത്തിനും പോരാട്ടത്തിനും ഒരു കർമ്മ പദ്ധതി ആവശ്യമല്ലേ? അത് കേവല ബോധവൽക്കരണം എന്ന തലത്തിനപ്പുറം പ്രതികരണത്തിന്റെയും പ്രതിരോധത്തിന്റെയും തലത്തിലേക്ക് ഉയരുന്നതാവണം. അതിന്റെ അഭാവം നമ്മുടെ സമൂഹത്തിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഒരു വൈദ്യശാസ്ത്ര വിദ്യാർഥിനിയുടെ ആത്മഹത്യയുടെ കാര്യത്തിലും നമ്മൾ കണ്ടതാണ്.

കുറഞ്ഞ ശമ്പളത്തിനെതിരായും ദീർഘസമയത്തെ ജോലിക്കെതിരെയും ന്യൂയോർക്കിലെ തുണിമില്ലുകളിൽ ജോലിചെയ്തിരുന്ന ആയിരക്കണക്കിന് സ്ത്രീകൾ നടത്തിയ ഐതിഹാസികമായ സമരവും പ്രക്ഷോഭവുമാണ് വനിതാ ദിനമെന്ന ആശയത്തിലേക്ക് നയിച്ചത്. 1908 മാർച്ച് 8 നായിരുന്നു ഈ സമരം. 1909 ഫെബ്രുവരി 28 ന് യുണൈറ്റഡ് സ്റ്റേറ്റ്സ് അവരോടുള്ള ആദരസൂചകമായി ദേശീയ വനിതാ ദിനം ആചരിച്ചു. ഒരു അന്തർദേശീയ ദിനമാക്കി ഈ ദിവസത്തെ മാറ്റുക എന്ന ആശയം മുന്നോട്ടുവച്ചത് ജർമ്മൻ മാർക്സിസ്റ്റ് തത്വചിന്തകയായ ക്ളാരാ സെറ്റ്കിനാണ്. 1910 ൽ ഡെന്മാർക്കിലെ കോപ്പൻ ഹേഗനിൽ നടന്ന അന്താരാഷ്ട്ര സ്ത്രീ തൊഴിലാളി കോൺഗ്രസ്സിലാണ് ഇങ്ങനെയൊരു കാര്യം ക്ളാരാ സെറ്റ്കിൻ നിർദേശിക്കുന്നത്. പതിനേഴു രാജ്യങ്ങളിൽ നിന്നുള്ള നൂറോളം പ്രതിനിധികൾ ആ തീരുമാനത്തെ ഐകകണ്ഠ്യേന അംഗീകരിച്ചു. 1911 ൽ ആസ്ട്രിയയിലും ഡെന്മാർക്കിലും ജർമ്മനിയിലും സ്വിറ്റ്സർലൻഡിലും ആദ്യമായി ലോക വനിതാ ദിനം ആഘോഷിക്കപ്പെട്ടു. 1975 മുതലാണ് ഐക്യരാഷ്ട്ര സംഘടന മാർച്ച് 8 അന്താരാഷ്ട്ര വനിതാ ദിനമായി ആചരിക്കാൻ തുടങ്ങിയത്. 1996 മുതൽ അന്താരാഷ്ട്ര വനിതാ ദിനത്തിന് വർഷാവർഷം ഓരോ തീമും നിർദേശിക്കപ്പെട്ടു. ആദ്യത്തെ തീം, 'Celebrating the Past, Planning for the Future' എന്നതായിരുന്നു. സ്ത്രീസ്വാതന്ത്ര്യവും മതദർശനങ്ങളും എന്നത് ആഴത്തിൽ പരിശോധിക്കപ്പെടേണ്ടുന്ന ഒരു വിഷയമാണ്. വർണ്ണ-ജാതി -പ്രത്യയശാസ്ത്രവും പൗരോഹിത്യ ആൺകോയ്മയും ഉൾപ്പെടെ വിഷയമാകേണ്ടുന്ന ഒരു പരിശോധനയാണത്. അതിലേക്കു ഞാൻ കടക്കുന്നില്ല.

സ്ത്രീകളുടെ സാമ്പത്തിക, സാമൂഹിക, തൊഴിൽ ശാക്തീകരണത്തിന്റെ ഏറ്റവും മികച്ച മാതൃകയാണ് കേരളത്തിൽ നടപ്പാക്കപ്പെടുന്ന കുടുംബശ്രീ. ലോകശ്രദ്ധയാകർഷിച്ച കേരളത്തിന്റെ ഈ സാമൂഹ്യ വികസന മാതൃക സ്ത്രീകളുടെ സാമൂഹിക ശാക്തീകരണത്തിൽ അധിഷ്ഠിതമാണ്. സ്ത്രീകളുടെ ബഹുമുഖ വികസന മുന്നേറ്റങ്ങളിൽ ചരിത്രമെഴുതിയ കേരളം വിഭാവനം ചെയ്യുന്ന സ്ത്രീസൗഹൃദ നവകേരളത്തിന് സ്ത്രീകളുടെ അവകാശങ്ങൾ സ്വാഭാവിക പ്രക്രിയയിലൂടെ നേടിയെടുക്കാനാകും. കേരളത്തിലെ ഗ്രാമ, നഗര മേഖലകളിൽ മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതി ഉണ്ടെങ്കിലും മികച്ച ഗാർഹിക പരിചരണം നൽകാൻ കഴിയുന്ന സംവിധാനങ്ങൾ ലഭ്യമാകാതെ പോകുന്ന അവസ്ഥയുണ്ട്. വീട്ടിൽ കിടപ്പുരോഗികളും ഭിന്നശേഷിക്കാരും ഉള്ളതിനാൽ ജോലിക്ക് പോകാൻ കഴിയാത്ത അനേകം സ്ത്രീകളുമുണ്ട്. ദൈനംദിന ജീവിതത്തിൽ മറ്റൊരാളുടെ സഹായം ആവശ്യമായിവരുന്ന കുടുംബങ്ങൾക്ക് പ്രൊഫഷണൽ സേവനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതിനായാണ് കുടുംബശ്രീയുടെ കെ ഫോർ കെയർ പദ്ധതി. പ്ലാസ്റ്റിക് മാലിന്യം ഉൾപ്പെടെ വീടുകളിൽ നിന്നടക്കം ശേഖരിച്ച് ക്ളീൻ കേരള കമ്പനിക്ക് കൈമാറിയതിലൂടെ 2023-24 സാമ്പത്തിക വർഷം സംസ്ഥാനത്തെ ഹരിത കർമ്മ സേനാംഗങ്ങൾക്ക് ലഭിച്ചത് 9.79 കോടി രൂപയാണ്. ഇവർ ശേഖരിക്കുന്ന മാലിന്യം ശുചിത്വ മിഷന് കീഴിലുള്ള ക്ലീൻ കേരള കമ്പനി, റീസൈക്കിൾ ചെയ്ത് മൂല്യവർധിത ഉൽപന്നങ്ങളായി മാറ്റുന്നതിന് വിവിധ ഏജൻസികൾക്ക് വിൽക്കും. ഇതിലൂടെ ലഭിക്കുന്ന വരുമാനമാണ് കമ്പനി ഹരിത കർമ്മ സേനയ്ക്ക് നൽകുന്നത്. ക്ലീൻ കേരള കമ്പനി മാതൃകയിൽ മാലിന്യസംസ്കരണത്തിന് പ്രത്യേക കമ്പനി സ്ഥാപിക്കാനൊരുങ്ങുകയാണ് തമിഴ്നാട്.

യു.എൻ.ഡി.പി. പുറത്തിറക്കിയ 2016 ലെ മാനവ വികസന സൂചിക പ്രകാരം ലിംഗ അസമത്വ സൂചികയിൽ 158 രാഷ്ട്രങ്ങളുടെ പട്ടികയിൽ ഇന്ത്യ 125 ാം സ്ഥാനത്താണ്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് പരിശോധിക്കുമ്പോൾ ഇന്ത്യ ആഗോള ശരാശരിയേക്കാൾ വളരെ പിന്നിലാണ്. 2011-12 ലെ കണക്കുകൾ പ്രകാരം ഇന്ത്യയിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 33% മാത്രമാണ്. ഏഷ്യയിലെ മറ്റ് പല വികസ്വര രാജ്യങ്ങളുടേതിനേക്കാളും കുറവാണിത്. ആഗോള തലത്തിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 50%ന് മുകളിലാണ്. വിദ്യാഭ്യാസത്തിലെ ലിംഗ അസമത്വം കുറയുമ്പോഴും സ്ത്രീകളും പുരുഷന്മാരും തമ്മിലുള്ള വരുമാന വിടവ് തുടരുന്നു. ഓക്സ്ഫാം ഇന്ത്യ വിവേചന റിപ്പോർട്ട് 2023 വെളിപ്പെടുത്തുന്നത്, സ്ത്രീകൾ വീട്ടുജോലികൾക്കും പരിചരണ ജോലികൾക്കുമായി ആറിരട്ടി കൂടുതൽ സമയം ചെലവഴിക്കുന്നു എന്നാണ്. ഇത് വരുമാന അസമത്വവും ലിംഗപരമായ പക്ഷപാതവും തമ്മിലുള്ള ബന്ധത്തെ കാണിക്കുന്നു. 2024 ജൂൺ 12 ന്

ലോക സാമ്പത്തിക ഫോറം പുറത്തിറക്കിയ ആഗോള ലിംഗ വിടവ് റിപ്പോർട്ടനുസരിച്ച് ലിംഗഭേദത്തിൽ 146 രാജ്യങ്ങളിൽ 129 ാം റാങ്കിലുള്ള ഇന്ത്യ മുൻവർഷത്തെ അപേക്ഷിച്ച് രണ്ട് റാങ്കുകൾ താഴെയാണ്.

കേരളത്തിൽ സ്ത്രീകൾ കൂടുതൽ വിദ്യാസമ്പന്നരും ശാക്തീകരിക്കപ്പെട്ടവരുമാണെന്നും മാനവ വികസന സൂചികകളിലെ കേരളത്തിന്റെ മികച്ച പ്രകടനത്തിൽ ഇതു പ്രതിഫലിക്കുന്നുണ്ടെന്നും ചുമതലയേറ്റ ശേഷം ആദ്യമായി കേരളത്തിലെത്തിയ രാഷ്ട്രപതി ദ്രൗപതി മുർമു അഭിപ്രായപ്പെട്ടിരുന്നു. സ്ത്രീകളുടെ ഉന്നമനത്തിനായി വനിതാ ശിശു വികസന വകുപ്പ് രൂപീകരിക്കുകയും ജെൻഡർ ബജറ്റ് നടപ്പിലാക്കുകയും ചെയ്തത് മാത്രമല്ല സ്ത്രീലിംഗത്തിൽ രാജ്യത്ത് ആദ്യമായി നിയമം പാസാക്കാനും കേരളത്തിന് സാധിച്ചു. സമൂഹത്തിന്റെ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച സ്ത്രീകളെ ആദരിക്കുക, സ്ത്രീകളുടെ ഉന്നമനത്തിനായുള്ള പദ്ധതി, നയരൂപീകരണത്തിനുതകുന്ന ഗവേഷണ പ്രവർത്തനങ്ങൾ, സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ തുടങ്ങിയവയും കേരളത്തിലെ സ്ത്രീ മുന്നേറ്റത്തിൽ സുപ്രധാന പങ്ക് വഹിക്കുന്നു. ഗാർഹിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് വരുമാനം ഉറപ്പുവരുത്തുന്ന ഒരു പദ്ധതിയുമായി കേരള സർക്കാർ മുന്നോട്ടു പോവുകയാണ്. കേരളം നടപ്പിലാക്കി വരുന്ന അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും സ്ത്രീകൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും സാമൂഹിക പദവിയും ഉറപ്പുവരുത്തുന്നതിന് സഹായകരമാവും.

സ്ത്രീ സ്വാതന്ത്ര്യം, ലിംഗസമത്വം എന്നിവ ഭൗതിക ഘടകങ്ങളെ മാത്രം വിലയിരുത്തി നിർണ്ണയിക്കാവുന്നതല്ല. അത് സമൂഹത്തിന്റെ മാനസിക ഘടനയിൽ നിന്നും പൊതുബോധത്തിൽ നിന്നും ഉരുത്തിരിഞ്ഞു വരേണ്ടതാണ്. അത്തരം ഒരു ആന്തരികമായ സാമൂഹിക പരിവർത്തനത്തിന് ദേശീയപ്രസ്ഥാനം നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. ഇന്ത്യൻ ദേശീയപ്രസ്ഥാനം എന്നത് സവിശേഷമായ ഒരു ഘടനാ വിന്യാസമായിരുന്നു. അത് വിവിധ വിചാരധാരകളെ സ്വാംശീകരിച്ച് വിവിധ ഘട്ടങ്ങളിലൂടെ ഉരുത്തിരിഞ്ഞു വന്നതാണെന്ന് കാണാം. സാമൂഹ്യ പരിഷ്കരണം, സ്ത്രീകളുടെ സാമൂഹിക പദവി എന്നിവ നമ്മുടെ ദേശീയത സംബന്ധിച്ച സംവാദങ്ങളിലെ മുഖ്യ അജൻഡയായിരുന്നു. പുരുഷമേധാവിത്വം നിറഞ്ഞുനിന്ന ഒരു സാമൂഹ്യ വ്യവസ്ഥയിലും സാമൂഹ്യപരിഷ്കരണ വേദികളിലും സാമ്രാജ്യത്വ വിരുദ്ധ പോരാട്ടങ്ങളിലും സ്ത്രീകൾ സജീവമായി നിലകൊണ്ടു എന്നത് ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ സവിശേഷതയാണ്. ശൈശവ വിവാഹത്തിനെതിരെ ശക്തമായ പ്രതിരോധം ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി ഉയർന്നുവരികയുണ്ടായി. ബൗദ്ധികവും സർഗ്ഗാത്മകവുമായ രചനകളിലും സ്ത്രീ പങ്കാളിത്തം ഉയർന്നുവരാൻ ദേശീയ പ്രസ്ഥാനവും അതിന്റെ ആശയപ്രചാരണവും കാരണമായി.

ദേശീയ പ്രസ്ഥാനത്തിന്റെ വിവിധ ഘടകങ്ങൾ പരിശോധിച്ചാൽ അതിന്റെ വളർച്ചയോടൊപ്പംതന്നെ സ്ത്രീ മുന്നേറ്റങ്ങളും കാണാവുന്നതാണ്. സരളാദേവി ചൗഥുറാണി നേതൃത്വം നൽകിയ ഭാരത സ്ത്രീ മഹാമണ്ഡലം ആദ്യകാല വനിതാ സംഘടനകളിലൊന്നായിരുന്നു. 1910 ൽ സ്ഥാപിക്കപ്പെട്ട ഈ സംഘടന സ്ത്രീവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് നിർണ്ണായകമായ സംഭാവന നൽകിയിട്ടുണ്ട്. ടാഗോർ കുടുംബത്തിന്റെ പെരുമ ഇന്ത്യാ ചരിത്രം രേഖപ്പെടുത്തിയപ്പോൾ ടാഗോറിന്റെ അനന്തരവളായ സരളാദേവിക്ക് അർഹമായ പരിഗണന ലഭിച്ചോ എന്നതും പരിശോധിക്കപ്പെടേണ്ടതാണ്. 19 ാം വയസ്സിൽ ദേശീയ മാധ്യമങ്ങളുടെ എഡിറ്ററായി പ്രവർത്തിച്ചിരുന്ന അവർ 1895 കളോടെ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൽ

സജീവമായി. ടാഗോർ കുടുംബത്തിന്റെ പൊതുവായ കാഴ്ചപ്പാടുകളിൽ നിന്നും വ്യത്യസ്തമായി വിപ്ലവത്തിന്റെ പോരാട്ട പാതയാണ് അവർ സ്വീകരിച്ചത്. ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൽ വേണ്ടത്ര രേഖപ്പെടുത്തപ്പെടാത്ത എത്രയോ സ്ത്രീകളുണ്ട്. അവരുടെ ത്യാഗോജ്ജ്വലമായ പോരാട്ടങ്ങളുടെ ചരിത്രം കൂടിയാണ് ദേശീയ സ്വാതന്ത്ര്യ സമര ചരിത്രം. ഹോം റൂൾ ആശയവും ഭരണഘടനയും മുന്നോട്ടുവച്ച് ആനി ബസന്റ് ദേശീയ സ്വാതന്ത്ര്യ സമരത്തിന് ദിശാബോധം നൽകി. ആനി ബസന്റിന്റെ സഹപ്രവർത്തകയായ മാർഗരറ്റ് കസിൻസാണ് ഇന്ത്യൻ വനിതാ വോട്ടവകാശ ബില്ലിന് രൂപം നൽകിയത്. വിമൻസ് ഇന്ത്യൻ അസോസിയേഷന് രൂപം നൽകിയതും മാർഗരറ്റ് കസിൻസാണ്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തോടെ ദേശീയ പ്രസ്ഥാനത്തിന്റെ സമരനായികയായി സരോജിനി നായിഡു ജ്വലിച്ചുനിന്നു.

നമ്മുടെ ദേശീയ സ്വാതന്ത്ര്യ സമര ചരിത്രം പെൺ പോരാട്ടങ്ങളുടെയും സ്ത്രീ വിമോചനത്തിന്റെയും ചരിത്രം കൂടിയാണ്. അത്തരം ആഴത്തിലുള്ള വായനകൾ കാലം ആവശ്യപ്പെടുന്നുണ്ട്. ദേശീയ സ്വാതന്ത്ര്യ സമരത്തിലെ സ്ത്രീ സാന്നിധ്യങ്ങൾ പ്രധാനമായും ഉയർന്ന മധ്യവർഗ്ഗത്തിന്റേതായിരുന്നു. എന്നാൽ സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ പോരാട്ടങ്ങളുടെ കനൽവഴികളിൽ അടിച്ചമർത്തപ്പെട്ട സ്ത്രീപക്ഷത്തിന്റെ ശബ്ദവും ഉയർന്നു കേൾക്കാം. രാജ്യത്തിനാകെ മാതൃകയാകുന്നവിധം സ്ത്രീപക്ഷ മുന്നേറ്റങ്ങളിൽ കേരളത്തിന്റെ പങ്കാളിത്തവും സുപ്രധാനമാണ്. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായ സാമൂഹിക പരിവർത്തന പ്രക്രിയയും നവോത്ഥാന മൂല്യവത്ക്കരണവും സ്വാതന്ത്ര്യാനന്തരവും കേരളത്തിന്റെ സാമ്പത്തിക, സാമൂഹിക ആസൂത്രണത്തിൽ പ്രധാന പരിഗണനാവിഷയമായിരുന്നു. കേരളത്തിലെ ആദ്യ കമ്മ്യൂണിസ്റ്റ് സർക്കാർ നടപ്പിലാക്കിയ, ലോകവും കാലവും അടയാളപ്പെടുത്തിയ നിയമ നിർമ്മാണങ്ങളിലൂടെയാണ് സാമൂഹിക വികസന സൂചികകളിൽ കേരളത്തിന് ഉയർന്ന സ്ഥാനം കൈവരിക്കാനും അത് നിലനിർത്താനും കഴിഞ്ഞതും കഴിയുന്നതും.

ചരിത്രത്തിന്റെ വിവിധ കാലഘട്ടങ്ങളിൽ സ്ത്രീശാക്തീകരണത്തിന്റെ തിളക്കമാർന്ന മാതൃകകൾ കേരളത്തിന്റെ സാമൂഹ്യ ഘടനയിലെ ഓരോ വിഭാഗത്തിലും കാണാം. ആയോധന കലയിലൂടെ സ്വയംസഹായത്തിന്റെ ഉജ്ജ്വലമായ മാതൃകയാണ് ഉണ്ണിയാർച്ച മുന്നോട്ടുവച്ചത്. വസ്ത്രധാരണം ഉൾപ്പെടെയുള്ള വ്യക്തിപരമായ കാര്യങ്ങളിൽ, ദളിത് സ്ത്രീകളുടെ മേൽ അടിച്ചേൽപ്പിക്കപ്പെട്ട അന്യായമായ ആചാരങ്ങൾക്കെതിരെ പ്രതിഷേധിച്ചാണ് നങ്ങേലി തന്റെ ജീവൻ ബലിയർപ്പിച്ചത്. രാജ്യത്തിന്റെ ഭരണഘടനാ നിർമ്മാണ സഭയിലുണ്ടായിരുന്ന പതിനഞ്ച് വനിതാ അംഗങ്ങളിൽ മൂന്നുപേർ കേരളത്തിൽ നിന്നുള്ളവരാണ്. അമ്മു സ്വാമിനാഥൻ, ദാക്ഷായണി വേലായുധൻ, ആനി മസ്ക്രീൻ എന്നിവർ അവരുടെ കാലത്തെക്കാൾ ഏറെ മുന്നിൽ സഞ്ചരിച്ചവരായിരുന്നു. ഭരണഘടനാ നിർമ്മാണ സഭയിലേക്കു തെരഞ്ഞെടുക്കപ്പെട്ട ഏക ദളിത് വനിതയായിരുന്നു ദാക്ഷായണി വേലായുധൻ. കരട് ഭരണഘടനയുടെ ചർച്ചയിൽ പങ്കെടുത്ത ദാക്ഷായണി വേലായുധൻ ചൂണ്ടിക്കാണിച്ചത്, ഭരണഘടന വിഭാവനം ചെയ്യുന്ന കേന്ദ്രീകൃത ഭരണവ്യവസ്ഥയുടെ അപകടത്തെക്കുറിച്ചും ഗവർണ്ണർ പദവിയുടെ ദുരുപയോഗസാധ്യതയെക്കുറിച്ചുമാണ്. ഭരണഘടനയെ ജനഹിതത്തിന് വിധേയമാക്കണമെന്നും അവരാവശ്യപ്പെട്ടു.

നമ്മുടെ സാമൂഹിക ഘടനയിൽ ആൺ പെൺ വേർതിരിവ് ശക്തമാണ്. പുരുഷ കേന്ദ്രീകൃതമായ ഒരു കുടുംബവ്യവസ്ഥ എന്നതിൽ ഇനിയും മാറ്റം വരേണ്ടതുണ്ട്. സമൂഹത്തിൽ സ്ത്രീകൾക്ക് തുല്യനീതി എന്നതിലേക്ക് എത്തിച്ചേരുവാൻ നമുക്കിനിയും മുന്നോട്ട് പോകേണ്ടതുണ്ട്. പെൺകുട്ടികൾക്കായുള്ള വിദ്യാഭ്യാസ ചെലവ് പാഴ്ച്ചെലവാണ് എന്ന ചിന്താഗതി പല ഇന്ത്യൻ സംസ്ഥാനങ്ങളിലും ചില ജാതി, മത, കുടുംബ വ്യവസ്ഥിതികളിലും നിലനിൽക്കുന്നു. ഒരു പെൺകുട്ടി ജനനം മുതൽ തന്നെ ലിംഗവിവേചനത്തിന് വിധേയമാക്കപ്പെടുന്ന സാമൂഹിക ക്രമത്തിന് മാറ്റം വരേണ്ടതുണ്ട്.

'ബേട്ടി ബച്ചാവോ; ബേട്ടി പഠാവോ' തുടങ്ങിയ പദ്ധതികൾ ഇപ്പോഴും നിലനിൽക്കുന്ന ലിംഗവിവേചന സാഹചര്യങ്ങളിലേക്കാണ് വിരൽ ചൂണ്ടുന്നത്. നമ്മുടെ ദേശീയ പ്രസ്ഥാനവും അതിന്റെ പ്രത്യയശാസ്ത്രവും മുന്നോട്ടുവച്ച സ്ത്രീ സമത്വ ദർശനവും കർമ്മപരിപാടികളും തുടരേണ്ടതുണ്ട്.

ഒരു സ്തീയുടെ വ്യക്തിസ്വാതന്ത്ര്യം എന്നത് ആഴത്തിൽ പരിശോധിക്കേണ്ടതാണ്. തൊഴിൽ, വിദ്യാഭ്യാസം, വരുമാനം എന്നിവയുടെ കാര്യത്തിൽ മെച്ചപ്പെട്ട സ്ഥിതിയിലുള്ള ഒരു സ്ത്രീയുടെ കാര്യത്തിലും വ്യക്തി സ്വാതന്ത്ര്യത്തിന് പരിമിതികളുണ്ട്. സമൂഹത്തിൽ ഒറ്റയ്ക്ക് താമസിക്കുന്ന ഒരു സ്ത്രീയെ സമൂഹം എപ്രകാരം വീക്ഷിക്കുന്നു എന്നത് പരിശോധിക്കേണ്ടതുണ്ട്. തനിച്ച് കുടുംബം പുലർത്തി ജീവിക്കുന്ന സ്ത്രീകളും ഒറ്റപ്പെടുത്തലിനും മാനസിക സംഘർഷങ്ങൾക്കും പലതരത്തിൽ വിധേയമാകുന്നു. ഏകയായ സ്ത്രീയെക്കുറിച്ചുള്ള വികലമായ സാമൂഹ്യകാഴ്ചപ്പാട് തിരുത്തപ്പെടേണ്ടതുണ്ട്. അത്തരം തിരുത്തലുകളിലൂടെ മാത്രമേ സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കാൻ കഴിയൂ. സ്ത്രീകളുടെ അവസ്ഥ മെച്ചപ്പെടാതെ ലോകക്ഷേമം സാധ്യമല്ലെന്ന് സ്വാമി വിവേകാനന്ദൻ പറഞ്ഞിട്ടുണ്ട്. ഒരു പക്ഷിക്കും ഒരു ചിറക് ഉപയോഗിച്ച് പറക്കാനാവില്ല. സ്വന്തം കുടുംബത്തെ മാത്രമല്ല, ലോകത്തെ തന്നെ നയിക്കാൻ പ്രാപ്തമാണ് സ്ത്രീശക്തി എന്ന സ്വാമി വിവേകാനന്ദന്റെ പരാമർശം ഉൾച്ചേരുന്നതാകണം നമ്മുടെ വികസന തത്വശാസ്ത്രം. അത് തന്നെയാകണം, നമ്മുടെ പൊതുബോധത്തിന്റെ അന്തർധാരയും ദാർശനിക തലവും.

ദുരന്തഭൂമിയിൽ നിറകണ്ണുകളോടെ

ഒറ്റരാത്രി കൊണ്ട് ഒരു നാടും നൂറുകണക്കിന് ജീവിതങ്ങളും ഉരുൾപൊട്ടലിൽ ഒലിച്ചുപോയ വയനാട്ടിലെ ദുരന്തഭൂമി സന്ദർശിച്ച് നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ. ദുരിതാശ്വാസ ക്യാമ്പുകളിൽ തീരാവേദനയുമായി ഉറ്റവരും ഉടയവരും നഷ്ടമായവരുടെ അരികിൽ സാന്ത്വനവുമായി എത്തിയ സ്പീക്കർ ദുരിതബാധിതരുടെ കുടുംബങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ എത്തിക്കുമെന്നും അവരെ സാധാരണ ജീവിതത്തിലേക്ക് തിരികെ എത്തിക്കാൻ ആവശ്യമായ എല്ലാ ഇടപെടലുകളും നടത്തുമെന്നും അറിയിച്ചു. പരിക്കേറ്റവരെ സന്ദർശിച്ച അദ്ദേഹം ജീവൻ നഷ്ടമായവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു.

ആരവങ്ങളോടെ അത്തച്ചമയ ഘോഷയാത്ര

മലയാളികളുടെ ദേശീയ ഉത്സവമായ ഓണത്തിന് തുടക്കംകുറിച്ച് തൃപ്പൂണിത്തുറയിൽ വർണ്ണാഭമായ അത്തച്ചമയ ഘോഷയാത്ര നടന്നു. അത്തം നഗറിൽ നടന്ന ചടങ്ങിൽ നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ നിലവിളക്ക് കൊളുത്തി ആഘോഷങ്ങളുടെ ഉദ്ഘാടനം നിർവ്വഹിച്ചു. സ്നേഹവും ഐക്യവുമുള്ള നാടാണ് കേരളമെന്നും നാടൊന്നായി വരവേൽക്കുന്ന ഇത്തരം ആഘോഷങ്ങൾ ഐക്യത്തിന്റെയും ഒത്തു ചേരലുകളുടെയും സന്ദേശമാണ് ഉയർത്തുന്നതെന്നും ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. ലോകപ്രശസ്തമായ തൃപ്പൂണിത്തുറ അത്തച്ചമയ ആഘോഷങ്ങളോടെ കേരളം ഓണാവേശത്തിലേക്ക് കടക്കുകയാണെന്നും എള്ളോളമില്ലാ പൊളിവചനം എന്ന് പറയാൻ ഇന്ന് മലയാളിക്ക് കഴിയില്ലെന്നും പരസ്പരം പഴിചാരാതെയും കുറ്റപ്പെടുത്താതെയും മുന്നോട്ട് പോകാൻ നമുക്ക് കഴിയണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. നാടൻ കലാരൂപങ്ങളും നിശ്ചല ദൃശ്യങ്ങളും അണിനിരന്ന വർണ്ണാഭമായ ഘോഷയാത്രയാണ് തൃപ്പൂണിത്തുറയിൽ നടന്നത്.

സ്പീക്കറുടെ പൊതു പരിപാടികൾ

2024 ലെ ഡോ. വർഗീസ് കുര്യൻ അവാർഡ് സമർപ്പിച്ചു

കോഴിക്കോട് സിറ്റി സർവീസ് സഹകരണ ബാങ്ക് മലബാർ മേഖലയിലെ ഏറ്റവും മികച്ച ക്ഷീരോത്പാദക സഹകരണ സംഘത്തിന് നൽകി വരുന്ന *ഡോ. വർഗീസ് കുര്യൻ അവാർഡ്* 2024 വർഷം പാലക്കാട് ചപ്പക്കാട് ക്ഷീരോത്പാദക സഹകരണ സംഘത്തിന് സ്പീക്കർ എ. എൻ. ഷംസീർ സമ്മാനിച്ചു. ഒരു ലക്ഷം രൂപയും ഫലകവും അടങ്ങുന്നതാണ് അവാർഡ്. ഇന്ത്യൻ സഹകരണ പ്രസ്ഥാനത്തിന്റെ ജീവനാഡിയും ഇന്ത്യയുടെ പാൽക്കാരൻ എന്നും അറിയപ്പെടുന്ന ഡോ. വർഗീസ് കുര്യന്റെ പേരിൽ നൽകി വരുന്നതാണ് ഈ അവാർഡ്. ബാങ്ക് ചെയർപേഴ്സൺ പ്രീത മനോജ് അധ്യക്ഷയായിരുന്ന ചടങ്ങിൽ ബാങ്ക് ഭാരവാഹികൾ, ജനപ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ...

കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നടപടി

എ. എൻ. ഷംസീർ, തലശ്ശേരി

നിർദ്ദിഷ്ട കുടിവെള്ള പദ്ധതി പ്രദേശങ്ങൾ സ്പീക്കർ എ.എൻ. ഷംസീർ സന്ദർശിച്ചപ്പോൾ

തലശ്ശേരി മണ്ഡലത്തിൽ അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ ഉൾപ്പെടെയുള്ളവരുമായി സ്പീക്കർ എ.എൻ. ഷംസീർ യോഗം ചേർന്നു. തലശ്ശേരിയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമെന്ന് യോഗത്തിൽ മന്ത്രി അറിയിച്ചു. മലബാർ കാൻസർ സെന്റർ സ്ഥിതി ചെയ്യുന്ന കോടിയേരി, പാറാൽ, മാടപ്പീടിക, പാഴ്സിക്കുന്ന് എന്നീ പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമായ പശ്ചാത്തലത്തിലാണ് സ്ഥലം എം.എൽ.എ. കൂടിയായ സ്പീക്കർ അടിയന്തരയോഗം വിളിച്ചത്.

അമൃത് പദ്ധതിയോടൊപ്പം സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്ന് ആറ് കോടി രൂപ ഇതിനായി അനുവദിക്കുന്നതിനും കുടിവെള്ള ക്ഷാമം ഉള്ള മേഖലകളിൽ വെള്ളമെത്തിക്കുന്നതിനും ഉയർന്ന സ്ഥലങ്ങളിൽ ജലലഭ്യത ഉറപ്പാക്കുന്നതിന് ടാങ്ക് സ്ഥാപിക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതിനും യോഗം തീരുമാനിച്ചു. ഇതിന്റെ ഭാഗമായി നിർദ്ദിഷ്ട കുടിവെള്ള പദ്ധതി പ്രദേശങ്ങൾ സ്പീക്കർ സന്ദർശിച്ചു. ജലവിഭവ വകുപ്പ് ഉദ്യോഗസ്ഥർ, തലശ്ശേരി നഗരസഭ വൈസ് ചെയർമാൻ തുടങ്ങിയവർ ഒപ്പമുണ്ടായിരുന്നു.

താരപ്പകിട്ടോടെ വീണ്ടുമെത്തി തലശ്ശേരിയിലെ താരങ്ങൾ...

എ. എൻ. ഷംസീർ, തലശ്ശേരി

എസ്.എസ്.എൽ.സി, പ്ലസ് 2 പരീക്ഷകളിൽ ഉന്നത വിജയം നേടിയ തലശ്ശേരിയിലെ സ്കൂളുകളെയും കുട്ടികളെയും അനുമോദിക്കുന്ന പരിപാടി 'തലശ്ശേരിയിലെ താരങ്ങൾ' 2024 ആഗസ്റ്റ് 27 ന് കോടിയേരി ബാലകൃഷ്ണൻ സ്മാരക മുനിസിപ്പൽ ടൗൺ ഹാളിൽ നടന്നു. കെട്ടിലും മട്ടിലും മികവ് പുലർത്തി മികച്ച രീതിയിൽ നടത്തിവരുന്ന തലശ്ശേരിയിലെ താരങ്ങളുടെ ഒത്തുകൂടലിന്റെ പ്രചാരണപരിപാടികളിൽ ഇത്തവണ കുട്ടികളും പി.ടി.എ. യും പങ്കാളികളായി. പ്രചാരണ വീഡിയോകളിൽ കുട്ടികളും രക്ഷാകർത്താക്കളുമൊക്കെ ഭാഗഭാക്കാവുന്നത് ഒരു പുതിയ കാഴ്ചയായി.

യാത്രാക്ലേശം പരിഹരിക്കാൻ ജനകീയ സദസ്സ്

ചിറ്റയം ഗോപകുമാർ, അടൂർ

പൊതുഗതാഗത സംവിധാനം ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയ ബസ് റൂട്ടുകൾ നിർദേശിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ജനകീയ സദസ്സ് അടൂരിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ ഉദ്ഘാടനം ചെയ്തു. അടൂർ താലൂക്കിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളും സ്വകാര്യ ബസ്സുകളും കുറവായതു മൂലം യാത്രാക്ലേശം രൂക്ഷമാണ്. പുതിയ ബസ് റൂട്ടുകൾ തുടങ്ങേണ്ട സ്ഥലങ്ങളുടെ വിവരങ്ങളും ഇത് സംബന്ധിച്ച നിർദേശങ്ങളുമാണ് ജനകീയ സദസ്സിൽ ചർച്ച ചെയ്തത്. ഗതാഗത വകുപ്പ് സംസ്ഥാനത്തുടനീളം ജനകീയ സദസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്.

അംബേദ്കർ ഗ്രാമവികസന പദ്ധതി

കെ. ശാന്തകുമാരി, കോങ്ങാട്

കോങ്ങാട് നിയോജകമണ്ഡലത്തിലെ പറളി ഗ്രാമപഞ്ചായത്തിൽ പട്ടികജാതി, പട്ടികവർഗ വികസന വകുപ്പ് നടപ്പാക്കിയ ദേവസ്വം പറമ്പ്, ചേങ്ങോട്, വലിയ പറമ്പ് അംബേദ്കർ ഗ്രാമ വികസന പദ്ധതി പൂർത്തീകരിച്ചതിന്റെ ഉദ്ഘാടനം 2024 ജൂലൈ 29ന് പട്ടികജാതി, പട്ടികവർഗ, പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി ഒ. ആർ. കേളു നിർവഹിച്ചു. ചടങ്ങിൽ കെ. ശാന്തകുമാരി എം.എൽ.എ. അധ്യക്ഷത വഹിച്ചു.

ഓണം ഖാദി മേള ഉദ്ഘാടനം

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ നേതൃത്വത്തിൽ 'ഓണം ഖാദി മേള' യുടെ പാലക്കാട് ജില്ലാതല ഉദ്ഘാടനം വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി നിർവഹിച്ചു. ചടങ്ങിൽ കെ. ശാന്തകുമാരി എം.എൽ.എ. അധ്യക്ഷത വഹിച്ചു.

കരിമ്പ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന് പുതിയ കെട്ടിടം



കരിമ്പ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ പുതിയ കെട്ടിടത്തിന്റെ നിർമ്മാണോദ്ഘാടനം കെ. ശാന്തകുമാരി എം.എൽ.എ. നിർവഹിച്ചു. കരിമ്പ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷത വഹിച്ച ചടങ്ങിൽ വൈസ് പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് അംഗം എന്നിവർ പങ്കെടുത്തു.

ഗ്രാമ സേവാ സമിതി ഗ്രന്ഥശാലയ്ക്ക് പുതിയ മന്ദിരം

വി. കെ. പ്രശാന്ത്, വട്ടിയൂർക്കാവ്

പേരൂർക്കട, അമ്പലമുക്ക് എൻ.സി.സി. റോഡിൽ ഗ്രാമ സേവാ സമിതി ഗ്രന്ഥശാലയുടെ പുതിയ മന്ദിരത്തിന്റെ ശിലാസ്ഥാപനം വി. കെ. പ്രശാന്ത് എം.എൽ.എ. നിർവഹിച്ചു. എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് ഇരുപത് ലക്ഷം രൂപ ചെലവഴിച്ചാണ് ഗ്രന്ഥശാലയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നത്. മണ്ഡലത്തിൽ ലൈബ്രറികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി എം.എൽ.എ ഫണ്ടിൽ നിന്ന് 1.22 കോടി രൂപ കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ ചെലവഴിച്ചിട്ടുണ്ട്. ഇതിനു പുറമേ ഇരുപത്തിമൂന്ന് ലൈബ്രറികൾക്ക് കാനറാ ബാങ്കിന്റെ സഹായത്തോടെ കമ്പ്യൂട്ടറുകൾ അനുവദിക്കുകയും നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ രണ്ട് എഡിഷനുകളിലായി ഗ്രന്ഥശാലകൾക്കും സ്കൂൾ/ കോളേജ് ലൈബ്രറികൾക്കുമായി ആറ് ലക്ഷം രൂപയുടെ പുസ്തകങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

ട്രിഡ ചെയർമാൻ, കൗൺസിലർമാർ, ഗ്രന്ഥശാല ഭാരവാഹികൾ, സംഘാടക സമിതി കോ-ഓർഡിനേറ്റർമാർ എന്നിവർ ശിലാസ്ഥാപന ചടങ്ങിൽ പങ്കെടുത്തു.

പറക്കോട് ലെയിൻ റോഡ് ഉദ്ഘാടനം ചെയ്തു

നാലാഞ്ചിറ പറക്കോട് ലെയിനിൽ എം.എൽ.എ ഫണ്ടിൽ നിന്ന് 80.68 ലക്ഷം രൂപ വകയിരുത്തി കവറിംഗ് സ്ലാബോടുകൂടി നിർമ്മിച്ച ഓടയും നവീകരിച്ച റോഡും വി. കെ. പ്രശാന്ത് എം.എൽ.എ ഉദ്ഘാടനം ചെയ്തു. കവറിംഗ് സ്ലാബ് ഉൾപ്പെടെയുള്ള ഓടയുടെ നിർമ്മാണത്തിനായി എം.എൽ.എ. യുടെ പ്രത്യേക വികസന നിധിയിൽ നിന്ന് 54.68 ലക്ഷം രൂപയും റോഡ് നവീകരണത്തിനായി 2023-24 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്ന് 26 ലക്ഷം രൂപയുമാണ് ചെലവഴിച്ചത്. തിരുവനന്തപുരം നഗരസഭ മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, തദ്ദേശ സ്വയം ഭരണ ജനപ്രതിനിധികൾ, പറക്കോട് ലെയിൻ റെസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ഫ്യൂച്ചർ സ്റ്റാർസ് എഡ്യൂക്കേഷൻ പ്രോജക്ട്

സെബാസ്റ്റ്യൻ കുളത്തുങ്കൽ, പൂഞ്ഞാർ

എം.എൽ.എ. സർവീസ് ആർമി പൂഞ്ഞാറിന്റെ നേതൃത്വത്തിൽ കഴിഞ്ഞ മൂന്നുവർഷമായി പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ സ്കൂൾ, കോളേജ് തലങ്ങളിലെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യം വച്ച് നടപ്പിലാക്കിവരുന്ന വിദ്യാഭ്യാസ ഗുണമേന്മാ പദ്ധതിയാണ് 'ഫ്യൂച്ചർ സ്റ്റാർസ് എഡ്യൂക്കേഷൻ പ്രോജക്ട്'. കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക്സ് കോളേജ് റിട്ട. പ്രിൻസിപ്പൽ ഡോ. ആൻസി ജോസഫിന്റെ നേതൃത്വത്തിൽ ഒരുപറ്റം സ്കൂൾ കോളേജ് അധ്യാപകരും, മികച്ച പേഴ്സണാലിറ്റി ട്രെയിനർമാരും ഉൾപ്പെടെയുള്ളവരുടെ ഒരു ടീമാണ് ഫ്യൂച്ചർ സ്റ്റാർസ് എഡ്യൂക്കേഷൻ പ്രോജക്ടിന് നേതൃത്വം നൽകിവരുന്നത്. എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടുന്ന കുട്ടികൾക്ക് പ്രതിഭാ പുരസ്കാരം, പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക കോച്ചിങ് ക്ലാസുകൾ, സിവിൽ സർവീസ് ഓറിയന്റേഷൻ ക്യാമ്പുകൾ, വിദ്യാർഥികൾക്ക് സ്കോളർഷിപ്പുകൾക്കുള്ള പരിശീലനം, കൗൺസിലിംഗുകൾ, മെഡിക്കൽ ക്യാമ്പുകൾ, പഠന വിനോദയാത്രകൾ, ക്വിസ് മത്സരങ്ങൾ തുടങ്ങി ശ്രദ്ധേയമായ ഒട്ടേറെ പ്രവർത്തനങ്ങൾ ഈ പ്രോജക്ടിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു. ഈ അധ്യയന വർഷവും വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മാ വർധനവും, സമഗ്ര പുരോഗതിയും ലക്ഷ്യമാക്കി ഒട്ടേറെ പ്രവർത്തനങ്ങളാണ് ഫ്യൂച്ചർ സ്റ്റാർസ് എഡ്യൂക്കേഷൻ പ്രോജക്ടിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ചിരിക്കുന്നത്.

പ്രോജക്ടിന്റെ ഈ അധ്യയന വർഷത്തെ പ്രവർത്തനങ്ങളുടെ ഔപചാരിക ഉദ്ഘാടനം സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ. യുടെ അധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി ഇടക്കുന്നം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ നിർവഹിച്ചു. ഗവ. ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് മുഖ്യ പ്രഭാഷണം നടത്തി. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

കോസടി ഗവ. ട്രൈബൽ യു.പി. സ്കൂളിന് പുതിയ മന്ദിരം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ട്രൈബൽ ഡെവലപ്മെന്റ് ഫണ്ടിൽ നിന്ന് 3 കോടി രൂപ മുതൽ മുടക്കി കോരുത്തോട് ഗ്രാമപഞ്ചായത്തിലെ കോസടി ഗവ. ട്രൈബൽ യു.പി. സ്കൂളിൽ പണിതീർത്ത പുതിയ കെട്ടിടത്തിന്റെയും സമഗ്ര ശിക്ഷാ കേരളയുടെ ഫണ്ടിൽ നിന്ന് 10 ലക്ഷം രൂപ മുടക്കി പ്രീപ്രൈമറി വിഭാഗത്തിനായി നിർമ്മിച്ച വർണ്ണ കൂടാരം പദ്ധതിയുടെയും സംയുക്ത ഉദ്ഘാടനം പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി നിർവഹിച്ചു. സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ. ചടങ്ങിൽ അധ്യക്ഷനായി. വിവിധ തദ്ദേശ സ്വയംഭരണ ജനപ്രതിനിധികൾ വിദ്യാകിരണം ജില്ലാ കോ-ഓർഡിനേറ്റർ, ഹെഡ്മിസ്ട്രസ് എന്നിവർ സംസാരിച്ചു. ഉദ്യോഗസ്ഥർ, സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകർ തുടങ്ങിയവരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

2024 ലെ സ്വാതന്ത്ര്യദിനാഘോഷത്തോടനുബന്ധിച്ച് സ്പീക്കർ എ. എൻ. ഷംസീർ നിയമസഭാ സമുച്ചയത്തിൽ വാച്ച് ആൻഡ് വാർഡ് നൽകിയ ഗാർഡ് ഓഫ് ഓണർ സ്വീകരിക്കുന്നു.

മേരി പുന്നൻ ലൂക്കോസ്

ഇന്ത്യയിലാദ്യമായി നിയമനിർമ്മാണ സഭയിലെത്തിയ വനിത. 1924 സെപ്റ്റംബർ 23 ന് തിരുവിതാംകൂർ നിയമനിർമ്മാണ സഭയിലേക്ക് മേരി പുന്നൻ ലൂക്കോസിനെ നാമ നിർദ്ദേശം ചെയ്തതിന്റെ ശതാബ്ദി വർഷമാണ് 2024. മേരി പുന്നൻ ലൂക്കോസിനെക്കുറിച്ച് സഭാ ടിവി തയ്യാറാക്കിയ ഹ്രസ്വ വീഡിയോ ഒക്ടോബർ 10 ാം തീയതി സ്പീക്കർ എ. എൻ. ഷംസീർ പ്രകാശിപ്പിക്കുന്നതാണ്.

അറിവോരം 2020 ഏപ്രിൽ ലക്കത്തിൽ പ്രസിദ്ധീകരിച്ച ഡോ. മേരി പുന്നൻ ലൂക്കോസിനെ സംബന്ധിച്ച ലേഖനം കാണുന്നതിനായി www.keralaniyamasabha.org എന്ന വെബ് സൈറ്റിൽ പബ്ലിക്കേഷൻസ് - പീരിയോഡിക്കൽ പബ്ലിക്കേഷൻസ്- 'അറിവോരം' എന്ന ലിങ്ക് സന്ദർശിക്കുക.



ഗണതന്ത്ര മണ്ഡപ്

അശോക മണ്ഡപ്

ഖലൂബർ യുദ്ധ സ്മാരകം



ഭുജ് സ്മൃതിവൻ

1. രാഷ്ട്രപതി ഭവനിലെ ദർബാർ ഹാളിന്റെയും അശോക ഹാളിന്റെയും പുതിയ പേരുകൾ?

   ദർബാർ ഹാൾ - ഗണതന്ത്ര മണ്ഡപ്
   അശോക ഹാൾ - അശോക മണ്ഡപ്

2. പാർലമെന്റ് സമുച്ചയത്തിലുണ്ടായിരുന്ന സ്വാതന്ത്ര്യ സമര സേനാനികളുടെയും മഹത് വ്യക്തികളുടെയും പ്രതിമകൾ മാറ്റി സ്ഥാപിക്കപ്പെട്ട സ്ഥലത്തിന് നൽകിയിരിക്കുന്ന പേര്?

   പ്രേരണ സ്ഥൽ
   (പഴയ പാർലമെന്റ് മന്ദിരത്തിനും ലൈബ്രറിക്കും മധ്യേയുള്ള സ്ഥലം)

3. കാർഗിൽ വിജയ് ദിവസ് 25 ാം വാർഷികത്തിന്റെ ഭാഗമായി സഞ്ചാരികൾക്കായി തുറന്നു കൊടുത്ത സ്മാരകം?

   ഖലൂബർ യുദ്ധ സ്മാരകം

4. ഏത് ഇന്ത്യൻ മ്യൂസിയത്തെയാണ് ഈയിടെ യുനസ്കോയുടെ ഏറ്റവും മനോഹരമായ മ്യൂസിയങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയത്?

   ഭുജ് സ്മൃതിവൻ
   (2001 ൽ ഗുജറാത്തിലെ ഭുജിലുണ്ടായ ഭൂകമ്പത്തിന്റെ സ്മാരകമായി നിർമ്മിച്ചത്)

5. വന്യജീവികളുടെ സമഗ്രമായ ചെക്ക് ലിസ്റ്റ് തയ്യാറാക്കിയ ആദ്യ രാജ്യം?

   ഇന്ത്യ (1,04,561 സ്പീഷീസുകളാണ് ഈ പട്ടികയിലുള്ളത്)

6. ഏറ്റവുമധികം ലോക്സഭാ മണ്ഡലങ്ങളുള്ള ഇന്ത്യൻ സംസ്ഥാനം ?

   ഉത്തർ പ്രദേശ് (80 മണ്ഡലങ്ങൾ)

7. കുടുംബശ്രീ അംഗങ്ങളായ സ്ത്രീകൾക്ക് ഉപജീവന മാർഗം ലക്ഷ്യമിട്ട് സർക്കാർ പ്രഖ്യാപിച്ച പദ്ധതി?

   കെ-ലിഫ്റ്റ് 24 പദ്ധതി (ലൈവ്ലീഹുഡ് ഇൻഷ്യേറ്റീവ് ഫോർ ട്രാൻസ്ഫോർമേഷൻ)

8. മ്യൂസിയം മൃഗശാല വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് ആദ്യമായി നിലവിൽ വരുന്ന സൂ സഫാരി പാർക്ക് എവിടെ?

   തളിപ്പറമ്പ്, കണ്ണൂർ

9. ഏതു രോഗത്തിനെതിരെ കുടുംബശ്രീ ആരംഭിച്ച ബോധവൽക്കരണ ക്യാമ്പയിനാണ് 'ശ്രദ്ധ'?

   അർബുദം

10. കേരള സർക്കാർ സംസ്ഥാന ബജറ്റിനൊപ്പം ഒരു പ്രത്യേക രേഖയായി പരിസ്ഥിതി ബജറ്റ് കൂടി അവതരിപ്പിച്ച വർഷം?

    2024

ഒരു പതിറ്റാണ്ടിനുശേഷം ജമ്മു-കാശ്മീരിൽ നിയമസഭാ തിരഞ്ഞെടുപ്പ്

ഒരു പതിറ്റാണ്ടിനുശേഷം ജമ്മു-കാശ്മീരിൽ നിയമസഭാ തിരഞ്ഞെടുപ്പിന് വിജ്ഞാപനമിറക്കി ദേശീയ തിരഞ്ഞെടുപ്പ് കമ്മീഷൻ. തൊണ്ണൂറംഗ സഭയിലേക്ക് സെപ്റ്റംബർ 18, 25, ഒക്ടോബർ 1 തീയതികളിലായി മൂന്ന് ഘട്ടങ്ങളിലാണ് വോട്ടെടുപ്പ് നടന്നത്. ജമ്മു-കാശ്മീരിന് പ്രത്യേക പദവി നൽകിയിരുന്ന ഭരണഘടനയുടെ 370 ാം അനുച്ഛേദം പിൻവലിക്കുകയും സംസ്ഥാനത്തെ ലഡാക്ക്, ജമ്മു-കാശ്മീർ എന്നിങ്ങനെ രണ്ട് കേന്ദ്ര ഭരണ പ്രദേശങ്ങളാക്കുകയും ചെയ്തതിനുശേഷം നടക്കുന്ന ആദ്യ തിരഞ്ഞെടുപ്പാണിത്. ഒക്ടോബർ 8 നാണ് വോട്ടെണ്ണൽ. 2014 ഡിസംബറിലാണ് ജമ്മു-കാശ്മീരിൽ അവസാനമായി തിരഞ്ഞെടുപ്പ് നടന്നത്. 2024 സെപ്റ്റംബർ 30 ന് മുമ്പ് ജമ്മു-കാശ്മീരിലെ നിയമസഭാ തിരഞ്ഞെടുപ്പ് പൂർത്തീകരിക്കണമെന്ന് സുപ്രീം കോടതി വിധി പുറപ്പെടുവിച്ചിരുന്നു.

കൂറുമാറിയ എം.എൽ.എ.മാരുടെ പെൻഷൻ റദ്ദാക്കാൻ ബിൽ

കൂറുമാറ്റ നിരോധന നിയമപ്രകാരം അയോഗ്യരാക്കപ്പെടുന്ന എം.എൽ.എ.മാരുടെ പെൻഷൻ ആനുകൂല്യം റദ്ദാക്കാൻ ശിപാർശ ചെയ്തുകൊണ്ടുള്ള ബിൽ ഹിമാചൽപ്രദേശ് നിയമസഭയിൽ അവതരിപ്പിച്ചു. ഹിമാചൽ പ്രദേശ് ലെജിസ്ലേറ്റീവ് അസംബ്ലി (അലവൻസസ് ആൻഡ് പെൻഷൻ ഓഫ് മെമ്പേഴ്സ്) അമെന്റ്മെന്റ് ബിൽ, 2024 മുഖ്യമന്ത്രി സുഖ്‌വിന്ദർ സിങ് സുഖുവാണ് സഭയിൽ അവതരിപ്പിച്ചത്. ഭരണഘടനയുടെ 10 ാം ഷെഡ്യൂൾ പ്രകാരം ഏതെങ്കിലും ഘട്ടത്തിൽ അയോഗ്യരാക്കപ്പെട്ടാൽ നിയമപ്രകാരം ആ വ്യക്തിക്ക് പെൻഷന് അർഹതയില്ലെന്ന് കൂറുമാറ്റ നിരോധന നിയമം പരാമർശിച്ച് ബില്ലിൽ പറയുന്നു.

1971 ലെ നിയമസഭാംഗങ്ങളുടെ പെൻഷൻ നിയമത്തെ ഭേദഗതി ചെയ്തുകൊണ്ടുള്ള ബില്ലിൽ, എം.എൽ.എ.മാർ അയോഗ്യരാക്കപ്പെട്ടാൽ അവർക്ക് പെൻഷൻ റദ്ദാകുന്നതിന് പുറമേ അയോഗ്യരായ അംഗങ്ങൾ ഇതിനകം കൈപ്പറ്റിയ പെൻഷൻ തുക തിരികെ ഈടാക്കാനും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു. ജനാധിപത്യ മര്യാദകളും പാരമ്പര്യവും കാത്തുസൂക്ഷിക്കുന്നതിന് ഭേദഗതി അത്യാവശ്യമാണെന്നും ജനാധിപത്യ മാർഗ്ഗത്തിലൂടെ തിരഞ്ഞെടുത്ത ഒരു സർക്കാരിനെ അട്ടിമറിക്കാനുള്ള ശ്രമത്തിൽ നിന്ന് അംഗങ്ങളെ തടയുക എന്നതാണ് ബില്ലിന്റെ ലക്ഷ്യമെന്നും ബിൽ അവതരണവേളയിൽ മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

മുസ്ലീം ബാലവിവാഹങ്ങൾ തടയുന്നതിന് ബിൽ അവതരിപ്പിച്ച് അസം നിയമസഭ

മുസ്ലീം വിവാഹവും വിവാഹമോചനവും രജിസ്റ്റർ ചെയ്യുന്നതിനുള്ള ബിൽ അവതരിപ്പിച്ച് അസം നിയമസഭ. മുഖ്യമന്ത്രി ഹിമന്ദ ബിശ്വ ശർമ്മയാണ് നിയമസഭയിൽ ബിൽ അവതരിപ്പിച്ചത്. നിലവിൽ മുസ്ലീം സമുദായത്തിലെ വിവാഹങ്ങൾ ഖാസിമാരാണ് രജിസ്റ്റർ ചെയ്യുന്നത്. പുതിയ നിയമം പ്രാബല്യത്തിൽ വരുന്നതോടെ വിവാഹ രജിസ്ട്രേഷൻ സർക്കാരിന് കീഴിലാകും. മുസ്ലീം സമുദായത്തിലെ ബാലവിവാഹം തടയുകയെന്ന ലക്ഷ്യത്തോടെയാണ് ബിൽ അവതരിപ്പിക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. മുസ്ലീം വിവാഹ, വിവാഹമോചന രജിസ്ട്രേഷൻ നിയമം 1935 റദ്ദാക്കിക്കൊണ്ടുള്ളതാണ് Assam Compulsory Registration of Muslim Marriages and Divorces Bill, 2024. ബാലവിവാഹം ഒരു പൊതുപ്രശ്നമാണെന്നിരിക്കെ മുസ്ലീങ്ങളെ മാത്രം ലക്ഷ്യംവച്ച് നിയമനിർമ്മാണം നടത്തുന്നത് സംബന്ധിച്ച് വിമർശനമുയർന്നിട്ടുണ്ട്.

ലഡാക്കിൽ അഞ്ച് ജില്ലകൾ

കേന്ദ്ര ഭരണ പ്രദേശമായ ലഡാക്കിൽ അഞ്ച് ജില്ലകൾ കൂടി പ്രഖ്യാപിച്ച് കേന്ദ്ര സർക്കാർ. ലഡാക്കിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനും ഭരണ നിർവഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമാണ് പുതിയ ജില്ലകൾ രൂപീകരിച്ചത്. ലഡാക്കിൽ ലേ, കാർഗിൽ എന്നീ രണ്ട് ജില്ലകളാണ് നിലവിലുള്ളത്. സൻസ്കാർ, ദ്രാസ്, ഷാം, നുബ്ര, ചാങ്താങ് എന്നിവയാണ് പുതിയ ജില്ലകൾ. ഇതോടെ ലഡാക്കിലെ ജില്ലകളുടെ എണ്ണം ഏഴാകും.

ഗോവ നിയമസഭയിൽ പട്ടികവർഗ പ്രാതിനിധ്യത്തിനായി ലോക്സഭയിൽ ബിൽ

ഗോവ നിയമസഭയിൽ പട്ടികവർഗ പ്രാതിനിധ്യം ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ള 'പട്ടികവർഗ പ്രാതിനിധ്യം പുനഃക്രമീകരണ ബിൽ 2024' ലോക്സഭയിൽ 2024 ആഗസ്റ്റ് 5 ന് അവതരിപ്പിച്ചു. അംഗീകൃത പട്ടികവർഗ സമുദായങ്ങളുടെ ജനസംഖ്യ സംസ്ഥാനത്ത് കുറവായതിനാൽ ഗോവ നിയമസഭയിൽ ഈ വിഭാഗത്തിന് സംവരണം അനുവദിച്ചിരുന്നില്ല. എന്നാൽ ചില സമുദായങ്ങളെ പട്ടികവർഗ വിഭാഗത്തിൽ ഉൾപ്പെടുത്തിയതിനാൽ സംവരണം നടപ്പാക്കണമെന്ന ആവശ്യം ഉയർന്നതോടെയാണ് ഇത്തരമൊരു ബിൽ അവതരിപ്പിക്കാൻ തീരുമാനിച്ചത്.

ബിൽ നിയമമാകുന്നതോടെ പട്ടികവർഗക്കാരുടെ പുതുക്കിയ ജനസംഖ്യാ കണക്കെടുക്കുകയും 2008 ലെ മണ്ഡല പുനഃക്രമീകരണ ഉത്തരവിൽ ഭേദഗതി വരുത്തി മണ്ഡലങ്ങൾ പുനഃക്രമീകരിക്കുകയും ചെയ്യും. ഗോവ നിയമസഭയിൽ നിലവിലെ നാൽപത് സീറ്റുകളിൽ ഒരെണ്ണം പട്ടികജാതിക്കാർക്കായി സംവരണം ചെയ്തിട്ടുണ്ട്.

ജുമാ നിസ്കാര ഇടവേള നിർത്തലാക്കി അസം നിയമസഭ

മുസ്ലീം എം.എൽ.എ. മാർക്ക് വെള്ളിയാഴ്ചകളിൽ ജുമാ നിസ്കാരത്തിന് അനുവദിച്ചിരുന്ന ഇടവേള നിർത്തലാക്കി അസം നിയമസഭ. അടുത്ത സഭാ സമ്മേളനം മുതൽ പുതിയ രീതി നടപ്പിലാക്കും. ഇതിനായി സഭ പ്രമേയം പാസാക്കിയിരുന്നു. സഭാ സമ്മേളനം രാവിലെ 9.30 ന് ആരംഭിക്കുമെങ്കിലും വെള്ളിയാഴ്ചകളിൽ മുസ്ലീം എം.എൽ.എ. മാർക്ക് ജുമാ നിസ്കാരത്തിനായി 11.00 ന് പിരിയുകയും ഉച്ചയ്ക്ക് ശേഷം പുനരാരംഭിക്കുകയും ചെയ്തിരുന്ന രീതിയാണ് അവസാനിപ്പിച്ചത്. ലോക്സഭയിലോ രാജ്യസഭയിലോ മറ്റ് സംസ്ഥാന നിയമസഭകളിലോ ഇത്തരം ഇടവേളയില്ലെന്നും നിയമസഭാ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായാണ് ഇത്തരമൊരു മാറ്റം കൊണ്ടുവന്നതെന്നും മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ്മ അറിയിച്ചു. നൂറ്റി ഇരുപത്തിയാറ് അംഗ സഭയിൽ മുപ്പത്തിയൊന്ന് മുസ്ലീം എം.എൽ.എ.മാരാണുള്ളത്.

അപരാജിത വനിതാ ശിശു ബിൽ പാസാക്കി പശ്ചിമബംഗാൾ നിയമസഭ

സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷ ഉറപ്പാക്കുന്നതിനായി അപരാജിത വനിതാ ശിശു (പശ്ചിമ ബംഗാൾ ക്രിമിനൽ നിയമ ഭേദഗതി) ബിൽ, 2024 പാസാക്കി പശ്ചിമ ബംഗാൾ നിയമസഭ. ബലാത്സംഗത്തെ തുടർന്ന് അതിജീവിത കൊല്ലപ്പെടുകയോ ഗുരുതരമായി പരിക്കേൽക്കുകയോ ചെയ്താൽ വധശിക്ഷ, ബലാത്സംഗത്തിന് പരോളില്ലാത്ത ജീവപര്യന്തം, കുറഞ്ഞത് 20 വർഷം തടവ് തുടങ്ങിയ ശിക്ഷാ നടപടികൾ വ്യവസ്ഥ ചെയ്യുന്ന ബിൽ നിയമസഭയുടെ പ്രത്യേക സമ്മേളനം ചേർന്നാണ് അവതരിപ്പിച്ചത്.

പാർലമെന്റ് വാർത്തകൾ

പാർലമെന്റ് സമിതികളിൽ കേരളത്തിൽ നിന്ന് അഞ്ചംഗങ്ങൾ

പാർലമെന്റിലെ അഞ്ച് സമിതികളിലേക്കുള്ള അംഗങ്ങളെ ലോക്സഭാ സ്പീക്കർ ഓം ബിർള നാമനിർദ്ദേശം ചെയ്തു. 2024-25 വർഷത്തെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (പി.എ.സി.), പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമം കൈകാര്യം ചെയ്യുന്ന സമിതി, എസ്റ്റിമേറ്റ്സ് കമ്മിറ്റി, പബ്ലിക് അണ്ടർടേക്കിങ്സ് കമ്മിറ്റി, പട്ടികജാതി-വർഗ ക്ഷേമം ഉറപ്പാക്കുന്ന സമിതി എന്നിവയിലേക്കാണ് അധ്യക്ഷന്മാരെയും അംഗങ്ങളെയും നിയമിച്ചത്. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അധ്യക്ഷനായി ആലപ്പുഴ ലോക്സഭാംഗം കെ. സി. വേണുഗോപാലിനെ നിയമിച്ചു. അധ്യക്ഷനടക്കം ലോക്സഭയിൽ നിന്ന് പതിനഞ്ച്, രാജ്യസഭയിൽ നിന്ന് ഏഴ് എന്നിങ്ങനെ ഇരുപത്തിരണ്ട് അംഗങ്ങളാണ് പി.എ.സി. യിലുള്ളത്. 1967 മുതൽ പ്രതിപക്ഷത്തിനാണ് അധ്യക്ഷ സ്ഥാനം നൽകിവരുന്നത്.

പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമം കൈകാര്യം ചെയ്യുന്ന സമിതിയിലേക്ക് കണ്ണൂർ ലോക്സഭാംഗം കെ. സുധാകരനും രാജ്യസഭയെ പ്രതിനിധാനം ചെയ്ത് ഡോ. വി. ശിവദാസനും തെരഞ്ഞെടുക്കപ്പെട്ടു. എസ്റ്റിമേറ്റ്സ് കമ്മിറ്റിയിൽ കോഴിക്കോട് നിന്നുള്ള ലോക്സഭാംഗം എം.കെ.രാഘവൻ, പബ്ലിക് അണ്ടർടേക്കിങ്സ് കമ്മിറ്റിയിൽ മാവേലിക്കര എം. പി. കൊടിക്കുന്നിൽ സുരേഷ് എന്നിവർ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. പട്ടികജാതി-വർഗ ക്ഷേമം ഉറപ്പാക്കുന്ന സമിതിയിലും രാജ്യസഭാംഗമായ ഡോ. വി. ശിവദാസൻ അംഗമാണ്.

പാർലമെന്റിന്റെ ബജറ്റ് സമ്മേളനം

പതിനെട്ടാം ലോക്സഭയുടെ 2024 ജൂലൈ 2 ന് അവസാനിച്ച പ്രഥമ സമ്മേളനത്തിന് ശേഷം ജൂലൈ 22 മുതൽ ആഗസ്റ്റ് 12 വരെ 16 ദിവസങ്ങളിലായി പാർലമെന്റിന്റെ വർഷകാല സമ്മേളനം ചേരുകയുണ്ടായി. ജൂലൈ 23 ന് ധനമന്ത്രി നിർമ്മല സീതാരാമൻ ബജറ്റ് അവതരിപ്പിച്ചു. ബജറ്റിന് മുന്നോടിയായുള്ള സാമ്പത്തിക സർവേ റിപ്പോർട്ട് ജൂലൈ 22 ന് സഭയുടെ മേശപ്പുറത്ത് വച്ചിരുന്നു.

സമ്മേളന കാലയളവിൽ ആറ് ബില്ലുകളാണ് സഭയിൽ അവതരിപ്പിച്ചത്. തൊണ്ണൂറ് വർഷം പഴക്കമുള്ള 1934 ലെ എയർക്രാഫ്റ്റ് ആക്റ്റിന് പകരമായി ഭാരതീയ വായുയാൻ വിധേയക് ബിൽ, 2024 ലോക്സഭ പാസാക്കി. വഖഫ് (ഭേദഗതി) ബിൽ, 2024 പാർലമെന്റ് സംയുക്ത സമിതിയുടെ പരിഗണനയ്ക്ക് വിടാനും സഭ തീരുമാനിച്ചു. വയനാട്ടിലെ ഉരുൾപൊട്ടൽ ഉൾപ്പെടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായ പ്രകൃതി ദുരന്തങ്ങളെ സംബന്ധിച്ച ശ്രദ്ധ ക്ഷണിക്കൽ പ്രമേയങ്ങളും വർഷകാല സമ്മേളനത്തിൽ അവതരിപ്പിച്ചു.

രാജ്യസഭാംഗമായി ജോർജ് കുര്യൻ

കേന്ദ്രമന്ത്രി ജോർജ് കുര്യൻ മധ്യപ്രദേശിൽ നിന്ന് രാജ്യസഭാംഗമായി എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു. 2024 ലെ പൊതു തിരഞ്ഞെടുപ്പിൽ കേന്ദ്ര മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ ലോക്സഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്ന് ഒഴിവ് വന്ന സീറ്റിലേക്കാണ് ജോർജ് കുര്യൻ തിരഞ്ഞെടുക്കപ്പെട്ടത്. മൂന്നാം മോദി സർക്കാരിൽ ന്യൂനപക്ഷകാര്യം, ഫിഷറീസ്, മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ വകുപ്പുകളുടെ സഹമന്ത്രിയാണ് മലയാളിയായ ജോർജ് കുര്യൻ.

പൊതുരേഖകൾ സംരക്ഷിക്കുന്നതിനായുള്ള ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയിൽ

സംസ്ഥാനത്തെ പുരാവസ്തുസ്മാരകങ്ങളുടെയും ശേഷിപ്പുകളുടെയും സംരക്ഷണം, പരിപാലനം എന്നിവ ഉറപ്പു വരുത്തുന്നതിനായി പതിനഞ്ചാം കേരള നിയമസഭയുടെ 11 ാം സമ്മേളനത്തിൽ 2023 ലെ കേരള പൊതുരേഖാ ബിൽ നിയമസഭയിൽ അവതരിപ്പിച്ചു. പുരാവസ്തുക്കളുടെ സംരക്ഷണത്തിനായി 1968 ലെ പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്റ്റ് നിലവിലുണ്ടെങ്കിലും പ്രാധാന്യമുള്ള പൊതുരേഖകൾ സംരക്ഷിക്കുന്നതിന് സംസ്ഥാനത്ത് നിയമം നിലവിലില്ല. 1976 ലെ ചരിത്രരേഖാ നയ തീരുമാനം അംഗീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് മാത്രമാണ് നിലവിലുള്ളത്.

സംസ്ഥാനത്തെ വിവിധ സർക്കാർ ഓഫീസുകളിലെ രേഖകൾ മൂല്യനിർണ്ണയം നടത്തി വിലപ്പെട്ട രേഖകൾ പുരാരേഖ വകുപ്പിന് കൈമാറുക, വകുപ്പുതല റിക്കാർഡ് റൂമുകൾ സ്ഥാപിക്കുക, രേഖകൾ ഉന്മൂലനം ചെയ്യുക, റീറ്റെൻഷൻ പട്ടികകൾ തയ്യാറാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടക്കുന്നത് 1976 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ സർക്കാർ വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെയും സർക്കാർ നിയമം മൂലം സ്ഥാപിച്ച കമ്മീഷനുകളുടെയും കമ്മിറ്റികളുടെയും പൊതുരേഖകൾ സംരക്ഷിക്കുന്നതിന് ഫലപ്രദമായ ഒരു റിക്കാർഡ്സ് മാനേജ്മെന്റ് സംവിധാനം ആവശ്യമായി വന്ന സാഹചര്യത്തിൽ ഇതിനായി പുതിയ നിയമനിർമ്മാണം നടത്താൻ സർക്കാർ തീരുമാനിച്ചതിനാലാണ് പുതിയ ബിൽ അവതരിപ്പിച്ചത്. രേഖകളുടെ ഭരണനിർവഹണവുമായി ബന്ധപ്പെട്ട ചുമതലകൾ നിർവഹിക്കുന്നതിനുള്ള അധികാരിയായി സംസ്ഥാന പുരാരേഖ വകുപ്പ് ഡയറക്ടറെ നിയോഗിക്കാനും പൊതുരേഖകളുടെ പരിപാലനവും സംരക്ഷണവും സംബന്ധിച്ച് സർക്കാരിന് ഉപദേശം നൽകുന്നതിനായി ഒരു ആർക്കൈവൽ അഡ്വൈസറി ബോർഡ് രൂപീകരിക്കാനും പൊതുരേഖകൾ സംസ്ഥാനത്തിന് പുറത്തേക്ക് കൊണ്ടുപോകുന്നതും അവ നശിപ്പിക്കുന്നതും തടയുന്നതിന് ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനായി നിയമനിർമ്മാണം നടത്താനും ബിൽ വ്യവസ്ഥ ചെയ്യുന്നു.

ഈ ബില്ലിൽ പൊതുരേഖകളുടെ ഭരണനിർവഹണം, നടത്തിപ്പ്, സംരക്ഷണം, തെരഞ്ഞെടുപ്പ്, നീക്കം ചെയ്യൽ, നശിപ്പിക്കൽ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഏകോപനം, നിയന്ത്രണം, മേൽനോട്ടം എന്നിവ സർക്കാരിന്റെ അധികാര പരിധിയിൽ ഉൾപ്പെടുത്തുകയും പൊതുരേഖകളുമായി ബന്ധപ്പെട്ട ചുമതലകൾ നിർവഹിക്കുന്നതിനായി ഡയറക്ടറെ അധികാരപ്പെടുത്തുകയും ചെയ്യുന്നു. ശാശ്വത സ്വഭാവമുള്ള പൊതുരേഖകൾ സൂക്ഷിക്കുന്നതിനുള്ള കാലയളവ് നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാനും തരംതിരിക്കപ്പെട്ട പൊതുരേഖകൾ തരംതാഴ്ത്തുന്നതിനുള്ള ആനുകാലിക അവലോകനം നടത്തേണ്ട രീതി നിർണ്ണയിക്കാൻ ചട്ടങ്ങൾ ഉണ്ടാക്കുന്നതിനും ബിൽ വ്യവസ്ഥ ചെയ്യുന്നു. പൊതുരേഖകൾ നശിപ്പിക്കുന്നതിനും നീക്കം ചെയ്യുന്നതിനും ഉള്ള വ്യവസ്ഥകൾ, പ്രാമാണിക രേഖകൾ ഗവേഷകർക്ക് ലഭ്യമാക്കുന്നതിനും അവ ഏതൊരാൾക്കും പ്രാപ്യമാക്കാനുള്ള അനുവാദം നൽകുന്നതിനുമുള്ള നിബന്ധനകൾ മുതലായവ നിർണ്ണയിക്കുക, ഗസറ്റ് വിജ്ഞാപനം മുഖേന ഒരു ആർക്കൈവൽ അഡ്വൈസറി ബോർഡ് രൂപീകരിക്കുക, ഒരു ആർക്കിവിസ്റ്റ്, ഒരു വിവര സാങ്കേതിക വിദ്യാ വിദഗ്ധൻ, അംഗീകൃത സർവകലാശാലയിൽ നിന്നും ചരിത്രത്തിൽ ബിരുദാനന്തര ബിരുദമോ ഡോക്ടറേറ്റോ ഉള്ള രണ്ട് പേർ എന്നിവരെ ബോർഡിന്റെ അംഗങ്ങളായി നാമനിർദ്ദേശം ചെയ്യുക എന്നീ വ്യവസ്ഥകളും ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചരിത്ര പ്രാധാന്യമുള്ള രേഖകൾ നശിപ്പിച്ചാൽ അഞ്ച് വർഷം വരെ തടവും 25,000/- രൂപ വരെ പിഴയും ലഭിക്കാവുന്ന വകുപ്പുകളും ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വിശദമായ പരിശോധനയ്ക്കായി ബിൽ രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിലുള്ള പതിനാറംഗ സെലക്ട് കമ്മിറ്റിക്ക് വിടാൻ സഭ തീരുമാനിച്ചു. കേന്ദ്രസർക്കാർ 1993 ൽ പാസാക്കിയ പബ്ലിക് റിക്കാർഡ് ആക്റ്റിന്റെ അടിസ്ഥാനത്തിലാണ് ബിൽ നിയമസഭയിൽ അവതരിപ്പിച്ചത്.

സീതാറാം യെച്ചൂരി

സി.പി.ഐ.(എം.) ജനറൽ സെക്രട്ടറിയും മുതിർന്ന കമ്മ്യൂണിസ്റ്റ് നേതാവുമായിരുന്ന സീതാറാം യെച്ചൂരി (72) 2024 സെപ്റ്റംബർ 12 ന് അന്തരിച്ചു. മുൻ രാജ്യസഭാംഗമായിരുന്ന അദ്ദേഹം സി.പി.ഐ.(എം.) മുഖപത്രമായ പീപ്പിൾ ഡെമോക്രസിയുടെ എഡിറ്ററുമായിരുന്നു.

ആന്ധ്ര സ്വദേശികളായ സർവേശ്വര സോമയാജി യെച്ചൂരിയുടെയും കൽപ്പകത്തിന്റെയും മകനായി 1952 ആഗസ്റ്റ് 12 ന് ചെന്നൈയിലാണ് സീതാറാം യെച്ചൂരി ജനിച്ചത്. ഹൈദരാബാദിലെ സ്കൂളിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസം നേടിയ യെച്ചൂരി വിജയവാഡ റെയിൽവേ സ്കൂളിലും ഹൈദരാബാദിലെ ഓൾസെയ്ന്റ്സ് സ്കൂളിലും പഠനം തുടർന്നു. ചെന്നൈയിലെ പ്രസിഡന്റ്സ് എസ്റ്റേറ്റ് സ്കൂളിൽ നിന്ന് സി.ബി.എസ്.ഇ. ഹയർ സെക്കൻഡറി പരീക്ഷയിൽ രാജ്യത്ത് ഒന്നാം റാങ്ക് നേടിയ അദ്ദേഹം ഡൽഹി സെന്റ് സ്റ്റീഫൻസ് കോളേജിൽ നിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ബി.എ. ഓണേഴ്സ് ഒന്നാം ക്ലാസോടെയാണ് പാസായത്. ജെ.എൻ.യു.ൽ നിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ എം.എ. കരസ്ഥമാക്കിയ ശേഷം അവിടെത്തന്നെ പി.എച്ച്.ഡി ക്ക് ചേർന്നെങ്കിലും അടിയന്തരാവസ്ഥക്കാലത്ത് ജയിലിലായതോടെ ഗവേഷണം പൂർത്തിയാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല.

ജെ.എൻ.യു.ലെ പഠനത്തിനിടെയാണ് യെച്ചൂരി ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ ഭാഗമായത്. 1974 ൽ എസ്.എഫ്.ഐ. അംഗമായ അദ്ദേഹം 1975 ൽ സി.പി.ഐ. (എം.) അംഗവുമായി. ജെ.എൻ.യു. വിദ്യാർഥി യൂണിയൻ അധ്യക്ഷൻ (1977-78), എസ്.എഫ്.ഐ. അഖിലേന്ത്യാ ജോയിന്റ് സെക്രട്ടറി (1978), എസ്.എഫ്.ഐ. ദേശീയ പ്രസിഡന്റ് (1984), സി.പി.ഐ. (എം.) കേന്ദ്ര കമ്മിറ്റി സ്ഥിരം ക്ഷണിതാവ് (1984), കേന്ദ്ര കമ്മിറ്റി അംഗം (1985), പോളിറ്റ് ബ്യൂറോ അംഗം (1992) എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 2015 മുതൽ തുടർച്ചയായി മൂന്നു തവണ സി.പി.ഐ. (എം) ജനറൽ സെക്രട്ടറിയായി. പദവിയിലിരിക്കേ അന്തരിക്കുന്ന ആദ്യ ജനറൽ സെക്രട്ടറിയാണ് സീതാറാം യെച്ചൂരി. പശ്ചിമബംഗാളിൽ നിന്നാണ് അദ്ദേഹം 2005 മുതൽ 2017 വരെ രാജ്യസഭാംഗമായത്.

ജെ.എൻ.യു.ൽ ഇടതുപക്ഷ രാഷ്ട്രീയം വളർത്തുന്നതിൽ വലിയ പങ്കു വഹിച്ച അദ്ദേഹം 1996 ലെ ഐക്യമുന്നണി സർക്കാരിന്റെയും 2004 ലെ ഒന്നാം യു.പി.എ. സർക്കാരിന്റെയും രൂപീകരണത്തിൽ നിർണ്ണായക പങ്ക് വഹിച്ചു. യു.പി.എ.-ഇടതുപക്ഷ ഏകോപന സമിതി അംഗമായിരുന്ന അദ്ദേഹം മികച്ച പാർലമെന്റേറിയനും വാഗ്മിയും നയതന്ത്രജ്ഞനുമായിരുന്നു. പഠനത്തിലും രാഷ്ട്രീയ പ്രവർത്തനത്തിലും ഒരുപോലെ മികവ് പുലർത്തിയ അദ്ദേഹം 'Left hand drive, What is Hindu Rashtra, Socialism in Twenty first Century, Communalism vs Secularism, ഘൃണ കീ രാജ്നീതി (ഹിന്ദി) തുടങ്ങിയ ഗ്രന്ഥങ്ങളുടെ രചയിതാവാണ്.

പ്രമുഖ പത്രപ്രവർത്തക സീമ ചിസ്തിയാണ് യെച്ചൂരിയുടെ ഭാര്യ. അദ്ദേഹത്തിന് മൂന്ന് മക്കളാണുള്ളത്. യെച്ചൂരിയുടെ ആഗ്രഹപ്രകാരം ഭൗതികദേഹം വൈദ്യ പഠനത്തിനായി ഡൽഹി എയിംസിന് കൈമാറി.

ബുദ്ധദേവ് ഭട്ടാചാര്യ



പശ്ചിമബംഗാൾ മുൻ മുഖ്യമന്ത്രിയും സി.പി.ഐ.(എം) നേതാവുമായിരുന്ന ബുദ്ധദേവ് ഭട്ടാചാര്യ (80) 2024 ആഗസ്റ്റ് 8 ന് അന്തരിച്ചു. അരനൂറ്റാണ്ടിലേറെക്കാലം പശ്ചിമബംഗാൾ രാഷ്ട്രീയത്തിൽ നിറഞ്ഞുനിന്ന അദ്ദേഹം ബംഗാളിലെ വ്യവസായവൽക്കരണത്തിന്റെ അമരക്കാരനായിരുന്നു. 'ബുദ്ധദാ' എന്ന പേരിലാണ് ജനങ്ങൾക്കിടയിൽ അദ്ദേഹം അറിയപ്പെട്ടത്.

1977 ൽ കോസിപ്പൂർ ബെൽഗാച്ചിയ മണ്ഡലത്തിൽ നിന്ന് ആദ്യമായി പശ്ചിമബംഗാൾ നിയമസഭയിലെത്തിയ ബുദ്ധദേവ് ഭട്ടാചാര്യ 1987 മുതൽ 2011 വരെ ദീർഘകാലം ജാദവ്പൂർ മണ്ഡലത്തെയാണ് പ്രതിനിധീകരിച്ചത്.

1944 മാർച്ച് 1 ന് ഉത്തര കൊൽക്കത്തയിലെ ഒരു സാധാരണ കുടുംബത്തിലാണ് ബുദ്ധദേവ് ഭട്ടാചാര്യ ജനിച്ചത്. കൊൽക്കത്ത പ്രസിഡൻസി കോളേജിൽ നിന്ന് ബംഗാളിയിൽ ഓണേഴ്സ് ബിരുദം നേടിയ അദ്ദേഹം തുടർന്ന് ഡംഡമിലെ ആദർശ് ശംഖ വിദ്യാമന്ദിർ സ്കൂളിൽ അധ്യാപകനായി. 1966 ൽ സി.പി.ഐ.(എം) പ്രാഥമിക അംഗത്വം നേടിയ ബുദ്ധദേവ് ഭട്ടാചാര്യ 1968 ൽ പശ്ചിമ ബംഗാൾ ഡെമോക്രാറ്റിക് യൂത്ത് ഫെഡറേഷന്റെ സംസ്ഥാന സെക്രട്ടറിയായി. 1971 ൽ സി.പി.ഐ.(എം) ന്റെ പശ്ചിമ ബംഗാൾ സംസ്ഥാന കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം 1982 ൽ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവും 1984 ൽ സി.പി.ഐ.(എം)

കേന്ദ്ര കമ്മിറ്റിയിൽ സ്ഥിരം ക്ഷണിതാവുമായി. 1985 മുതൽ സി.പി.ഐ.(എം) കേന്ദ്ര കമ്മിറ്റി അംഗവും 2002 മുതൽ 2015 വരെ പോളിറ്റ് ബ്യൂറോ അംഗവുമായിരുന്നു.

ജ്യോതിബസു മന്ത്രിസഭകളിൽ വിവിധ വകുപ്പുകളുടെ മന്ത്രിയായിരുന്ന അദ്ദേഹം 1999 ൽ പശ്ചിമ ബംഗാൾ ഉപമുഖ്യമന്ത്രിയായി. ജ്യോതിബസു പദവിയൊഴിഞ്ഞതിനെ തുടർന്ന് 2000 ൽ മുഖ്യമന്ത്രിയായ ബുദ്ധദേവ് 2011 വരെ പശ്ചിമ ബംഗാൾ മുഖ്യമന്ത്രി പദവിയിൽ തുടർന്നു. സിംഗൂർ, നന്ദിഗ്രാം കർഷക സമരങ്ങൾ നടന്നത് അദ്ദേഹത്തിന്റെ കാലത്താണ്.

നാടകകൃത്തും കവിയും പരിഭാഷകനുമായിരുന്ന ബുദ്ധദേവ് ഭട്ടാചാര്യ 'Advances in Jute Agronomy - Processing and Marketing, Advances in Sunflower Agronomy' എന്നീ പുസ്തകങ്ങളുടെ രചയിതാവാണ്. നിരവധി അന്താരാഷ്ട്ര സാഹിത്യകൃതികൾ അദ്ദേഹം ബംഗാളിയിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. കൊൽക്കത്ത രാജ്യാന്തര ചലച്ചിത്രോത്സവം ആരംഭിച്ചത് അദ്ദേഹമാണ്. 2022 ൽ കേന്ദ്ര സർക്കാർ പത്മഭൂഷൺ പുരസ്കാരം പ്രഖ്യാപിച്ചുവെങ്കിലും നിരസിക്കുകയാണുണ്ടായത്. ബുദ്ധദേവിന്റെ ആഗ്രഹപ്രകാരം ഭൗതികദേഹം വൈദ്യ വിദ്യാർഥികൾക്ക് പഠനത്തിനായി വിട്ടുനൽകി.

എം. എം. ലോറൻസ്, മുൻ എം.പി.

മുൻ ലോക്സഭാംഗവും മുതിർന്ന സി.പി.ഐ. (എം.) നേതാവുമായ എം. എം. ലോറൻസ് (95) 2024 സെപ്റ്റംബർ 21 ന് അന്തരിച്ചു. 1980-84 കാലഘട്ടത്തിൽ ഇടുക്കി മണ്ഡലത്തെ പ്രതിനിധീകരിച്ചാണ് എം. എം. ലോറൻസ് ലോക്സഭയിലെത്തിയത്. എൽ.ഡി.എഫ്. മുൻ കൺവീനറായിരുന്ന അദ്ദേഹം മികച്ച സംഘാടകനും തൊഴിലാളി നേതാവുമായിരുന്നു.

1929 ജൂൺ 15 ന് എറണാകുളം ജില്ലയിലെ മുളവുകാടാണ് എം.എം. ലോറൻസ് ജനിച്ചത്. 18 ാം വയസ്സിൽ കമ്മ്യൂണിസ്റ്റ് പാർട്ടി അംഗമായ അദ്ദേഹം ഇടപ്പള്ളി പോലീസ് സ്റ്റേഷൻ ആക്രമണക്കേസിൽ ജയിൽവാസം അനുഭവിച്ചിട്ടുണ്ട്. സി.പി.ഐ.(എം.) കേന്ദ്ര കമ്മിറ്റി അംഗം, സി.ഐ.ടി.യു. ദേശീയ വൈസ് പ്രസിഡന്റ്, സെക്രട്ടറി, സംസ്ഥാന ജനറൽ സെക്രട്ടറി തുടങ്ങിയ ചുമതലകൾ വഹിച്ചിട്ടുണ്ട്.

ഭാര്യ ബേബി. നാല് മക്കളുണ്ട്.

കെ. പി. കുഞ്ഞിക്കണ്ണൻ, മുൻ എം.എൽ.എ.

മുൻ സാമാജികനും കോൺഗ്രസ് നേതാവുമായ കെ.പി. കുഞ്ഞിക്കണ്ണൻ (75) 2024 സെപ്റ്റംബർ 26 ന് അന്തരിച്ചു. എട്ടാം കേരള നിയമസഭയിൽ ഉദുമ മണ്ഡലത്തെയാണ് അദ്ദേഹം പ്രതിനിധീകരിച്ചത്. കാസർഗോഡ് ഡി.സി.സി.യുടെ ആദ്യ പ്രസിഡന്റായിരുന്ന അദ്ദേഹം ദീർഘകാലം കെ.പി.സി.സി. ജനറൽ സെക്രട്ടറിയുമായിരുന്നു. കേരഫെഡ് ചെയർമാൻ, യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി, സംസ്ഥാന വൈദ്യുതി ബോർഡ് അംഗം, പി.എൻ.പി. ആയുർമെഡിക്കൽ കോളേജ്, 'കിംപ്കോ' എന്നിവയുടെ ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ഭാര്യ കെ.സുശീല. രണ്ട് മക്കളുണ്ട്.

കെ. കുട്ടി അഹമ്മദ് കുട്ടി, മുൻ മന്ത്രി

മുൻ മന്ത്രി കെ. കുട്ടി അഹമ്മദ് കുട്ടി (71) 2024 ആഗസ്റ്റ് 11 ന് അന്തരിച്ചു. 1953 ജനുവരി 15 ന് മലപ്പുറം ജില്ലയിലെ താനൂരിൽ ജനിച്ച കുട്ടി അഹമ്മദ് കുട്ടി 2004-2006 കാലയളവിൽ സംസ്ഥാന തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രിയായിരുന്നു. ഒമ്പതാം കേരള നിയമസഭയുടെ കാലത്ത് 1992 ൽ താനൂർ മണ്ഡലത്തിൽ നടന്ന ഉപതിരഞ്ഞെടുപ്പിലൂടെയാണ് ആദ്യമായി നിയമസഭയിലെത്തിയത്. തിരൂരങ്ങാടി മണ്ഡലത്തെ പ്രതിനിധീകരിച്ച് പത്ത്, പതിനൊന്ന്, പന്ത്രണ്ട് നിയമസഭകളിൽ അംഗമായി. കേരള നിയമസഭയുടെ പിന്നാക്ക സമുദായക്ഷേമം സംബന്ധിച്ച സമിതി (2001-04), ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2006-11) എന്നിവയുടെ ചെയർമാൻ, ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ചെയർമാൻ (2014-16), കേരള കാർഷിക സർവകലാശാല എക്സിക്യൂട്ടീവ് കൗൺസിൽ അംഗം, ഐ.യു.എം.എൽ. സംസ്ഥാന വൈസ് പ്രസിഡന്റ്, മുസ്ലിം ലീഗ് മലപ്പുറം ജില്ലാ കമ്മിറ്റി സെക്രട്ടറി, തിരൂർ സീതി സാഹിബ് മെമ്മോറിയൽ പോളിടെക്നിക് ഭരണ സമിതി ചെയർമാൻ, താനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഭാര്യ ജഹനാര. മൂന്ന് മക്കൾ.

കാസ്റ്റിംഗ് വോട്ടിലൂടെ സഭാചരിത്രത്തിൽ

ആറാം കേരള നിയമസഭയിൽ ചുരുങ്ങിയ കാലം സഭാധ്യക്ഷനാവുകയും കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്തി ചരിത്രത്തിലിടം നേടുകയും ചെയ്ത കോൺഗ്രസ് നേതാവായിരുന്നു എ.സി.ജോസ്. വിദ്യാർഥി രാഷ്ട്രീയത്തിലൂടെ പൊതുരംഗത്ത് വന്ന അദ്ദേഹം അര നൂറ്റാണ്ടിലേറെക്കാലം കേരളത്തിന്റെ പൊതുജീവിതത്തിലെ നിറസാന്നിധ്യമായിരുന്നു. കേരള നിയമസഭയിൽ പറവൂർ മണ്ഡലത്തെ പ്രതിനിധീകരിച്ച അദ്ദേഹം ലോക്സഭാംഗമായിരിക്കെ ഐക്യരാഷ്ട്രസഭയുടെ പൊതുസഭയിലേക്കുള്ള ഇന്ത്യൻ പ്രതിനിധി സംഘത്തിൽ മൂന്ന് തവണ അംഗമായിരുന്നിട്ടുണ്ട്. അഭിഭാഷകനായിരുന്ന എ.സി.ജോസ് പത്രപ്രവർത്തന രംഗത്തും സജീവമായിരുന്നു.

എറണാകുളം ജില്ലയിലെ ഇടപ്പള്ളിയിൽ അമ്പാട്ട് എ.സി.ചാക്കോയുടെയും മേരി ചാക്കോയുടെയും മകനായി 1937 ഫെബ്രുവരി 5 നാണ് എ. സി. ജോസ് ജനിച്ചത്. ബി.എസ്. സി., എൽ.എൽ.ബി., എൽ.എൽ.എം. ബിരുദങ്ങൾ നേടിയ അദ്ദേഹത്തിന്റെ വിദ്യാഭ്യാസം എറണാകുളം സെന്റ് ആൽബർട്സ് കോളേജ്, എറണാകുളം ഗവ.ലോ കോളേജ്, കേരള സർവകലാശാല നിയമ വകുപ്പ് എന്നിവിടങ്ങളിലായിരുന്നു. കേരള ഹൈക്കോടതിയിൽ അഭിഭാഷകനായാണ് എ.സി.ജോസ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്.

വിദ്യാർഥി രാഷ്ട്രീയത്തിലൂടെ പൊതുപ്രവർത്തനം ആരംഭിച്ച എ. സി. ജോസ് കേരള സ്റ്റുഡന്റ്സ് യൂണിയന്റെ (കെ.എസ്.യു.) രൂപീകരണത്തിൽ സുപ്രധാന പങ്കുവഹിച്ചു. 1959-63 കാലഘട്ടത്തിൽ കെ.എസ്.യു.വിന്റെ സ്ഥാപക ജനറൽ സെക്രട്ടറിയായും രണ്ടാമത്തെ സംസ്ഥാന പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. 1963-65 ൽ യൂത്ത് കോൺഗ്രസിന്റെ ദേശീയ എക്സിക്യൂട്ടീവ് അംഗമായിരുന്ന അദ്ദേഹം 1969 മുതൽ 1979 വരെ കൊച്ചി നഗരസഭയിൽ കൗൺസിലറുമായിരുന്നു. 1972 ൽ കൊച്ചി മേയറായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ ഇന്ത്യയിൽ ഈ സ്ഥാനത്തെത്തുന്ന ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയായിരുന്നു അദ്ദേഹം. കെ.പി.സി.സി. യുടെ വൈസ് പ്രസിഡന്റായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

പറവൂർ നിയമസഭാ മണ്ഡലത്തിൽ നിന്നും ആറാം കേരള നിയമസഭയിലേക്കും ഏഴാം കേരള നിയമസഭയിലേക്കും അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. പതിനൊന്നും പന്ത്രണ്ടും പതിമൂന്നും ലോക്സഭകളിലേക്ക് യഥാക്രമം ഇടുക്കി, മുകുന്ദപുരം, തൃശൂർ മണ്ഡലങ്ങളിൽ നിന്നുമാണ് തിരഞ്ഞെടുക്കപ്പെട്ടത്. നിയമസഭാംഗമായിരിക്കെ കേരള നിയമസഭയുടെ പ്രിവിലേജസ് കമ്മിറ്റി (1986-87), എസ്റ്റിമേറ്റ്സ് കമ്മിറ്റി (1984-87) എന്നിവയുടെ ചെയർമാനായിരുന്നു. ലോക്സഭയുടെ പ്രിവിലേജസ് കമ്മിറ്റി (1996-97), കമ്മിറ്റി ഓൺ എക്സ്റ്റേണൽ അഫയേഴ്സ്, കമ്മിറ്റി ഓൺ ട്രാൻസ്പോർട്ട് ആൻഡ് ടൂറിസം, പാർലമെന്റ് അംഗങ്ങളുടെ ശമ്പളവും ആനുകൂല്യങ്ങളും സംബന്ധിച്ച സംയുക്ത സമിതി, കമ്മിറ്റി ഓൺ ഇൻഡസ്ട്രി (1999-2000) തുടങ്ങിയ നിരവധി പാർലമെന്ററി സമിതികളിലെയും കേന്ദ്ര മന്ത്രാലയങ്ങളുമായി ബന്ധപ്പെട്ട വിവിധ കൺസൾട്ടേറ്റീവ് കമ്മിറ്റികളിലെയും അംഗമായി എ. സി. ജോസ് പ്രവർത്തിച്ചിട്ടുണ്ട്.

1982 ഫെബ്രുവരി 3 മുതൽ ജൂൺ 23 വരെയാണ് എ.സി.ജോസ് നിയമസഭാ സ്പീക്കർ പദവി വഹിച്ചത്. ഇക്കാലയളവിൽ കെ. കരുണാകരൻ മന്ത്രിസഭയെ താങ്ങിനിർത്തിയത് സ്പീക്കർ എ. സി. ജോസിന്റെ കാസ്റ്റിംഗ് വോട്ടായിരുന്നു. ആറാം കേരള നിയമസഭയിൽ കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയ്ക്കെതിരെ എ. സി. ഷൺമുഖദാസ് അവതരിപ്പിച്ച അവിശ്വാസപ്രമേയം 1982 ഫെബ്രുവരി 4 ന് വോട്ടിനിട്ടപ്പോൾ ഭരണപക്ഷത്തുനിന്ന് എഴുപത് പേർ

പ്രമേയത്തെ പ്രതികൂലിച്ചും പ്രതിപക്ഷത്തുനിന്ന് എഴുപത് പേർ പ്രമേയത്തെ അനുകൂലിച്ചും വോട്ട് രേഖപ്പെടുത്തി. ഈ സാഹചര്യത്തിൽ സ്പീക്കർ എ.സി.ജോസ് പ്രമേയത്തെ എതിർത്ത് കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്തുകയും അവിശ്വാസ പ്രമേയം പരാജയപ്പെടുകയും കരുണാകരൻ മന്ത്രിസഭ നിലനിൽക്കുകയും ചെയ്തു. 1982 ഫെബ്രുവരി 9 ന് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയത്തിന് പ്രതിപക്ഷം ആറ് ഭേദഗതികൾ അവതരിപ്പിച്ചു. ആറ് തവണയും എഴുപത് അംഗങ്ങൾ വീതം ഭേദഗതിയെ അനുകൂലിച്ചും പ്രതികൂലിച്ചും വോട്ട് രേഖപ്പെടുത്തിയപ്പോൾ സ്പീക്കർ എ. സി. ജോസ് ഭേദഗതികൾക്കെതിരായി കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്തുകയും അവ തള്ളുകയും ചെയ്തു. തുടർന്ന് നന്ദിപ്രമേയം വോട്ടിനിട്ടപ്പോഴും എഴുപത് അംഗങ്ങൾ വീതം അനുകൂലിച്ചും പ്രതികൂലിച്ചും വോട്ട് രേഖപ്പെടുത്തി. വോട്ടിംഗ് തുല്യത വന്ന സാഹചര്യത്തിൽ ഏഴാം തവണയും സ്പീക്കർ കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്തി. അങ്ങനെ സ്പീക്കറായിരിക്കെ കേരള നിയമസഭയിൽ എട്ട് തവണ കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്തിയിട്ടുണ്ട് അദ്ദേഹം. എന്നാൽ സ്പീക്കർ എന്ന നിലയിൽ മിതത്വവും പക്വതയും പുലർത്തിയിരുന്ന അദ്ദേഹം ജാഗ്രതയോടെയായിരുന്നു സഭാ നടപടികൾ നിയന്ത്രിച്ചിരുന്നത്.

അരനൂറ്റാണ്ടിലേറെക്കാലം കേരളത്തിന്റെ പൊതുജീവിതത്തിൽ നിറഞ്ഞുനിന്ന വ്യക്തിത്വമായിരുന്നു എ. സി. ജോസ്. വിദ്യാർഥിയായിരുന്നപ്പോൾ തന്നെ ജോലി ചെയ്തിരുന്ന അദ്ദേഹം പിന്നീട് തൊഴിലാളി നേതാവായി വളർന്നു. വിവിധ ട്രേഡ് യൂണിയൻ സംഘടനകളുടെ നേതൃത്വം വഹിച്ചിട്ടുള്ള എ. സി. ജോസ് ട്രേഡ് യൂണിയൻ രംഗത്തെ സജീവ സാന്നിധ്യമായിരുന്നു. അസംഘടിതരായിരുന്ന കേരളത്തിലെ നിർമ്മാണ തൊഴിലാളികളെ ശക്തമായ സംഘടനാ സംവിധാനത്തിലേക്ക് എത്തിക്കാൻ അദ്ദേഹം വഹിച്ച പങ്ക് അവിസ്മരണീയമാണ്. ഐ.എൻ.റ്റി.യു.സി. സംസ്ഥാന ട്രഷറർ, വിവിധ ട്രേഡ് യൂണിയൻ ഭാരവാഹി എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. കേരള സ്പോർട്സ് കൗൺസിൽ പ്രസിഡന്റായി സേവനമനുഷ്ഠിച്ചിട്ടുള്ള എ. സി. ജോസ് 1984 ലെ ലോസ് ഏഞ്ചൽസ് ഒളിമ്പിക്സിൽ ഔദ്യോഗിക ഡെലിഗേറ്റായി ഇന്ത്യൻ ടീമിനെ അനുഗമിച്ചിട്ടുണ്ട്. വിവിധ ഏഷ്യൻ ഗെയിംസുകളിലും ഔദ്യോഗിക പ്രതിനിധിയായിട്ടുണ്ട്. 2005 മുതൽ മൂന്ന് വർഷക്കാലം കയർ ബോർഡ് ചെയർമാനായിരുന്നു.

കറപുരളാത്ത രാഷ്ട്രീയ വ്യക്തിത്വത്തിനുടമയായിരുന്നു എ. സി. ജോസ്. വീക്ഷണം ദിനപ്പത്രത്തിന്റെ മാനേജിംഗ് എഡിറ്ററും ചീഫ് എഡിറ്ററുമായിരുന്ന അദ്ദേഹം എഴുത്തുകാരൻ, ഗ്രന്ഥകർത്താവ്, പത്രാധിപർ എന്നീ നിലകളിലും ശ്രദ്ധേയനായിരുന്നു.

റിട്ട. പ്രൊഫസർ ലീലാമ്മ ജോസ് ആണ് ഭാര്യ. 4 മക്കളുണ്ട്. കേന്ദ്ര മന്ത്രിയായിരുന്ന എ. സി. ജോർജ് സഹോദരനാണ്. 2016 ജനുവരി 23 ന് അന്തരിക്കുമ്പോൾ എ. സി. ജോസ് വീക്ഷണം ദിനപ്പത്രത്തിന്റെ ചീഫ് എഡിറ്ററായിരുന്നു. 2016 ഫെബ്രുവരി 8 ന് കേരള നിയമസഭ അദ്ദേഹത്തിന് ചരമോപചാരം അർപ്പിച്ചു.

എൻ.സി.എസ്.എൽ. ലെജിസ്ലേറ്റീവ് സമ്മിറ്റ്

അമേരിക്കയിലെ കെന്റക്കിയിലെ ലൂയിസ് വില്ലിൽ 2024 ആഗസ്റ്റ് 5 മുതൽ 7 വരെ നടന്ന നാഷണൽ കോൺഫറൻസ് ഓഫ് സ്റ്റേറ്റ് ലെജിസ്ലേച്ചേഴ്സിന്റെ (എൻ.സി.എസ്.എൽ.) ലെജിസ്ലേറ്റീവ് സമ്മിറ്റ് ആഗോള നിയമനിർമ്മാണ ചർച്ചകൾക്കും സഹകരണത്തിനുമുള്ള വേദിയായി. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണപ്രദേശങ്ങളിലെയും തിരഞ്ഞെടുക്കപ്പെട്ട സാമാജികരെ ഒരുമിച്ച് കൊണ്ടുവരുന്നതിനും ജനാധിപത്യസംവിധാനങ്ങളും വികസനകാഴ്ചപ്പാടുകളും ചർച്ച ചെയ്യുന്നതിനും നൂതന ആശയങ്ങൾ പങ്കുവയ്ക്കുന്നതിനുമുള്ള വേദി എന്ന ലക്ഷ്യത്തോടെ രൂപീകരിച്ചിട്ടുള്ള നാഷണൽ ലെജിസ്ലേറ്റേഴ്സ് കോൺഫറൻസ് ഭാരതും (എൻ.എൽ.സി. ഭാരത്) അമേരിക്കയിലെ നാഷണൽ കോൺഫറൻസ് ഓഫ് സ്റ്റേറ്റ് ലെജിസ്ലേറ്റേഴ്സും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്. കേരളത്തെ പ്രതിനിധീകരിച്ച് നിയമസഭാ സ്പീക്കർ എ. എൻ. ഷംസീർ, സാമാജികരായ നജീബ് കാന്തപുരം, ജോബ് മൈക്കിൾ എന്നിവർ ഉച്ചകോടിയിൽ പങ്കെടുത്തു. സഹകരിച്ചുള്ള ഇടപഴകലിന് ഒരു പുതിയ മാനദണ്ഡം സ്ഥാപിച്ചുകൊണ്ടുള്ള ഈ സംരംഭം ഒരു പരിവർത്തന അനുഭവമായിരുന്നുവെന്ന് സ്പീക്കർ അഭിപ്രായപ്പെട്ടു.

ജനങ്ങളുടെ സ്വന്തം പൊന്നാനി സുൽത്താൻ

മലബാറിലെ ആദ്യകാല കമ്മ്യൂണിസ്റ്റ് നേതാവും സ്വാതന്ത്ര്യ സമര സേനാനിയുമായിരുന്നു 'പൊന്നാനി സുൽത്താൻ' എന്ന് അറിയപ്പെട്ടിരുന്ന ഏഴുകുടിക്കൽ ഇമ്പിച്ചിബാവ എന്ന ഇ. കെ. ഇമ്പിച്ചിബാവ. ഇ.എം.എസിന്റെ നേതൃത്വത്തിലെ സപ്തകക്ഷി മന്ത്രിസഭയിൽ ഗതാഗത വകുപ്പുമന്ത്രിയായിരുന്ന ഇമ്പിച്ചിബാവ പാർലമെന്റിന്റെ ഇരു സഭകളിലും അംഗമായിരുന്നിട്ടുണ്ട്. സുദീർഘമായ പാർലമെന്ററി പ്രവർത്തനത്തിൽ കക്ഷിപരിഗണനകൾക്ക് അതീതമായി സാധാരണക്കാരുടെ ശബ്ദമായി അദ്ദേഹം നിലകൊണ്ടു.

മലബാറിലെ ഒരു സാധാരണ കുടുംബത്തിൽ തുറമുഖ തൊഴിലാളിയായിരുന്ന ഏഴുകുടിക്കൽ അബ്ദുള്ളയുടെ മകനായി 1917 ജൂലൈ 20 നാണ് ഇമ്പിച്ചിബാവ ജനിച്ചത്. പൊന്നാനി ടി.ഐ.യു.പി. സ്കൂൾ, കോഴിക്കോട് ചാലപ്പുറം

ഇമ്പിച്ചിബാവ

ഗവൺമെന്റ് ഗണപത് ഹൈസ്ക്കൂൾ എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. കോഴിക്കോട് നടന്ന അഖില കേരള വിദ്യാർഥി സമ്മേളനത്തിന്റെ സംഘാടനത്തിൽ ശ്രദ്ധ നേടിയതോടെ പി.കൃഷ്ണപിള്ളയാണ് ഇമ്പിച്ചിബാവയെ പൊതുപ്രവർത്തന രംഗത്തെത്തിച്ചത്. ആദ്യകാല കോൺഗ്രസ് നേതാവും സ്വാതന്ത്ര്യ സമര സേനാനിയുമായിരുന്ന മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ സ്വാധീനത്താലാണ് അദ്ദേഹം സ്വാതന്ത്ര്യ സമരത്തിൽ ആകൃഷ്ടനായത്. വിദ്യാഭ്യാസ കാലത്തുതന്നെ ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി കോൺഗ്രസിൽ പ്രവർത്തിച്ചു തുടങ്ങിയ അദ്ദേഹം കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിലും തുടർന്ന് 1940 ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിലും അംഗമായി. കേരള സംസ്ഥാന രൂപീകരണത്തോടെ പ്രവർത്തനമേഖല കേരളത്തിലുടനീളം വ്യാപിപ്പിച്ചു.

1952 – 54 കാലഘട്ടത്തിൽ ഇമ്പിച്ചിബാവ മദിരാശി സംസ്ഥാനത്ത് നിന്നുള്ള രാജ്യസഭാംഗമായിരുന്നു. രാജ്യസഭയിൽ ആദ്യമായി പ്രാദേശിക ഭാഷയിൽ പ്രസംഗിച്ചത് അദ്ദേഹമാണ്. ചെയർമാൻ ഡോ. എസ്. രാധാകൃഷ്ണൻ റൂളിംഗ് നൽകിയതോടെ രാജ്യസഭയിലെ അദ്ദേഹത്തിന്റെ മലയാളത്തിലുള്ള പ്രസംഗം പാർലമെന്റ് ചരിത്രത്തിന്റെ ഭാഗമായി. ഐക്യ കേരള രൂപീകരണത്തിനുശേഷം 1962 ൽ പൊന്നാനിയിൽ നിന്നും 1980 ൽ കോഴിക്കോട് നിന്നും ലോക്സഭാംഗമായി പാർലമെന്റിലെത്തി. 1967 ൽ മണ്ണാർക്കാട് മണ്ഡലത്തിൽ നിന്ന് മൂന്നാം കേരള നിയമസഭയിലേക്കും 1991 ൽ പൊന്നാനി മണ്ഡലത്തിൽ നിന്ന് ഒൻപതാം കേരള നിയമസഭയിലേക്കും ഇമ്പിച്ചിബാവ തിരഞ്ഞെടുക്കപ്പെട്ടു.

കേരളം കണ്ട ജനകീയ മന്ത്രിമാരിൽ പ്രമുഖനായിരുന്നു ഇമ്പിച്ചിബാവ. രണ്ടാം ഇ.എം.എസ്. മന്ത്രിസഭയിൽ അദ്ദേഹം ഗതാഗത വകുപ്പ് മന്ത്രിയായിരുന്ന കാലത്താണ് കരിപ്പൂർ വിമാനത്താവളത്തിനായി സ്ഥലം ഏറ്റെടുത്തത്. മലബാറിൽ ഗതാഗത സൗകര്യം വർധിപ്പിക്കുന്നതിൽ അദ്ദേഹം പ്രധാന പങ്ക് വഹിച്ചു. മന്ത്രിയായിരിക്കെ ജനകീയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ധീരമായ നിലപാട് സ്വീകരിക്കുന്നതിനും നടപ്പിൽ വരുത്തുന്നതിനും അദ്ദേഹത്തിന് സാധിച്ചു. മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനും പൊന്നാനി തുറമുഖ വികസനത്തിനും ശ്രദ്ധേയമായ സംഭാവനകൾ നൽകിയിട്ടുണ്ട്.

അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പാലക്കാട് ജില്ലാ സെക്രട്ടറിയും പാർട്ടിയുടെ ദേശീയ കൗൺസിൽ അംഗവുമായിരുന്നു ഇമ്പിച്ചിബാവ. മലപ്പുറം ജില്ലാ രൂപീകരണത്തിനു ശേഷം സി.പി.ഐ.(എം) ജില്ലാ സെക്രട്ടറിയായി ദീർഘകാലം പ്രവർത്തിച്ചു. സി.പി.ഐ.(എം) സംസ്ഥാന കമ്മിറ്റി അംഗം, സി.ഐ.ടി.യു. മലപ്പുറം ജില്ലാ പ്രസിഡന്റ്, അഖിലേന്ത്യാ പ്രവർത്തക സമിതി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. അന്തരിക്കുമ്പോൾ മത്സ്യത്തൊഴിലാളി യൂണിയൻ സംസ്ഥാന പ്രസിഡന്റായിരുന്നു ഇമ്പിച്ചിബാവ. മലപ്പുറം ജില്ലയിലെ തൊഴിലാളി കർഷക പ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്ക് നിരവധി സംഭാവനകൾ നൽകിയ അദ്ദേഹം 1970 ലെ മിച്ചഭൂമി സമരത്തിൽ മലബാറിലെ മുന്നണി പോരാളിയായി.

സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തതിന് വിദ്യാർഥിയായിരിക്കെ അറസ്റ്റ് വാറണ്ട് ലഭിച്ചിട്ടുള്ള ഇമ്പിച്ചിബാവയ്ക്ക് 1940 ലും 1942 ലും

ജയിൽവാസമനുഭവിക്കേണ്ടിവന്നിട്ടുണ്ട്. നിരവധി തവണ ഒളിവിൽ കഴിയേണ്ടി വന്നിട്ടുള്ള ഇമ്പിച്ചിബാവയ്ക്കെതിരെ ലോക്സഭാംഗമായിരിക്കെ രാജ്യരക്ഷാ നിയമപ്രകാരം അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചെങ്കിലും അറസ്റ്റ് ചെയ്യാൻ കഴിഞ്ഞില്ല. പതിനെട്ട് മാസത്തോളം ഒളിവിലായിരുന്ന അദ്ദേഹം പാർലമെന്റംഗമാകുകയും പോലീസിന്റെ പിടിയിൽ പെടാതെ സഭാനടപടികളിൽ പങ്കെടുക്കുകയും ചെയ്തു. 1975-77 ൽ അടിയന്തരാവസ്ഥക്കാലത്ത് അദ്ദേഹത്തിന് രണ്ട് വർഷത്തോളം കണ്ണൂർ സെൻട്രൽ ജയിലിൽ കഴിയേണ്ടി വന്നിട്ടുണ്ട്.

ഒൻപതാം കേരള നിയമസഭയിലെ ഏറ്റവും മുതിർന്ന അംഗമായിരുന്ന ഇമ്പിച്ചിബാവ സംഘാടകൻ, ജനപ്രിയ വാഗ്മി, മികച്ച പാർലമെന്റേറിയൻ എന്നീ നിലകളിൽ ശ്രദ്ധേയനായിരുന്നു. പൊതുപ്രവർത്തനത്തിൽ അടിയുറച്ച വിശ്വാസ പ്രമാണങ്ങൾ പുലർത്തിയ ഇമ്പിച്ചിബാവ സൗഹാർദപരമായാണ് എല്ലാവരോടും പെരുമാറിയിരുന്നത്. സാധാരണ കുടുംബത്തിൽ ജനിച്ച് സാധാരണക്കാരനായി വളർന്ന അദ്ദേഹം സാധാരണക്കാരുടെ സമര സേനാനിയായിരുന്നു. രാഷ്ട്രീയത്തിലെ പ്രായോഗികതയുടെ വക്താവായിരുന്ന അദ്ദേഹം നർമ്മപ്രധാനവും സരളവും ആശയസമ്പുഷ്ടവുമായ പ്രസംഗശൈലിയുടെ ഉടമയായിരുന്നു.

സി.പി.ഐ (എം.) സ്ഥാപക നേതാക്കളായ മലയാളികൾ. ഇരിക്കുന്നവരിൽ ഇടത്തു നിന്നും വലത്തോട്ട് ഇ.എം.എസ്.. വി.വി. കുഞ്ഞമ്പു, ഇ.കെ. നായനാർ, നിൽക്കുന്നവർ ഇടത്തു നിന്നും വലത്തോട്ട് വി.എസ്. അച്യുതാനന്ദൻ, ഇ.കെ. ഇമ്പിച്ചിബാവ, എ.കെ.ജി., സി.എച്ച്. കണാരൻ

രാജ്യസഭാംഗമായിരിക്കെയാണ് ഇമ്പിച്ചിബാവയുടെ വിവാഹം. തൊട്ടിയൻ മമ്മദു മാസ്റ്ററുടെ മകൾ ഫാത്തിമയാണ് ഭാര്യ. അധ്യാപികയായിരുന്ന ഫാത്തിമ ടീച്ചർ ജില്ലാ കൗൺസിൽ അംഗമായും പൊന്നാനി നഗരസഭാ ചെയർപേഴ്സണായും പ്രവർത്തിച്ചിട്ടുണ്ട്. ദമ്പതികൾക്ക് അഞ്ച് മക്കളുണ്ട്.

1995 ൽ ചണ്ഡിഗഢിൽ സി.പി.ഐ.(എം.) ന്റെ പതിനഞ്ചാം പാർട്ടി കോൺഗ്രസിൽ പങ്കെടുത്ത് മടങ്ങവേ ഡൽഹിയിൽ വച്ചാണ് ഇമ്പിച്ചിബാവ അന്തരിച്ചത്. 1995 ഏപ്രിൽ 11 ന് അന്തരിക്കുമ്പോൾ നിയമസഭാംഗമായിരുന്ന അദ്ദേഹത്തിന് 1995 ഏപ്രിൽ 24 ന് നിയമസഭ ചരമോപചാരം അർപ്പിച്ചു.

കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷൻ ഇന്ത്യാ റീജിയൺ കോൺഫറൻസ്

2024 സെപ്റ്റംബർ 23, 24 തീയതികളിൽ ന്യൂഡൽഹിയിൽ സംഘടിപ്പിക്കപ്പെട്ട കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷൻ ഇന്ത്യാ റീജിയണിന്റെ 10 ാമത് കോൺഫറൻസിൽ കേരള നിയമസഭയെ പ്രതിനിധീകരിച്ച് ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാറും നിയമസഭാ സെക്രട്ടറി ഡോ. എൻ. കൃഷ്ണ കുമാറും പങ്കെടുത്തു. 'സമഗ്രവും സുസ്ഥിരവുമായ വികസനത്തിൽ നിയമനിർമ്മാണ സഭകളുടെ പങ്ക്' എന്ന വിഷയത്തിലാണ് കോൺഫറൻസ് സംഘടിപ്പിച്ചത്.

കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സംസ്ഥാന വിഹിതത്തിന് പരിധി വയ്ക്കരുത് : ഇ. ചന്ദ്രശേഖരൻ നായർ

1959 മാർച്ച് 9 ന് നടന്ന ബജറ്റ് ചർച്ചയിൽ പങ്കെടുത്ത് ഇ. ചന്ദ്രശേഖരൻ നായർ സഭാതലത്തിൽ നടത്തിയ പ്രസംഗത്തിൽ നിന്ന്

"സർ, കേരളത്തിലെ ചരിത്രത്തിൽ സാധാരണ കാണാറില്ലാത്ത വിധത്തിൽ മൂന്നാമത്തെ ബജറ്റ് അവതരിപ്പിച്ചതിൽ ഞാൻ ധനകാര്യമന്ത്രിയെ അഭിനന്ദിക്കുന്നു. ഇവിടെ അവതരിപ്പിക്കപ്പെട്ട ഈ ബജറ്റ് ആകെ പരിശോധിക്കുകയാണെങ്കിൽ ഒരു കാര്യം വളരെ വ്യക്തമായി കാണുവാൻ കഴിയും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഭരണപരമായ കാര്യങ്ങളിൽ കാര്യക്ഷമത വർദ്ധിച്ചിട്ടുണ്ടെന്ന് പറയാതെ തരമില്ല. ചിലർ പറയും, തങ്ങൾ ഭരിക്കാനായി പിറന്നവരാണെന്ന്. മറ്റാരും ഈ രാജ്യം ഭരിക്കുന്നത് അവർക്കിഷ്ടമില്ല. അവർ ഭരിച്ചിരുന്ന കാലത്തെ അനുഭവങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് നമുക്കറിയാം. രണ്ടു കാര്യങ്ങളാണ് ഭരിക്കുമ്പോൾ പ്രധാനമായി നോക്കേണ്ടത്. ഒന്നാമത് നമ്മുടെ രാജ്യത്ത് കിട്ടാവുന്ന നികുതി ഇനങ്ങൾ മുഴുവനും കഴിവുള്ളിടത്തോളം പിരിക്കുകയും അതായത്, നികുതി അർഹിക്കുന്നവർക്കുമാത്രം ചുമത്തി അത് പിരിക്കാവുന്നിടത്തോളം പിരിക്കുകയും രണ്ടാമത്, ആ നികുതി മുഴുവനും രാജ്യക്ഷേമത്തിനുവേണ്ടി വിനിയോഗിക്കുകയും ചെയ്യുക. ആ അളവുകോൽ വച്ചുകൊണ്ട് ഈ ബജറ്റ് പരിശോധിക്കുകയാണെങ്കിൽ ഗവൺമെന്റ് വളരെയധികം അഭിനന്ദനം അർഹിക്കുന്നുണ്ടെന്ന് കാണാവുന്നതാണ്.

ഈ ബജറ്റ് പ്രസംഗത്തിൽ ഒരു കാര്യം വ്യക്തമാകുന്നുണ്ട്. മൂന്നു കോടിയിൽ ചിലാനം രൂപ പല ഇനത്തിലുള്ള നികുതി കുടിശ്ശിക ഇനത്തിൽ ഉണ്ടായിരുന്നു. അതുവരെ ഭരിച്ചു കൊണ്ടിരുന്നവർക്ക് തീർച്ചയായും അതു അഭിമാനകരമായ ഒന്നല്ല. ഈ മൂന്നു കോടി രൂപ കുടിശ്ശിക വന്നതിൽ, കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ, എഴുപതു ലക്ഷം രൂപയുടെ കുടിശ്ശിക പിരിച്ചെടുക്കുവാനും റൈറ്റ് ഓഫ് ചെയ്യുവാനും ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ തന്നാണ്ടിലുള്ള നികുതികൾ പിരിച്ചെടുക്കുന്നതിലും കുറെയൊക്കെ വിജയിച്ചിട്ടുണ്ട്. ഇതു ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഭരണപരമായ കഴിവിന്റെ ഒരു മാനദണ്ഡമായി സ്വീകരിക്കാം.

നികുതി പിരിച്ചെടുക്കുന്ന കാര്യത്തിലെന്നതുപോലെ ആ തുക വിനിയോഗിക്കുന്ന കാര്യത്തിലും നമുക്കഭിമാനിക്കാൻ വകയുണ്ട്. ഈ ഗവൺമെന്റ് വരുന്നതിനുമുമ്പുള്ള ഗവൺമെന്റുകൾ എല്ലാ കാലഘട്ടങ്ങളിലും കൊണ്ടുവരുന്ന ബജറ്റുകളിൽ നിന്ന് നമുക്ക് കൂടുതലായി മനസ്സിലാക്കുവാൻ കഴിയുന്നത് ലാപ്സുകളുടെ കണക്കാണ്. എല്ലാക്കൊല്ലവും ലാപ്സായ തുകകളുടെ കണക്കുകൾ

ഇ. ചന്ദ്രശേഖരൻ നായർ

ഒന്നാം കേരള നിയമസഭയിൽ കൊട്ടാരക്കര മണ്ഡലത്തിൽ നിന്ന് സി.പി.ഐ. പ്രതിനിധിയായി ആദ്യമായി നിയമസഭാ സാമാജികനായ ഇ.ചന്ദ്രശേഖരൻ നായർ മൂന്ന്, അഞ്ച്, ആറ്, എട്ട്, പത്ത് നിയമസഭകളിലും അംഗമായി. 1980-81 കാലയളവിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി, 1987-91 കാലയളവിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ് മന്ത്രി, 1996-2001 കാലയളവിൽ ഭക്ഷ്യവും ടൂറിസവും നിയമവും വകുപ്പ് മന്ത്രി എന്നീ നിലകളിൽ പ്രവർത്തിച്ചു. മന്ത്രിയായിരിക്കെ 1980 ൽ പൊതുവിതരണ രംഗത്ത് മാവേലി സ്റ്റോർ, ഓണച്ചന്ത തുടങ്ങിയ വിപ്ലവകരമായ ആശയങ്ങൾ നടപ്പിലാക്കിയതും സഹകരണ മേഖലയിൽ നിക്ഷേപ സമാഹരണ പദ്ധതിക്ക് തുടക്കം കുറിച്ചതും അദ്ദേഹത്തിന്റെ തിളക്കമാർന്ന നേട്ടങ്ങളിൽപ്പെടുന്നു. മൂന്ന് തവണ മന്ത്രിയായും ആറ് തവണ എം.എൽ.എ.യായും പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം മികച്ച സഹകാരിക്കുള്ള സദാനന്ദൻ അവാർഡ്, മികച്ച പാർലമെന്റേറിയനുള്ള ആർ. ശങ്കരനാരായണൻ തമ്പി അവാർഡ് എന്നിവ നേടിയിട്ടുണ്ട്. കേരള നിയമസഭയുടെ അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി ചെയർമാനായി പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം സബ്ജക്ട് കമ്മിറ്റികളുടെ രൂപീകരണം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ച സമിതിയുടെയും സബ്ജക്ട് കമ്മിറ്റികളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനായി നിയോഗിച്ച സമിതിയുടെയും ചെയർമാൻ എന്ന നിലയിലും ചരിത്രത്തിൽ ഇടം നേടിയിട്ടുണ്ട്. 2017 നവംബർ 29 ന് അന്തരിച്ച അദ്ദേഹത്തിന് 2018 ജനുവരി 23 ന് കേരള നിയമസഭ ചരമോപചാരം അർപ്പിച്ചു.

കൂടി കൊള്ളിച്ചിട്ടുണ്ടായിരിക്കും. ഗവർണ്ണറുടെ പ്രസംഗത്തിൽ നിന്നു നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നതുപോലെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം രണ്ടാം പഞ്ചവത്സര പദ്ധതി പ്രാവർത്തികമാക്കിയ ആദ്യത്തെ വർഷത്തിൽ 58 ശതമാനവും 1957-58 ൽ 78 ശതമാനവും ഈ സാമ്പത്തിക വർഷത്തിൽ ഏതാണ്ട് നൂറു ശതമാനത്തോടടുപ്പിച്ചും ചെലവാക്കാൻ സാധിച്ചിട്ടുണ്ടെന്നുള്ളത് തീർച്ചയായും അഭിമാനകരമാണ്. ഈ സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ ചെലവാക്കിയിട്ടുള്ളതിന്റെ മുഴുവൻ കണക്കുകളും നമുക്ക് ലഭിച്ച് കഴിയുമ്പോൾ നൂറു ശതമാനവും ചെലവ് ചെയ്തു എന്ന് പറയുവാൻ നമുക്ക് സാധിക്കുമെന്നാണെന്റെ വിശ്വാസം. അങ്ങനെ, നികുതി പിരിക്കുന്ന കാര്യത്തിലും തുക ചെലവാക്കുന്ന കാര്യത്തിലും രാജ്യക്ഷേമകരങ്ങളായ പ്രവർത്തനങ്ങൾ നടത്തുന്ന കാര്യത്തിലും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഗണ്യമായ മാറ്റങ്ങൾ വന്നിട്ടുണ്ട്. അതുകൊണ്ട്, ഭരണപരമായ കഴിവ് ഈ ഗവൺമെന്റിനുണ്ടെന്ന് ഈ ബജറ്റ് പ്രസംഗവും ബജറ്റും ഉടനീളം പ്രതിഫലിപ്പിക്കുന്നുണ്ടെന്നാണ് ആദ്യമായി എനിക്കു പറയുവാനുള്ളത്.

ഈ അവസരത്തിൽ നമ്മുടെ റിസോഴ്സ്സിനെക്കുറിച്ചും നമ്മുടെ വരവിനെക്കുറിച്ചും രണ്ടുവാക്ക് പറയുവാനുണ്ട്. എനിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞിടത്തോളം ബജറ്റ് മെമ്മോറാണ്ടത്തിൽ 1957-58 ലെ ആക്ചൽസ് തന്നിരിക്കുന്നിടത്ത് ഒരു കോടി രൂപ ഇലക്ട്രിസിറ്റി ബോർഡ് ഇന്ററസ്റ്റ് ഇനത്തിൽ ഗവൺമെന്റിന് കിട്ടേണ്ടതുണ്ടായിരുന്നതിൽ കിട്ടിയില്ലെന്ന് കാണുന്നു. ഇതിനെ സംബന്ധിച്ച്

'About a crore of rupees was anticipated from the Kerala Electricity Board on account of interest on the loans given by the Government. But actually no amount on this account was received in the year 1957-58.'

എന്നാണ് എക്സ്പ്ലനേറ്ററി മെമ്മോറാണ്ടത്തിൽ പറയുന്നത്. അതുപോലെ, 1958-59 ലെ റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധിച്ചാൽ അവിടെയും നമുക്ക് കിട്ടേണ്ടിടത്തോളം തുക പലിശ ഇനത്തിൽ, ഇലക്ട്രിസിറ്റി ബോർഡിൽ നിന്ന് കിട്ടിയിട്ടില്ലെന്നു കാണാം. മുപ്പതു മുപ്പത്തിയഞ്ചുകോടി രൂപ വരുമാനമുള്ള ഒരു സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഒരു കോടി രൂപയെന്നത് നിസ്സാരമായ ഒരു തുകയല്ല. ഇലക്ട്രിസിറ്റി കോർപ്പറേഷൻ രൂപീകരിച്ചതോടുകൂടി ഗവൺമെന്റ് അതിൽ മുടക്കിയിട്ടുള്ള പണത്തിന്റെ പലിശ കിട്ടുമെന്ന വിചാരമാണുണ്ടായിരുന്നത്. ട്രാൻസ്പോർട്ടിന്റെ കാര്യത്തിലും കോർപ്പറേഷൻ രൂപീകരിക്കേണ്ടതാണെന്ന് അഭിപ്രായപ്പെട്ടവർ ഈ വസ്തുത കൂടി പരിഗണിക്കണമെന്നെനിക്ക് അപേക്ഷയുണ്ട്. ഈതുക ഇനി കിട്ടാക്കടമായിട്ട് വരുമോ, അതോ ഈ വർഷത്തിലെങ്കിലും കിട്ടുമോ എന്നു ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ വ്യക്തമാക്കണമെന്നപേക്ഷിക്കുന്നു. അത് കിട്ടാത്ത തുകയാണെങ്കിൽ ഈ ബോർഡ് രൂപീകരണം തന്നെ ശരിയായിരുന്നുവോ എന്നും ആലോചിക്കേണ്ടതാണ്.

ഇതുപോലെ പഞ്ചവത്സരപദ്ധതിയിലുൾപ്പെടുന്നതും ഉൾപ്പെടാത്തതുമായ സുപ്രധാനങ്ങളായ നമ്മുടെ പല സ്കീമുകളിലും കേന്ദ്ര ഗവൺമെന്റ് പറഞ്ഞിട്ടുള്ളതെന്താണെന്നു കൂടി നാം ഈ അവസരത്തിൽ ആലോചിക്കേണ്ടതുണ്ട്. അവർ പറയുന്നത് അനുസരിച്ച് നാം പ്രവർത്തിച്ചാൽ അവരെന്തു സഹായമാണ് ചെയ്തുതരിക. നമ്മുടെ പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കുവാൻ ഇടവരുത്തുന്നതായ പരിപാടികളാണ് കേന്ദ്ര ഗവൺമെന്റ് ചില കാര്യങ്ങളെ സംബന്ധിച്ചെങ്കിലും അനുവർത്തിച്ചു വരുന്നതെന്ന് പറയാതെ നിവൃത്തിയില്ല, ഒന്ന് രണ്ട് ഉദാഹരണങ്ങൾ ഞാൻ ചൂണ്ടിക്കാണിക്കാം. വിദ്യാർഥികൾക്ക് ഉച്ചക്കഞ്ഞി കൊടുക്കാൻ ചെലവാക്കുന്ന തുകയുടെ അൻപത് ശതമാനം കേന്ദ്ര ഗവൺമെന്റ് ചെലവാക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. കഴിഞ്ഞ കൊല്ലം അൻപതു ലക്ഷത്തിൽ ചിലാനം രൂപ അക്കാര്യത്തിനുവേണ്ടി ചെലവാക്കി. എന്നാൽ അൻപതു ശതമാനത്തോളം ഇന്ത്യാ ഗവൺമെന്റ് തരാമെന്നു പറഞ്ഞിട്ടുണ്ടെങ്കിലും എനിക്കു മനസ്സിലാക്കുവാൻ സാധിച്ചത്, ഒരാണ്ടിൽ നാല് ലക്ഷം രൂപയിൽ കൂടുതൽ തരികയില്ലെന്നാണ്. അതുപോലെ തന്നെ ഹാൻഡ്ലൂം വ്യവസായത്തിന്റെ കാര്യവും: ഇന്നയിന്ന വ്യവസ്ഥയോടു കൂടി ഇന്നയിന്ന രീതിയിൽ ഈ തുക കൊടുക്കണമെന്നുണ്ട്. അതിലേക്ക് കഴിഞ്ഞ വർഷം 15 ലക്ഷത്തോളം രൂപ ചെലവ് ചെയ്തു. അങ്ങനെ കൊടുത്തുകഴിഞ്ഞാൽ അതിനു മിനിമം സീലിംഗ് നിശ്ചയിച്ചിട്ടുണ്ട്. അതനുസരിച്ച് പത്ത് ലക്ഷം രൂപയേ ഇന്ത്യാ ഗവൺമെന്റ് തരികയുള്ളു. ഇങ്ങനെയാണ് കേന്ദ്ര ഗവൺമെന്റ് തുടങ്ങുന്നതെങ്കിൽ അവർ പറയുന്നതെല്ലാം ഇംപ്ലിമെന്റ് ചെയ്യുന്നതിന് ചില പ്രായോഗിക വൈഷമ്യങ്ങൾ നേരിടുന്നതാണ്.

കേന്ദ്ര ഗവൺമെന്റിൽ നിന്ന് പുതിയതായി പല പദ്ധതികളും ആവിഷ്കരിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിക്കുന്ന പദ്ധതി അനുസരിച്ച് സംസ്ഥാന ഗവൺമെന്റ് പ്രവർത്തിക്കേണ്ടി വരുന്നതുകൊണ്ട് വളരെ അധികം വൈഷമ്യം സംസ്ഥാന ഗവൺമെന്റിന് ഇന്ന് അനുഭവിക്കേണ്ടി വരുന്നുണ്ട്. കേന്ദ്രത്തിൽ നിന്ന് ആവിഷ്ക്കരിക്കുന്ന പദ്ധതി അനുസരിച്ച് സംസ്ഥാന ഗവൺമെന്റ് അവരുടെ വിഹിതം ചെലവഴിച്ച് കഴിഞ്ഞാൽ കേന്ദ്രത്തിൽ നിന്ന് ലഭിക്കേണ്ടതായ സംഖ്യ മുഴുവൻ കിട്ടാതിരിക്കുന്ന പരിതസ്ഥിതിയാണ് ഇന്ന് ഉണ്ടാകുന്നത്. കേന്ദ്രത്തിലെ പദ്ധതി അനുസരിച്ച് 20 ലക്ഷം രൂപ നാം ചെലവാക്കി കഴിഞ്ഞാൽ അതിൽ അഞ്ചു ലക്ഷം രൂപയേ കേന്ദ്രം തരികയുള്ളൂ എന്നാണ് പറയുന്നത്. ഇങ്ങനെയാണ് കാര്യങ്ങൾ പോകുന്നതെങ്കിൽ നാം അതിനെപ്പറ്റി ഒന്ന് ചിന്തിക്കണം. കേന്ദ്രത്തിന്റെ നിർദ്ദേശമനുസരിച്ച് പദ്ധതികൾ നടപ്പിൽ വരുത്തുന്നതുകൊണ്ട്, ചെലവായ സംഖ്യ സ്റ്റേറ്റ് ഗവൺമെന്റിന് കിട്ടാത്തതുകൊണ്ട്, സ്റ്റേറ്റ് ഗവൺമെന്റിന്റെ സാമ്പത്തികസ്ഥിതി താറുമാറാകുന്നു എന്ന് കേന്ദ്രത്തോടു പറയണം. കേന്ദ്രം ആവിഷ്ക്കരിക്കുന്ന പദ്ധതി നടപ്പാക്കുന്നതിൽ സംസ്ഥാനത്തിന് കിട്ടേണ്ട വീതത്തിൽ ഒരു പരിധി വയ്ക്കരുത് എന്ന് നാം കേന്ദ്രത്തോടു പറയണം.

സർ, അതുപോലെ തന്നെ ഈ ബജറ്റിൽ വളരെ സ്വാഗതാർഹമായി

കാണുന്ന ഒരു കാര്യം രണ്ടാം പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനത്തിൽ കൂടുതൽ കാര്യക്ഷമത കാണിക്കുന്നു, അതു കൂടുതൽ വിജയപ്രദയമാക്കുന്നു എന്നുള്ളതാണ്. ഈ രീതിയിൽ പോകുകയാണെങ്കിൽ പദ്ധതിയുടെ പ്രവർത്തനം നൂറു ശതമാനവും വിജയിക്കും എന്നുള്ളതിന് ആക്ഷേപമില്ല. അതോടുകൂടി നമ്മുടെ രാജ്യത്തിന്റെ അഭിവൃദ്ധിലാക്കാക്കി, ശ്രേയസിനെ ലാക്കാക്കി മൂന്നാം പഞ്ചവത്സര പദ്ധതിയെക്കുറിച്ച് ഇപ്പോൾ ചിന്തിക്കുവാനും തുടങ്ങിയിരിക്കുന്നു എന്നുള്ളത് തീർച്ചയായും അഭിമാനാർഹമായ ഒരു കാര്യമാണ്. നമ്മുടെ ഭാവി തലമുറ ആ കാര്യത്തിൽ കൃതജ്ഞതയോടുകൂടിത്തന്നെ ഈ ഗവൺമെന്റിനെ സ്മരിക്കും എന്നുള്ളതിന് തർക്കമില്ല. ഇതുവരെ പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കിക്കൊണ്ടിരുന്ന മാർഗ്ഗം നമുക്ക് അറിയാം. ഓരോ പ്രദേശത്തുനിന്നും ഇത്ര പാലങ്ങൾ വേണം, ഇത്ര കുളങ്ങൾ വേണം, ഇത്ര റോഡുകൾ വേണം എന്ന് പറഞ്ഞ് ഓരോ നിവേദനങ്ങൾ വരും. ആകെക്കൂടി പദ്ധതിക്കു വേണ്ടി ചെലവാക്കാൻ ഉദ്ദേശിക്കുന്നതിൽ രണ്ടും മൂന്നും ഇരട്ടി സംഖ്യ ചെലവാക്കിയാലും നിവേദനങ്ങളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ എല്ലാം നടത്തുവാൻ സാധ്യമാവുകയില്ല. അത്രയ്ക്കുണ്ടാകും നിവേദനങ്ങളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ. അങ്ങനെ വരുമ്പോൾ അത് വെട്ടിക്കുറയ്ക്കും. ആരുടെ നിവേദനം വെട്ടിക്കുറച്ചാൽ ഗവൺമെന്റിന് അല്ലെങ്കിൽ കക്ഷിക്ക് ദോഷം ഇല്ല എന്നുള്ളത് നോക്കി വെട്ടിക്കുറച്ച് പദ്ധതികൾ തയ്യാറാക്കുകയായിരുന്നു പതിവ്. അങ്ങനെയാണ് പദ്ധതികൾ തയ്യാറാക്കിക്കൊണ്ടിരുന്നത് എന്ന് ഒന്നാം പഞ്ചവത്സര പദ്ധതിയെ സംബന്ധിച്ചും രണ്ടാം പഞ്ചവത്സര പദ്ധതിയെ സംബന്ധിച്ചും ഉള്ള ബുക്ക്‌ലറ്റ്സ് വായിച്ചാൽ മനസ്സിലാക്കാം. അതിൽ നിന്നും വ്യത്യസ്തമായി മൂന്നാം പഞ്ചവത്സര പദ്ധതിയുടെ കാര്യത്തിൽ അതിനാവശ്യമായ സാമ്പത്തികമായ കാര്യങ്ങൾ ശേഖരിക്കുന്നതിനും അതിനാവശ്യമായ ഉപദേശങ്ങൾ നൽകുന്നതിന് വേണ്ടിയുള്ള ഗവേഷണ സ്ഥാപനങ്ങൾ ഉണ്ടാക്കുകയും ചെയ്തതിന് ഞാൻ വളരെ അധികം ഗവൺമെന്റിനെ അഭിനന്ദിക്കുന്നു.''

പാർലമെന്ററി നടപടിക്രമങ്ങളെ സംബന്ധിച്ച സർട്ടിഫിക്കറ്റ് & പി.ജി. ഡിപ്ലോമ കോഴ്സുകൾ

കേരള നിയമസഭാ സെക്രട്ടേറിയറ്റിന്റെ പഠന-പരിശീലന വിഭാഗമായ കെ-ലാംപ്സ് (പി.എസ്.) നടത്തി വരുന്ന 'സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി പ്രാക്ടീസ് ആൻഡ് പ്രൊസീജിയർ' പരിഷ്കരിക്കുകയും ബേസിക്, അഡ്വാൻസ്ഡ് കോഴ്സ് എന്നിങ്ങനെ വിഭജിച്ച് ഒരേ സമയം രണ്ടു കോഴ്സുകളിലായി പുതിയ ബാച്ചുകൾ ആരംഭിക്കുകയാണ്. ആറു മാസം കാലാവധിയുള്ള ബേസിക് കോഴ്സിന് പത്താം ക്ലാസാണ് അടിസ്ഥാന യോഗ്യത. പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെയായിരിക്കും ബേസിക് കോഴ്സിന്റെ പഠന രീതി. ഒരു വർഷം കാലാവധിയുള്ളതും അഡ്വാൻസ്ഡ് കോഴ്സുമായ പി.ജി. ഡിപ്ലോമയ്ക്ക് ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമായിരിക്കും അടിസ്ഥാന യോഗ്യത. കോഴ്സുകൾക്ക് പ്രായപരിധി ബാധകമല്ല. ഇത് സംബന്ധിച്ച് ഔദ്യോഗിക വിജ്ഞാപനം 2024 ഒക്ടോബറിൽ പുറപ്പെടുവിക്കുന്നതാണ്.

സർട്ടിഫിക്കറ്റ് കോഴ്സിന്റെ നിലവിലുള്ള (പത്താമത്) ബാച്ചിന്റെ എഴുത്തു പരീക്ഷ, വാചാ പരീക്ഷ എന്നിവ 2024 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി നടത്തുകയുണ്ടായി.

ഒൻപതാമത് ബാച്ചിലെ റാങ്ക് ജേതാക്കൾ

പ്രകാശ് പി. കുറുപ്പ് (ഒന്നാം റാങ്ക്), നന്ദകുമാർ എസ്. ആർ. (രണ്ടാം റാങ്ക്), സിദ്ദിഖ് സി. (മൂന്നാം റാങ്ക്)

സാംസ്കാരികകാര്യ വകുപ്പ് ഉദ്യോഗസ്ഥർക്ക് പരിശീലനം

കെ-ലാംപ്സ്(പി.എസ്) വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 2024 ആഗസ്റ്റ് 14 ന് സാംസ്കാരികകാര്യ വകുപ്പ് ഉദ്യോഗസ്ഥർക്കായി പരിശീലന പരിപാടി സംഘടിപ്പിച്ചു. നിയമസഭയുടെ മേശപ്പുറത്ത് സമർപ്പിക്കുന്ന വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകളുടെ പ്രാധാന്യം, വിവിധ റിപ്പോർട്ടുകളുടെ സൂക്ഷ്മ പരിശോധന മുതൽ സമിതിയിൽ സമർപ്പിക്കുന്നതുവരെയുള്ള നടപടിക്രമം, ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ സ്വീകരിക്കുന്ന നടപടികൾ തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം.

കെ-ലാംപ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ പി.ഹരി, ഡയറക്ടർ ജി. പി. ഉണ്ണിക്കൃഷ്ണൻ, സഭയുടെ മേശപ്പുറത്ത് വച്ച കടലാസുകൾ സംബന്ധിച്ച സമിതി വിഭാഗം അഡീഷണൽ സെക്രട്ടറി എം. എസ്. വിജയൻ, സെക്ഷൻ ഓഫീസർ പ്രീജ പി. പി. എന്നിവർ പരിശീലന പരിപാടിയിൽ സംസാരിച്ചു. സാംസ്കാരികകാര്യ വകുപ്പിലെ വിവിധ തസ്തികകളിലുള്ള ഒൻപത് ഉദ്യോഗസ്ഥർ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

സഭാ ടിവി എക്സ്ക്ലൂസീവ്

നിയമസഭാ നടപടികളും പ്രവർത്തനങ്ങളും ജനങ്ങളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തി 2020 ലാണ് സഭാ ടിവി പ്രവർത്തനമാരംഭിച്ചത്. സഭാ ടിവി ചിത്രീകരിക്കുന്ന പരിപാടികളും വീഡിയോകളും വിവിധ സാമൂഹ്യ മാധ്യമങ്ങളിൽ സംപ്രേഷണം ചെയ്തു വരുന്നു. സഭാ ടിവി, 'സഭാ ടിവി എക്സ്ക്ലൂസീവ്' എന്ന പേരിൽ ഒരു പുതിയ യൂട്യൂബ് ചാനൽ ആരംഭിക്കുകയാണ്. ചാനലിന്റെ ഔദ്യോഗിക ലോഞ്ചിംഗ് 2024 സെപ്റ്റംബർ 11 ന് നിയമസഭാ സ്പീക്കർ എ. എൻ. ഷംസീർ നിർവഹിച്ചു. സഭാ ടിവിയുടെ തനത് പരിപാടികൾ ഇനി മുതൽ സഭാ ടിവി എക്സ്ക്ലൂസീവ് ചാനലിലായിരിക്കും ലഭ്യമാവുക.

SABHA TV EXCLUSIVE

സഭാ ടിവി എക്സ്ക്ലൂസീവ് കാണുന്നതിനായി ക്യൂ.ആർ. കോഡ് സ്കാൻ ചെയ്യുക.

ഇന്ത്യൻ ഭരണഘടനയുടെ സവിശേഷതകളെ പ്രതിപാദിക്കുന്നതും കേരള നിയമസഭാ സെക്രട്ടറി ഡോ. എൻ. കൃഷ്ണ കുമാർ അവതരിപ്പിക്കുന്നതുമായ 'ഭരണഘടനയെ അറിയാം' എന്ന പരിപാടി സഭാ ടിവി സംപ്രേഷണം ചെയ്യുന്നു. പരിപാടി കാണുന്നതിനായി ക്യൂ.ആർ. കോഡ് സ്കാൻ ചെയ്യുക.

പതിനഞ്ചാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനം

പതിനഞ്ചാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനം 2024 ഒക്ടോബർ 4 ന് ആരംഭിക്കും. ഒക്ടോബർ 18 ന് അവസാനിക്കുന്ന സമ്മേളനത്തിൽ ആകെ ഒമ്പത് സിറ്റിംഗുകളാണ് നിശ്ചയിച്ചിട്ടുള്ളത്. 14, 15 തീയതികളിൽ സഭ ചേരുന്നതല്ല.

കേരള നിയമസഭയുടെ ജനസൗഹൃദ നിയമങ്ങൾ

റവന്യൂ കാർഡും കിസാൻ പാസ്സ്ബുക്കും

റ്റി. മനോഹരൻ നായർ
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

ഭരണനിർവഹണവുമായി ബന്ധപ്പെട്ട നിയമനിർമ്മാണങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കാതെ ജനക്ഷേമകരമായ ഒട്ടനവധി നിയമനിർമ്മാണങ്ങൾക്ക് പ്രത്യേക ശ്രദ്ധ പതിപ്പിച്ച ഒരു നിയമനിർമ്മാണ സഭയാണ് കേരള നിയമസഭ എന്നത് ഒന്നാം കേരള നിയമസഭ മുതലിങ്ങോട്ട് 15 ാം കേരള നിയമസഭ വരെയുള്ള നിയമനിർമ്മാണ ചരിത്രം പരിശോധിക്കുന്ന ഏതൊരാൾക്കും ബോധ്യമാകുന്ന ഒരു കാര്യമാണ്. ഭരണഘടനയിലെ ഏഴാം പട്ടികയിൽ പരാമർശിച്ചിട്ടുള്ള മൂന്ന് ലിസ്റ്റുകളിലേയും നിഷ്കർഷങ്ങൾക്കകത്തു നിന്ന് കൊണ്ട് തന്നെ, പാർലമെന്റോ ഇതര സംസ്ഥാന നിയമസഭകളോ ചിന്തിക്കുക പോലും ചെയ്യാത്ത മേഖലകളിൽപ്പോലും, ജനക്ഷേമ നിയമങ്ങൾ നിർമ്മിക്കുവാൻ കേരള നിയമസഭയ്ക്ക് കഴിഞ്ഞു എന്നത് യാദൃച്ഛികമായി സംഭവിച്ച ചില നേട്ടങ്ങളായിരുന്നില്ല. മറിച്ച്, ജനങ്ങൾ തിരഞ്ഞെടുത്ത ഇച്ഛാശക്തിയുള്ള ജനപ്രതിനിധികൾ നടത്തിയ കൂട്ടായ പരിശ്രമത്തിന്റെ സാക്ഷാത്കാരം കൂടിയാണ് അത്തരം നിയമങ്ങൾ. സംസ്ഥാനത്തിന്റെ സാമൂഹ്യ സാംസ്കാരിക സാമ്പത്തിക രംഗങ്ങളിൽ അനിതരസാധാരണമായ മാറ്റങ്ങൾ കൈവരിക്കുവാൻ അത്തരം നിയമങ്ങളിലൂടെ കഴിഞ്ഞു എന്നത് ആർക്കും നിഷേധിക്കുവാനാവാത്ത ഒരു സത്യവുമാണ്. അത്തരത്തിൽ ഉരുത്തിരിഞ്ഞ നവീന ആശയത്തിൽ രൂപംകൊണ്ട രണ്ട് നിയമങ്ങളാണ് 1999 ലെ കേരള റവന്യൂ കാർഡ് ആക്റ്റും, 2005 ലെ കേരള കിസാൻ പാസ്സ് ബുക്ക് ആക്റ്റും.

1999 ലെ കേരള റവന്യൂ കാർഡ് ആക്റ്റ് (1999 ലെ 20)

പത്താം കേരള നിയമസഭയിൽ (1996-2001) റവന്യൂ വകുപ്പുമന്ത്രിയായിരുന്ന കെ. ഇ. ഇസ്മായിലാണ് ഈ നിയമം പാസ്സാക്കാനുള്ള ബിൽ 1998 ഏപ്രിൽ 23 ാം തീയതി സഭയിൽ അവതരിപ്പിച്ചത്. തുടർന്ന് ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും സെലക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്കു ശേഷം 1999 ഏപ്രിൽ 12 ാം തീയതി സഭ ബിൽ പാസ്സാക്കുകയും ചെയ്തു.

എന്തിനാണ് റവന്യൂ കാർഡ്?

കാലാകാലങ്ങളിൽ സർക്കാർ വകുപ്പുകൾ അനുവദിക്കുന്ന വിവിധ സൗജന്യങ്ങളും ആനുകൂല്യങ്ങളും ധനസഹായങ്ങളും ലഭ്യമാവുന്നതിനായി ഉപയോഗിക്കുന്നതിനും വിവിധ ആവശ്യങ്ങൾക്കുള്ള ആധികാരിക രേഖ എന്ന നിലയിൽ ഉപയോഗിക്കുന്നതിനും വേണ്ടി ജനനത്തീയതി, ജനനസ്ഥലം, ജാതി, മതം, വാർഷിക വരുമാനം, ഓരോരുത്തരും കൈവശം വച്ചിരിക്കുന്ന ഭൂമി എന്നിവ സംബന്ധിച്ച വിവിധ തരം സർട്ടിഫിക്കറ്റുകൾക്കുവേണ്ടി പൊതുജനങ്ങൾക്ക് സർക്കാർ വകുപ്പുകൾ, തദ്ദേശസ്ഥാപനങ്ങൾ, സർക്കാരിന്റെ മറ്റു സ്ഥാപനങ്ങൾ തുടങ്ങിയവയെ സമീപിക്കേണ്ടതായി വരും. ഇപ്രകാരം വിവിധ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള നടപടി ക്ലേശകരവും വളരെ സമയം എടുക്കുന്നതുമാകയാൽ വിവിധ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്ന കാര്യത്തിൽ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി റവന്യൂ കാർഡുകൾ നൽകുന്നതിനുള്ള ഒരു സംവിധാനം ഏർപ്പെടുത്തുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. ഈ സംവിധാന പ്രകാരം ഓരോ കുടുംബത്തിന്റെയും വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഒരു രജിസ്റ്റർ ഓരോ താലൂക്കിലും സൂക്ഷിക്കുകയും ഈ രജിസ്റ്റർ കാലോചിതമായി പരിഷ്ക്കരിച്ചശേഷം കുടുംബത്തേയും അതിലെ അംഗങ്ങളെയും സംബന്ധിച്ച വിശദാംശങ്ങളും ഓരോ അംഗവും കൈവശം വച്ചിരിക്കുന്ന ഭൂമിയും അതുസംബന്ധിച്ച വിവിധ ഇടപാടുകളും ഉൾക്കൊള്ളുന്നതായ ഒരു റവന്യൂ കാർഡ് വില്ലേജിലെ ഓരോ കുടുംബത്തിനും നൽകുകയും ചെയ്യും. സർക്കാർ വകുപ്പുകൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാരിന്റെ മറ്റു സ്ഥാപനങ്ങൾ എന്നിവ നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾക്ക് പകരമായി ഒരു ആധികാരികരേഖ എന്ന നിലയിലും കാലാകാലങ്ങളിൽ സർക്കാർ വകുപ്പുകൾ അനുവദിക്കുന്ന വിവിധ സൗജന്യങ്ങളും ആനുകൂല്യങ്ങളും ധനസഹായങ്ങളും നേടുന്നതിന് ഓരോ കുടുംബത്തിലേയും അംഗങ്ങൾക്ക് സാധിക്കത്തക്ക വിധത്തിലും റവന്യൂ കാർഡ് ഉപയോഗിക്കുവാൻ കഴിയുന്നതാണ്. കാലാകാലങ്ങളിൽ മാറ്റങ്ങൾ വരുത്തിക്കൊണ്ട് റവന്യൂ കാർഡ് രജിസ്റ്ററിലും റവന്യൂ കാർഡിലും ഉള്ള ഉൾക്കുറിപ്പുകൾ രൂപഭേദപ്പെടുത്തുകയോ പുതുക്കുകയോ ചെയ്യുന്നതാണ്. ഇപ്രകാരമുള്ള ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതിനു വേണ്ടിയാണ് ഈ നിയമം നിർമ്മിക്കപ്പെട്ടത്.

റവന്യൂ കാർഡിന്റെ ഘടന

റവന്യൂ കാർഡുകൾ നൽകുന്നതിനുള്ള യൂണിറ്റ് ഒരു വില്ലേജ് ആയിരിക്കുന്നതാണെന്നും റവന്യൂ കാർഡ്

രജിസ്റ്ററിൽ ഉൾക്കുറിപ്പുകൾ ചേർക്കുന്നതും തെറ്റു തിരുത്തുന്നതും പരിഷ്ക്കരിക്കുന്നതും മാറ്റം വരുത്തുന്നതുമെല്ലാം നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ചായിരിക്കണമെന്നും നിർണ്ണയിക്കപ്പെട്ട നിരക്കിലുള്ള ഫീസ് ഈടാക്കിക്കൊണ്ട് തഹസിൽദാരുടെ കൈയൊപ്പും മുദ്രയും വച്ച് റവന്യൂ കാർഡ് നൽകേണ്ടതാണെന്നും ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് നൽകുന്ന റവന്യൂ കാർഡിന് ഫീസ് ഈടാക്കാൻ പാടുള്ളതല്ല എന്നും ഈ നിയമം നിഷ്കർഷിക്കുന്നു. ഈ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഏതെങ്കിലും റവന്യൂ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള ഒരംഗം അയാളുടെ പേരിൽ പുതിയ റവന്യൂ കാർഡ് ആവശ്യപ്പെട്ടാൽ പുതിയ കാർഡ് നൽകേണ്ടതും അതനുസരിച്ചുള്ള മാറ്റങ്ങൾ റവന്യൂ കാർഡ് രജിസ്റ്ററിലും ബന്ധപ്പെട്ട മറ്റു കാർഡുകളിലും വരുത്തേണ്ടതുമാണ്. റവന്യൂ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള ഒരാൾ ഏതെങ്കിലും ഭൂമിയിലോ, ഭൂമിയിന്മേലോ ഉടമസ്ഥനെന്ന നിലയിൽ ഏതെങ്കിലും അവകാശം ആർജ്ജിക്കുകയാണെങ്കിൽ അത് രേഖാമൂലം വില്ലേജ് ഓഫീസർക്ക് റിപ്പോർട്ട് ചെയ്യേണ്ടതും വില്ലേജ് ഓഫീസർ തഹസിൽദാരെ അറിയിച്ച് ഒരു മാസത്തിനകം ബന്ധപ്പെട്ട റവന്യൂ കാർഡ് രജിസ്റ്ററിൽ മാറ്റം വരുത്തേണ്ടതുമാണ്. നൽകി കഴിഞ്ഞ റവന്യൂ കാർഡിലെ എതെങ്കിലും ഉൾക്കുറിപ്പ് സംബന്ധിച്ച് എന്തെങ്കിലും മാറ്റം ആവശ്യമാണെന്ന് അതിൽ പേരുള്ള ഏതെങ്കിലും വ്യക്തി അവകാശപ്പെടുന്ന പക്ഷം അയാൾ ആ മാറ്റങ്ങൾക്കു വേണ്ടി തഹസിൽദാർക്ക് അപേക്ഷ നൽകേണ്ടതും തഹസിൽദാർ യുക്തമായ നടപടികൾ സ്വീകരിക്കേണ്ടതുമാണെന്നും ഈ നിയമം അനുശാസിക്കുന്നു. ഓരോ റവന്യൂ കാർഡിലും ഉൾപ്പെട്ടിട്ടുള്ള ഓരോ അംഗത്തിന്റെയും വാർഷിക വരുമാനവും കുടുംബത്തിന്റെ വാർഷിക വരുമാനവും സംബന്ധിച്ച ഉൾക്കുറിപ്പുകൾ വർഷം തോറും പുതുക്കേണ്ടതാണെന്നും സർക്കാർ വകുപ്പുകൾ, തദ്ദേശസ്ഥാപനങ്ങൾ മുതലായവ നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾക്ക് പകരമായി റവന്യൂ കാർഡ് സ്വീകരിക്കണമെന്ന് നിർദ്ദേശിക്കാൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ടായിരിക്കുമെന്നും നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

കള്ളവോട്ട് ചേർക്കുന്നതിന് ഉദാഹരണമായി സഭയിലെ മാന്യയായ ഒരു വനിത അംഗത്തെ ഉദ്ധരിച്ചത് ശരിയാണോ?

1999 ഏപ്രിൽ 19 ാം തീയതി കേരള റവന്യൂ കാർഡ് ബില്ലിന്റെ പരിഗണനാ വേളയിൽ സഭയിൽ നടന്ന ചർച്ചയിലെ ചില രസകരമായ സന്ദർഭമാണ് ചുവടെ ചേർത്തിരിക്കുന്നത്.

കെ. സി. ജോസഫ് : മന്ത്രി ആമുഖമായി പറഞ്ഞത് റവന്യൂ കാർഡിന്റെ ഉദ്ദേശ്യം ഒരു കുടുംബത്തിനാവശ്യമായ രേഖകൾ സംബന്ധിച്ച് പല ഓഫീസുകൾ കയറിയിറങ്ങാതെയുള്ള ഒരു ഡോക്യുമെന്റ് ഉണ്ടാക്കുക എന്നാണ്. ആ ഡോക്യുമെന്റിന് റവന്യൂ കാർഡ് എന്ന പേര് ഇടേണ്ട ആവശ്യമില്ല എന്നാണ് ഞങ്ങളുടെ വിയോജനക്കുറിപ്പിൽ പറയുന്നത്. അതിന്റെ പേര് ഫാമിലി കാർഡ് എന്നുതന്നെയാക്കണം. അതാണ് നല്ലത്. കാരണം റവന്യൂ കാർഡെന്നു പറഞ്ഞ് ഇതിന്റെ പർപ്പസ് ലിമിറ്റു ചെയ്യുന്നത് സ്വീകരിക്കാൻ നിവൃത്തിയില്ല. രണ്ടാമത്തെ കാരണം ഞങ്ങൾ പറഞ്ഞിരിക്കുന്നത് ഈ റവന്യൂ കാർഡിന്റെ മൂന്നാം വകുപ്പിൽ എന്തെല്ലാം വിവരങ്ങളാണ് അടങ്ങിയിരിക്കേണ്ടത് എന്നതിനെ സംബന്ധിച്ചാണ്. ഐഡന്റിറ്റി കാർഡിലെ നമ്പർ, റേഷൻ കാർഡിലെ നമ്പർ എന്നിവ റവന്യൂ കാർഡിൽ ചേർക്കേണ്ടതാണ്. ഞങ്ങൾ അതാണ് പറഞ്ഞിട്ടുള്ളത്. റവന്യൂ കാർഡിൽ എന്തെല്ലാം ഉൾപ്പെടുത്തണമെന്ന് ഇവിടെ പറയുന്നു. അംഗങ്ങളുടെ എണ്ണം, അവരുടെ ബന്ധം, പൂർണ്ണമായ പേരുകൾ തുടങ്ങിയവ വേണം. അതിന്റെ കൂടെ നമ്മുടെ ഇലക്ഷൻ കമ്മീഷൻ മുൻകൈ എടുത്തുകൊണ്ട് എല്ലാ വോട്ടർമാർക്കും ഫോട്ടോ പതിച്ച കാർഡ് കൊടുത്ത് കൊണ്ടിരിക്കുകയാണ്. അതു കമ്പ്യൂട്ടറൈസേഷൻ ഡോക്യുമെന്റാണ്. ആധികാരികമായ രേഖയാണ്. ഈ റവന്യൂ കാർഡിൽ വോട്ടർമാരുടെ ഐഡന്റിറ്റി കാർഡ് നമ്പർ കൂടി ചേർക്കണമെന്ന് ഞങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. ആ നമ്പറുണ്ടെങ്കിൽ റഫർ ചെയ്യാൻ എളുപ്പമാണ്. എന്റെ റവന്യൂ കാർഡിൽ എന്റെ ഐഡന്റിറ്റി നമ്പറുണ്ടെങ്കിൽ കമ്പ്യൂട്ടർ നോക്കിയാൽ, എന്റെ ഫോട്ടോ തുടങ്ങിയ എല്ലാ വിവരങ്ങളുമുണ്ട്. അതംഗീകരിക്കാൻ ഗവണ്മെന്റ് തയ്യാറായിട്ടില്ല. അതിന് കാരണം വളരെ അപകടകരമായ ഒരു പ്രവണത കേരളത്തിൽ ഇന്ന് ആരംഭിച്ചിട്ടുണ്ട്. നമ്മുടെ ഇലക്ഷൻ പ്രക്രിയയെ ആകെ അട്ടിമറിക്കുന്നതിനുവേണ്ടി, ഇതു മലബാറിലുള്ള ഒരു പ്രത്യേക സംവിധാനമാണ്. ഞങ്ങളുടെയൊക്കെ മേഖലകളിൽ, പ്രത്യേകിച്ച് കണ്ണൂർ ജില്ലയിൽ, അവിടെ ഒരാൾക്ക് മൂന്നും നാലും വോട്ടുകളാണുള്ളത്. പ്രൊഫ. സാവിത്രി ലക്ഷ്മണന്റെ അച്ഛന്റെ പേര് അച്ചുതൻ നായരെന്നാണ്, ഭർത്താവിന്റെ പേര് ലക്ഷ്മണനെന്നാണ്. വോട്ടർ പട്ടികയിൽ ഒരിടത്ത് ചേർക്കും സാവിത്രി അച്യുതനെന്ന്. അവരെ കെട്ടിച്ചുവിട്ട വീട്ടിൽ സാവിത്രി ലക്ഷ്മണനെന്ന് വോട്ടർ പട്ടികയിൽ പേരു ചേർക്കും. ഇങ്ങനെ നിരവധി കാര്യങ്ങളുണ്ട്. മലബാറിൽ ഒരു പ്രത്യേക രാഷ്ട്രീയ പാർട്ടി വളരെ ബോധപൂർവ്വമായി ചെയ്യുന്നതാണ്.

കെ. പ്രകാശ് ബാബു : ബഹുമാനപ്പെട്ട എം.എൽ.എ. ക്ക് ആ ഒരു ഉദ്ദേശത്തോടുകൂടി രണ്ടു തവണ പേര് ചേർത്തിട്ടുണ്ടെന്നാണോ ബഹുമാനപ്പെട്ട അംഗം പറഞ്ഞത്?

കെ. സി. ജോസഫ് : ഞാൻ പറഞ്ഞത് സ്ത്രീകളെ കെട്ടിച്ച് വിടുന്ന വീട്ടിൽ വേറെ പേരു ചേർക്കുന്നുവെന്നാണ്.

ജി. സുധാകരൻ : കള്ളവോട്ടു ചേർക്കുന്നതിനുദാഹരണമായി ഈ സഭയിലെ മാന്യയായ ഒരു വനിതാ അംഗത്തെ ഉദ്ധരിച്ചത് ശരിയാണോ?

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : അങ്ങനെ ഉദ്ധരിച്ചിട്ടില്ല, ഒരു സ്ത്രീക്ക് ഭർത്താവിന്റെ പേരു ചേർത്തും അച്ഛന്റെ പേരു ചേർത്തും രണ്ടു പേരുകൾ എങ്ങനെയുണ്ടാക്കുമെന്നതിന് ഒരു ഉദാഹരണം പറഞ്ഞുവെന്നേയുള്ളൂ.

ജി. കാർത്തികേയൻ : വളരെ പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണ

സന്ദർഭത്തിൽ ഒരു സംഭവത്തേയോ ഒരു വ്യക്തിയേയോ ഉദാഹരിക്കുമ്പോൾ മാന്യയായ വ്യക്തികളെ തന്നെയാണ് ഉദ്ധരിക്കുന്നത്. അതാണ് നല്ലത്. അതാണ് കീഴ്‌വഴക്കവും. അതുകൊണ്ടാണ് മാന്യയായ ഒരു മഹിളയെക്കുറിച്ച് ശ്രീ. കെ. സി. ജോസഫ് ഇവിടെ സംസാരിച്ചത്.

കെ. സി. ജോസഫ് : മലബാറിൽ പലയിടത്തും സ്ത്രീകൾക്ക് അവരുടെ അച്ഛന്റെ പേരു ചേർത്ത് കുടുംബത്തിൽ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നു. ഭർത്താവിന്റെ പേര് ചേർത്ത് അവിടെ വോട്ടർ പട്ടികയിൽ പേരു ചേർക്കുന്നു. ഇങ്ങനെ വോട്ടർ പട്ടികയിൽ ഇരട്ടിപ്പുണ്ട്. അതുകൊണ്ട് എനിക്ക് അറിയാവുന്ന ബഹുമാന്യയായ ടീച്ചറിന്റെ പേരു ഞാൻ ചോദിച്ചു മനസ്സിലാക്കി പറഞ്ഞുവെന്നേയുള്ളൂ..

ആര്യാടൻ മുഹമ്മദ് : ബഹുമാനപ്പെട്ട സാവിത്രി ലക്ഷ്മണനെ ഉദ്ധരിക്കാനുള്ള കാരണം അവരെക്കുറിച്ച് അങ്ങനെ പറഞ്ഞാൽ ആരും വിശ്വസിക്കുകയില്ല എന്നുള്ളതുകൊണ്ടാണ്. നേരെ മറിച്ച് ശ്രീ. സി. പി. ബാലൻ വൈദ്യരെക്കുറിച്ച് പറഞ്ഞാൽ ബാലൻ വൈദ്യർക്ക് പ്രതിഷേധമുണ്ടാകുമെന്നുള്ളതുകൊണ്ടാണല്ലോ പ്രൊഫ. സാവിത്രി ലക്ഷ്മണനെക്കുറിച്ചു പറഞ്ഞത്.

കെ. സി. ജോസഫ് : എനിക്കറിയാവുന്ന, ഈ സഭയിലുള്ള ബഹുമാന്യയായ ഒരു മഹിളയുടെ ഭർത്താവിന്റെയും അച്ഛന്റെയും പേര് അറിയാവുന്നതുകൊണ്ട് പറഞ്ഞുവെന്നേയുള്ളൂ. അതിൽ ഒരു ദുർവ്യാഖ്യാനവും വേണ്ട. ഈ നിയമനിർമ്മാണങ്ങൾ സമ്പൂർണ്ണമാകണമെങ്കിൽ, ഈ നിയമനിർമ്മാണത്തിൽ റവന്യൂ കാർഡിലെ വിവരങ്ങൾ ചേർക്കുമ്പോൾ ആ കാർഡിൽ അംഗങ്ങളുടെ വോട്ടർ പട്ടികയിലെ ഐഡന്റിറ്റി കാർഡ് നമ്പരും റേഷൻ കാർഡ് നമ്പരും ചേർക്കണം. ഇല്ലെങ്കിൽ അതു അപൂർണ്ണമാണ്. ഇത് ചേർക്കുന്നതിനെ എതിർക്കുന്നതിനുള്ള കാരണം അവർക്കുള്ള ഇപ്പോഴത്തെ സൗകര്യങ്ങൾ നഷ്ടപ്പെടുമെന്ന് വിചാരിച്ചാണ്. അതുകൊണ്ട് ഈ കാർഡ് സമ്പൂർണ്ണമാകണമെങ്കിൽ ഈ മാറ്റം അത്യാവശ്യമാണ്.

2005 ലെ കേരള കിസാൻ പാസ്സ് ബുക്ക് ആക്റ്റ് (2005 ലെ 47)

പതിനൊന്നാം കേരള നിയമസഭയിൽ (2001–2006) റവന്യൂവും നിയമവകുപ്പും മന്ത്രിയുമായിരുന്ന കെ. എം. മാണി പ്രത്യേക താൽപര്യമെടുത്ത് രൂപപ്പെടുത്തിയ ഒരു നിയമമാണിത്. ഇതിനായുള്ള ബിൽ 2005 ജൂലൈ 11 ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നത്തെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു. 2005 ജൂലൈ 27 ാം തീയതി നിയമസഭ ബിൽ പാസ്സാക്കുകയും 2005 ഡിസംബർ 10 ാം തീയതി ബില്ലിന് രാഷ്ട്രപതിയുടെ അനുമതി ലഭിക്കുകയും ചെയ്തു.

കേരളത്തിലെ കർഷകർ കൃഷി ആവശ്യങ്ങൾക്കായി പണം സമാഹരിക്കുന്നത് പ്രധാനമായും ബാങ്കുകൾ, സഹകരണ സംഘങ്ങൾ മുതലായവയിൽനിന്നുമുള്ള വായ്പകളിൽ കൂടിയാണ്. എന്നാൽ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും അവ എടുക്കുന്നതിന് വളരെയധികം നിയന്ത്രണങ്ങൾ നിലവിലുണ്ട്. വായ്പ ലഭിക്കണമെങ്കിൽ വസ്തുവിന്റെ ആധാരങ്ങൾ ധനകാര്യ സ്ഥാപനങ്ങളിൽ ഈടായി നൽകേണ്ടി വരുന്നു. കൂടാതെ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നീ ഇനത്തിൽ ഭീമമായ തുകയും വഹിക്കേണ്ടതുണ്ട്. ബഹുഭൂരിപക്ഷം കർഷകർക്കും സർക്കാർ പതിച്ചു നൽകിയ ഭൂമിയിൽ പിൻതുടർച്ചാവകാശം മാത്രമാണ് ഉള്ളതെന്നതിനാൽ വസ്തു അന്യാധീനപ്പെടുത്തുന്നതിന് അവർക്ക് അവകാശമില്ല. ധനകാര്യസ്ഥാപനങ്ങൾ വഴിയുള്ള വായ്പയെടുക്കുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി കർഷകർക്ക് അവരുടെ കൃഷിഭൂമിയെ സംബന്ധിച്ച അവകാശങ്ങളുടെയും ബാധ്യതകളുടെയും രേഖ ഉൾക്കൊള്ളുന്ന കിസാൻ പാസ് ബുക്ക് നൽകാനും അവരുടെ ഭൂമി പണയപ്പെടുത്താതെ വായ്പയെടുക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ നിയമം.

ഹസ്സൻ എന്ന വാക്കിന്റെ അർത്ഥം നല്ല കുട്ടിയെന്നാണ്; എന്നാൽ കിസാൻ എന്നു പറഞ്ഞാലോ?

ഈ ബില്ലിന്റെ പേര് സംബന്ധിച്ചും സഭയിൽ രസകരമായ ചില ചർച്ചകൾ നടക്കുകയുണ്ടായി. ബില്ലിന്റെ പരിഗണനാ വേളയിൽ 2005 ജൂലൈ 27 ാം തീയതി സഭയിൽ നടന്ന ചില അഭിപ്രായ പ്രകടനങ്ങൾ ചിരിപ്പിക്കുന്നതും ചിന്തിപ്പിക്കുന്നവയുമായിരുന്നു.

ടി. എം. ജേക്കബ് : കിസാൻ എന്ന വാക്കിന്റെ അർഥം എന്താണ്? അത് ഹിന്ദി വാക്കാണ്. ഇവിടെ മലയാളത്തിൽ പറഞ്ഞാൽ പോരേ? കർഷക പാസ് ബുക്കെന്ന്?

എം. എം. ഹസ്സൻ : സർ, ഇംഗ്ലീഷ് വാക്കുകൾ പ്രചാരത്തിൽ വന്നു കഴിഞ്ഞാൽ, ഡസ്കിന് മലയാളത്തിൽ എന്തു പറയാൻ പറ്റും? അങ്ങനെയാണെങ്കിൽ ജേക്കബ് എന്നത് ഇംഗ്ലീഷ് പദമാണോ, ലാറ്റിനാണോ, മലയാളമല്ലല്ലോ?

ടി. എം. ജേക്കബ് : ഹസ്സൻ എന്നു പറയുന്നത് എന്താണ്?

എം. എം. ഹസ്സൻ : സർ, അറബി വാക്കാണ്, അതിന്റെ അർഥവും അറിയാം. അതിന്റെ അർഥം എന്താണെന്നറിയാമോ?

ടി. എം. ജേക്കബ് : ജേക്കബ് എന്ന വാക്കിന് അർഥമുണ്ട്.

എം. എം. ഹസ്സൻ : ചോദിച്ച സ്ഥിതിക്ക് പറഞ്ഞേക്കാം. ഹസ്സൻ എന്നു പറയുന്നത് അറബി വാക്കാണ്. മുഹമ്മദ് നബിയുടെ പേരക്കുട്ടികളാണ് ഹസ്സനും ഹുസൈനും. ഹസ്സൻ എന്ന വാക്കിന്റെ അർഥം നല്ല കുട്ടിയെന്നാണ്.

പി. കെ. കെ. ബാവ : ജേക്കബ് എന്നത് യാക്കോബാണ്. അതും അറബിയാണ്.

മി. ചെയർമാൻ (പി.ജെ. ജോയ്): വകുപ്പ് തിരിച്ചുള്ള ചർച്ചയിൽ ഉപചോദ്യമില്ല. ആരായാലും അതു ശരിയാവുകയില്ല.

ടി. എം. ജേക്കബ് : കുഴപ്പമില്ല. ശ്രീ. ഹസ്സന് ഇങ്ങനെ ഇടയ്ക്കിടയ്ക്ക് ഓരോ സംശയങ്ങൾ വരുന്നതാണ്.

ഹസ്സന്റെ സംശയങ്ങൾ അവിടെ നിൽക്കട്ടെ. അത് ചർച്ചാ വിഷയമാക്കേണ്ട. നമ്മൾ ഇവിടെ പറഞ്ഞ ഒരു കാര്യത്തോട് ഞാൻ യോജിക്കുകയാണ്. ചില ഇംഗ്ലീഷ് വാക്കുകൾ നമ്മൾ മലയാളത്തിൽ അംഗീകരിച്ചിട്ടുണ്ട്. അതിപ്പോൾ നമ്മൾ പല ബില്ലിലും ഇംഗ്ലീഷ് പദങ്ങൾ എടുക്കുന്നുണ്ട് എന്നാൽ ഹിന്ദി വാക്കുകൾ നമ്മൾ എടുക്കാറില്ല. മലയാളത്തിൽ വരുന്ന ബില്ലുകളിൽ ചില ഇംഗ്ലീഷ് വാക്കുകൾ മലയളത്തിനു പകരമായിത്തന്നെ ഉപയോഗിക്കുന്നുണ്ട്. പാസ്സ് ബുക്ക് എന്നുള്ളത് മാറ്റണമെന്നു ഞാൻ പറയുന്നില്ല. കിസാൻ എന്നുള്ള ഹിന്ദി ഭാഷ ഇവിടെ എടുക്കാറില്ല, അത് മന്ത്രി ഇവിടെ ആദ്യം മുതലേ കിസാൻ, ജയ് ജവാൻ ജയ് കിസാൻ എന്നു പറയുന്നതുപോലെ, ഞാൻ ഒരു അഭിപ്രായം പറഞ്ഞെന്നേയുള്ളൂ. സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യുന്നതു മന്ത്രിയുടെ യുക്തം പോലെ ചെയ്യുക.

കിസാൻ പാസ്സ് ബുക്ക് എന്നാൽ...

ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു പ്രകാരം കർഷകനെന്നാൽ ഭൂവുടമയെന്നോ ഒറ്റിക്കാരനെന്നോ പട്ടയദാറെന്നോ ഉള്ള നിലയിൽ ഒരു കൈവശഭൂമിയിൽ താല്പര്യമുള്ളയാളോ സർക്കാർ ഭൂമിയുടെ പാട്ടക്കാരനോ ഭൂമി പതിച്ചുകിട്ടിയ ആളോ ആകാവുന്നതാണ്. ഒരു കർഷകന് അവകാശപ്പെട്ട ഭൂമിയിൽ എന്തെങ്കിലും പണയമോ ബാധ്യതയോ നിലനിൽക്കുന്നുണ്ടെങ്കിലും ഇല്ലെങ്കിലും ഒരു ധനകാര്യസ്ഥാപനം അയാൾക്ക് നൽകുന്ന സാമ്പത്തിക സഹായത്തിന് ഈടായി അങ്ങനെയുള്ള ഭൂമി ബാധ്യതപ്പെടുത്തിയോ, പണയംവച്ചോ അന്യാധീനപ്പെടുത്തുന്നത് നിയമവിധേയമായിരിക്കുമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നു. ഓരോ കർഷകനും കാർഷിക ഭൂമിയെ സംബന്ധിച്ച ഒരു കിസാൻ പാസ്സ് ബുക്ക് നൽകേണ്ടതാണെന്നും കിസാൻ പാസ്സ് ബുക്ക് കർഷകനെ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് നിർണ്ണയിക്കപ്പെടാവുന്ന മാതൃകയിൽ ആയിരിക്കുമെന്നും കിസാൻ ബുക്കിലെ രേഖപ്പെടുത്തലുകൾക്ക് ധനകാര്യസ്ഥാപനങ്ങളുടെയോ കോടതികളുടെയോ സർക്കാർ ഉദ്യോഗസ്ഥന്റെയോ മുമ്പാകെ ഹാജരാകുമ്പോൾ നിയമപരമായ പരിരക്ഷ ഉണ്ടായിരിക്കുന്നതാണെന്നും നിയമം അനുശാസിക്കുന്നു.

നിയമത്തിലെ 9ാം വകുപ്പ് പ്രകാരം പാസ്സ് ബുക്കിൽ പറഞ്ഞിരിക്കുന്ന ഭൂമി കൈമാറ്റം ചെയ്യാൻ താല്പര്യമുണ്ടെങ്കിൽ പാസ്സ് ബുക്ക് ഹാജരാക്കിയില്ലെങ്കിൽ സാധിക്കുകയില്ല. എന്നാൽ പാസ് ബുക്ക് ഹാജരാക്കുന്നപക്ഷം കൈമാറ്റത്തിന്റെ വിവരം പാസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. കൈവശക്കാരൻ കിസാൻ പാസ്സ് ബുക്ക് ഹാജരാക്കാത്തപക്ഷം റവന്യൂ ഉദ്യോഗസ്ഥൻ ഏതെങ്കിലും കൈമാറ്റത്തിന്റെ വിശദാംശം റവന്യൂ റിക്കാർഡിൽ ചേർക്കാൻ പാടുള്ളതല്ല. ഒരു കിസാൻ പാസ്സ് ബുക്കിന് മൂന്ന് വർഷക്കാലത്തേക്ക് പ്രാബല്യമുണ്ടായിരിക്കുന്നതും അതിനുശേഷം നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്താൽ മാത്രം സാധുത ഉണ്ടായിരിക്കുന്നതുമാണ്. ഏതെങ്കിലും ആൾ ഒരു റവന്യൂ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുമ്പോൾ കിസാൻ പാസ്സ് ബുക്ക് ഹാജരാക്കുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിലോ കിസാൻ പാസ്സ് ബുക്കിൽ വ്യാജമായി എഴുതിച്ചേർക്കുകയോ എന്തെങ്കിലും മായ്ച്ചു കളയുകയോ, വ്യാജമാണെന്ന് വിശ്വസിക്കേണ്ട കാര്യങ്ങൾ ഉണ്ടെങ്കിലോ സത്യമല്ലാത്ത പ്രസ്താവനകൾ നടത്തുകയോ ചെയ്യുന്ന ഏതൊരാളേയും ഒരു വർഷം വരെയാകാവുന്ന തടവോ, ആയിരം രൂപ വരെയാകാവുന്ന പിഴയോ, അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കാവുന്നതാണെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഈ നിയമം പ്രാബല്യത്തിൽ വന്നതോടെ കിസാൻ പാസ്സ് ബുക്ക് പണയാധാരമായി കാണിച്ച് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നതിന് കർഷകർക്ക് കഴിയുന്ന തരത്തിലുള്ള ഒരു സാഹചര്യം സൃഷ്ടിക്കപ്പെടുകയുണ്ടായി. ഇത്തരത്തിൽ ഒരു നിയമം കൊണ്ടുവരണമെന്നുള്ള നിയമപരിഷ്ക്കരണ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് ഈ നിയമം നിർമ്മിക്കപ്പെട്ടത് എന്നത് പ്രത്യേകമായി വിലയിരുത്തേണ്ട ഒരു കാര്യമാണ്.

കൈവിട്ടുപോയ ഉദ്ദേശ്യലക്ഷ്യം

സംസ്ഥാനത്തെ ജനങ്ങൾക്ക്, പ്രത്യേകിച്ച് സാധാരണക്കാർക്ക്, ഏറെ പ്രതീക്ഷ നൽകിയ രണ്ട് നിയമങ്ങളാണ് 1995ലെ കേരള റവന്യൂ കാർഡ് ആക്റ്റും 2005ലെ കേരള കിസാൻ പാസ്സ് ബുക്ക് ആക്റ്റും. സമഗ്രമായ പഠനങ്ങൾക്കും വിശകലനങ്ങൾക്കും തെളിവെടുപ്പുകൾക്കും ശേഷമാണ് കേരള റവന്യൂ കാർഡ് ആക്റ്റ് കേരള നിയമസഭ പാസ്സാക്കിയത്. ബന്ധപ്പെട്ട മന്ത്രി അദ്ധ്യക്ഷനായ ആ സെലക്ട് കമ്മിറ്റി അഞ്ച് സംസ്ഥാനങ്ങൾ സന്ദർശിക്കുകയും അവിടങ്ങളിൽനിന്ന് ലഭിച്ച വിവരങ്ങളും കൂടി ഉൾച്ചേർത്തുകൊണ്ട് പാസ്സാക്കുകയും ചെയ്ത ഒരു നിയമമാണിത്. അതുപോലെ തന്നെ പൊതുജനങ്ങൾക്ക് ഏറെ പ്രയോജനകരമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി നിർമ്മിക്കപ്പെട്ട ഒരു നിയമമാണ് 2005ലെ കേരള കിസാൻ പാസ്സ് ബുക്ക് നിയമം. എന്നാൽ നിർഭാഗ്യമെന്നുതന്നെ പറയട്ടെ ഈ രണ്ടു നിയമങ്ങളും സഭ പാസ്സാക്കി വിജ്ഞാപനം ചെയ്യപ്പെട്ടു എന്നതല്ലാതെ കാര്യമായ ഒരു ചലനവും പൊതുരംഗത്ത് സൃഷ്ടിക്കുവാൻ ഇവയ്ക്കു കഴിഞ്ഞില്ല. നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള തുടർനീക്കങ്ങൾ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും യഥാസമയം ഉണ്ടാകാത്ത സാഹചര്യത്തിൽ, കേരള സംസ്ഥാനത്തെ സാധാരണക്കാർക്കിടയിൽ ഗുണപരമായ ഒട്ടേറെ മാറ്റങ്ങൾ സൃഷ്ടിക്കാൻ സാധ്യതയുണ്ടായിരുന്ന ഈ രണ്ട് നിയമങ്ങളും അകാലത്തിൽ പൊലിഞ്ഞു പോയതായിട്ടാണ് ചരിത്രത്തിൽ രേഖപ്പെടുത്താൻ പോകുന്നത്. കേരള നിയമസഭയുടെ ജനസൗഹൃദ നിയമങ്ങളുടെ ലിസ്റ്റിൽ എന്തുകൊണ്ടും വളരെ പ്രാധാന്യത്തോടെ ഉൾപ്പെടേണ്ട ഈ രണ്ടു നിയമങ്ങൾക്കും അവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കാനാകാതെ പോയത് തീർത്തും നിരാശാജനകമായ ഒരു കാര്യം തന്നെയാണ്.

(തുടരും...)

മൗലാന അബുൽ കലാം ആസാദ്: ദീർഘവീക്ഷണമുള്ള വിദ്യാഭ്യാസ വിചക്ഷണൻ

ജീന ജെ., അസിസ്റ്റന്റ്

ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിലെ ശ്രദ്ധേയമായ വ്യക്തിത്വമാണ് മൗലാന അബുൽ കലാം ആസാദ് എന്ന അബുൽ കലാം ഗുലാം മൊഹിയുദ്ദീൻ അഹമ്മദ്. സ്വതന്ത്രൻ എന്ന് അർഥം വരുന്ന ആസാദ് എന്നത് അദ്ദേഹത്തിന്റെ തൂലികാനാമമാണ്. ഹിന്ദു-മുസ്ലീം ഐക്യത്തിനുവേണ്ടി പോരാടുകയും രാഷ്ട്രീയവും സാമുദായികവുമായ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ത്യയെ വിഭജിക്കുന്നതിനെ എതിർക്കുകയും ചെയ്തിരുന്ന നേതാവായിരുന്നു അദ്ദേഹം. ഇന്ത്യയുടെ സമ്പത്ത് ബാങ്കുകളിലല്ല സ്കൂളുകളിലാണെന്ന് പറഞ്ഞ അബുൽ കലാം കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പൂർണ്ണ ബോധവാനായിരുന്നു. സാർവ്വത്രികവും സൗജന്യവുമായ പ്രാഥമിക വിദ്യാഭ്യാസം, സാങ്കേതികത, സാക്ഷരത എന്നിവ ഇന്ത്യയുടെ അടിസ്ഥാന ലക്ഷ്യങ്ങളായി കണ്ട് രാജ്യത്തിന് നേട്ടങ്ങൾ കൈവരിക്കാൻ അദ്ദേഹം അക്ഷീണം പ്രവർത്തിച്ചു.

1888 നവംബർ 11 ന് മക്കയിലാണ് അബുൽ കലാം ജനിച്ചത്. യാഥാസ്ഥിതിക കുടുംബ പശ്ചാത്തലം മൂലം ആസാദിന് പരമ്പരാഗത ഇസ്ലാമിക വിദ്യാഭ്യാസം മാത്രമാണ് ലഭിച്ചത്. ആദ്യനാളുകളിൽ ഇസ്ലാമിക പണ്ഡിതനായ പിതാവും തുടർന്ന് അതത് മേഖലകളിൽ പ്രഗത്ഭരായ അധ്യാപകരും അദ്ദേഹത്തെ പഠിപ്പിച്ചു. ഉറുദു, അറബി, ഹിന്ദി, പേർഷ്യൻ, ബംഗാളി എന്നീ ഭാഷകളിൽ പ്രാവീണ്യം നേടിയ ആസാദ് വ്യക്തിഗത പഠനത്തിലൂടെ ഇംഗ്ലീഷ് അക്ഷരമാല സ്വായത്തമാക്കുകയും ഡിക്ഷ്ണറിയുടെ സഹായത്താൽ ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കുകയും ചെയ്തിരുന്നു. ഇസ്ലാമിക് പുരോഹിതനാകാൻ പരിശീലിച്ച അദ്ദേഹം വിശുദ്ധ ഖുർആനെ പുനർവ്യാഖ്യാനം ചെയ്ത് നിരവധി കൃതികൾ രചിക്കുകയും ചെയ്തിട്ടുണ്ട്. പരന്ന വായനയിലൂടെ അലിഗഡ് പ്രസ്ഥാന നായകൻ സർ സയ്യിദിന്റെയും ഈജിപ്ഷ്യൻ ചിന്തകനായ മുഹമ്മദ് അബ്ദുവിന്റെയും വിദ്യാഭ്യാസ ചിന്താകാഴ്ചപ്പാടുകൾ ആസാദിൽ പുത്തനുണർവുണ്ടാക്കി. പരമ്പരാഗത ഇസ്ലാമിക ശാസ്ത്ര പഠനവും പരിശീലനവും ബുദ്ധിശക്തിയും സമകാലികരുടെ ഇടയിൽ ആസാദിന് പ്രാധാന്യം നേടിക്കൊടുത്തു. പത്രപ്രവർത്തകനായി പൊതു ജീവിതം ആരംഭിച്ച മൗലാന അബുൽ കലാം 1912 ൽ ഉറുദുവിൽ അൽ-ഹിലാൽ എന്ന പേരിൽ വാരിക പ്രസിദ്ധീകരിച്ചു. ഹിന്ദു-മുസ്ലീം ഐക്യം രൂപപ്പെടുത്തുന്നതിൽ അൽ-ഹിലാൽ പ്രധാന പങ്ക് വഹിച്ചെങ്കിലും വിഘടനവാദ വീക്ഷണങ്ങളുടെ

പ്രചാരകനായി വാരികയെ സർക്കാർ കാണുകയും 1915 ൽ അതിനെ നിരോധിക്കുകയും ചെയ്തു. ഇന്ത്യൻ ദേശീയതയും ഹിന്ദു-മുസ്ലീം ഐക്യത്തിൽ അധിഷ്ഠിതമായ വിപ്ലവ ആശയങ്ങൾ പ്രചരിപ്പിക്കുകയെന്ന ദൗത്യവുമായി ആസാദ് അൽ-ബലാഗ് എന്ന പേരിൽ മറ്റൊരു വാരിക ആരംഭിച്ചു. എന്നാൽ 1916 ൽ അത് നിരോധിക്കുകയും ആസാദിനെ കൊൽക്കത്തയിൽ നിന്ന് നാടുകടത്തുകയും ചെയ്തു.

ഗാന്ധിജി ആരംഭിച്ച നിസ്സഹരണ പ്രസ്ഥാനത്തെ പിന്തുണച്ചുകൊണ്ട് ആസാദ് 1920 ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ പ്രവേശിച്ചു. 1923 ൽ മുപ്പത്തിയഞ്ചാം വയസിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഏറ്റവും പ്രായം കുറഞ്ഞ പ്രസിഡന്റായി അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹമായിരുന്നു 1942 ൽ ക്വിറ്റ് ഇന്ത്യാ പ്രമേയം അംഗീകരിച്ച കോൺഗ്രസ് സമ്മേളനത്തിന്റെ അധ്യക്ഷൻ.

സ്വാതന്ത്ര്യാനന്തരം ജവഹർലാൽ നെഹ്റു മന്ത്രിസഭയിൽ വിദ്യാഭ്യാസ മന്ത്രിയായി ചുമതലയേറ്റ ആസാദ് ഇന്ത്യയിലെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ വിപ്ലവം സൃഷ്ടിക്കാൻ ആഗ്രഹിച്ചു. വർഷങ്ങളായി കോളനിവത്കരിക്കപ്പെടുകയും ചൂഷണം നേരിടുകയും ചെയ്ത രാജ്യത്തിന്റെ വികസനത്തിന് അത്യന്താപേക്ഷിതമായിട്ടുള്ള ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസത്തിന് അദ്ദേഹം ഊന്നൽ നൽകി. രാജ്യത്തിന്റെ നിലനിൽപ്പിന് വിദ്യാഭ്യാസം, ശാസ്ത്രം, സംസ്കാരം എന്നിവയ്ക്ക് പ്രധാന പങ്കുണ്ടെന്ന് വിശ്വസിച്ച അദ്ദേഹം അത് ബഹുജന വിദ്യാഭ്യാസത്തിലൂടെ മാത്രമേ സാധ്യമാക്കാൻ കഴിയുകയുള്ളൂ എന്ന് മനസ്സിലാക്കി. അതിന്റെ ആദ്യ നടപടികളിലൊന്നായി സാമൂഹിക വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകി. മന്ത്രിയായി ചുമതലയേറ്റയുടനെ എടുത്ത തീരുമാനങ്ങളിലൊന്ന് നമ്മുടെ രാജ്യത്തിലെ ഉന്നത സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുക. സ്ത്രീകളുടെ വിദ്യാഭ്യാസത്തിന് പ്രത്യേകം പ്രാധാന്യം നൽകുക എന്നതായിരുന്നു. സ്ത്രീകൾക്ക് വിദ്യാഭ്യാസം ലഭിക്കുകയാണെങ്കിൽ യുവതലമുറയെ പഠിപ്പിക്കാനുള്ള ചുമതല എളുപ്പമാകുമെന്ന് അദ്ദേഹം വിശ്വസിച്ചു.

ഭാരതത്തിലെ ആദ്യ വിദ്യാഭ്യാസ മന്ത്രിയെന്ന നിലയിൽ വിദ്യാഭ്യാസത്തിന്റെ സമഗ്രമായ വികസനത്തിനുള്ള നയങ്ങൾ അദ്ദേഹം ആവിഷ്കരിച്ചു. എല്ലാവർക്കും സൗജന്യവും നിർബന്ധിതവുമായ അടിസ്ഥാന വിദ്യാഭ്യാസം നൽകുക, സാങ്കേതിക മേഖലയിൽ ഉയർന്ന വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ വർധിപ്പിക്കുക എന്നതാണ് സർക്കാർ ലക്ഷ്യമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു.

ഇന്ത്യൻ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ തുടക്കക്കാരനാണ് മൗലാന അബുൽ കലാം. വിദ്യാഭ്യാസത്തെ സാമൂഹിക വിപ്ലവത്തിന്റെ ഉപകരണമായി വീക്ഷിച്ച അദ്ദേഹം അത് സാംസ്കാരികമായും സാമൂഹികമായും ധാർമ്മികമായും ആത്മീയമായും മെച്ചപ്പെട്ട ഒന്നിലേക്ക് മനുഷ്യജീവിതത്തെ ഉയർത്തുമെന്ന് വിശ്വസിച്ചു. വിദ്യാർഥികൾ അവരുടെ പ്രാദേശിക ഭാഷകൾ പഠിക്കണമെന്നും അതിലൂടെ അവർക്ക് അവരുടെ മാതൃഭാഷയെ ബഹുമാനിച്ച് രാഷ്ട്രത്തിന് മഹത്തായ സേവനം ചെയ്യാൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

രാജ്യത്ത് നിരവധി വകുപ്പുകളും കമ്മീഷനുകളും ബോർഡുകളും കൗൺസിലുകളും സ്ഥാപനങ്ങളും ആസാദ് സ്ഥാപിച്ചു. രാഷ്ട്രത്തിന്റെ വികസനത്തിന് സഹായിക്കുന്ന പുതിയതും സമകാലികവുമായ മാറ്റങ്ങൾ സർവകലാശാലകളിൽ വരുത്തുന്നതിനായി 1948 ൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനും സെക്കൻഡറി സ്കൂളുകളുടെ ഘടന പരിഷ്ക്കരിക്കുന്നതിനായി 1952 ൽ ഓൾ ഇന്ത്യാ കൗൺസിൽ ഫോർ സെക്കൻഡറി എജ്യുക്കേഷൻ കമ്മീഷനും അദ്ദേഹം രൂപീകരിച്ചു. ഉന്നത വിദ്യാഭ്യാസ രംഗത്ത് തലയുയർത്തി നിൽക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്ന ആശയവും 1953 ൽ രൂപം കൊണ്ട സംഗീത നാടക അക്കാദമി, ലളിത കലാ അക്കാദമി എന്നിവയും ആസാദിന്റെ സംഭാവനകളാണ്.

ലോകത്തിലെ മിക്ക രാജ്യങ്ങളിലും അതത് രാജ്യത്തിന്റെ ദേശീയ ഗാനം സ്കൂൾ കുട്ടികൾ പഠിക്കുകയും, അത് വളരെ ചിട്ടയായ രീതിയിൽ ആലപിക്കുകയും ചെയ്തിരുന്ന കാലഘട്ടത്തിൽ അത്തരമൊരു സമ്പ്രദായം ഇന്ത്യയിലുണ്ടായിരുന്നില്ല, കാരണം ഇന്ത്യ ബ്രിട്ടിഷ് ആധിപത്യത്തിനു കീഴിലായിരുന്നു.

മൗലാന അബുൽ കലാം ആസാദ് ഗാന്ധിജിക്കും ജവഹർലാൽ നെഹ്റുവിനുമൊപ്പം

Extracts of note from
File no. F 149 - 111/50 - D3

In almost all the countries of the world it is the practice that the National Anthem of the Country is learnt by all the children in the Schools and all of them sing it with great eclat and enthusiasm. One can hardly find a school boy in France who does not know by hear 'La Marseillaise' and who cannot sing it either alone or in Chorus the tune which has been set for it. Such a practice could not be introduced in the Indian Schools because during the British regime no National Anthem was adopted. In the meetings of the Indian National Congress 'Bande Mantaram' was undoubtedly sung as a National Anthem, but its use was limited to the Congress and connected institutions. But now that the Govt have adopted Tagore's 'JANA GANA MANA' as a National anthem there is no reason why our schools should remain deprived of the pleasure and effect of the tune. I don't know whether the State Govts or the Universities have taken any suitable step in this direction, but because the matter is of great importance from a National point view, I am of the opinion that such a matter could not be left to the discretion of the State Govts. It is therefore imperative that the Central Govt. should make a decision and a uniform system should be adopted throughout the length and breadth of the Country. A right procedure in this direction would be that the Govt. of India should draw the attention of all the State Governments and the Universities to this matter by means of a Resolution. The following points should be stressed in the Resolution:-

(1) it is a common practice in all the Countries of the World that the School boys are taught the National Anthem from the very beginning and this forms the foundation of their national outlook in life.

(2) Now that 'Jana ~~Mana~~ Gana' has attained the status of a National Anthem it is necessary that it should be regularly taught to all the pupils in the schools and colleges and they should properly practise to sing it in the same tune which has been adopted for it.

(3) All the schools should introduce the system that all the children stand in a circle before the beginning of th classes and all of them sing the National Anthem in ~~chrou~~ chorus. In the end it should be impressed upon them that not only the teachers and a few students should sing and the rest simply listen but that all the children should remember the National Anthem by heart and should be able to sing it in its proper tune in a Chorus.

Secretary may please take necessary action in this directior

Sd: Azad

11-7-50 (?)

Sd T Chand
11-7-50

രാജ്യത്തെമ്പാടും വിദ്യാർഥികൾ ദേശീയഗാനം എല്ലാ ദിവസവും ആലപിക്കണമെന്ന നിർദേശം നൽകുന്നതിനായി പാർലമെന്റിൽ പ്രമേയം പാസാക്കണമെന്നാവശ്യപ്പെട്ട് മൗലാന അബുൽ കലാം നൽകിയ കത്തിന്റെ പകർപ്പ്.

എന്നാൽ ഇന്ത്യ സ്വതന്ത്രയായ ശേഷം 1950 ജനുവരി 24 ന് ടാഗോർ രചിച്ച ജന ഗണ മന ഇന്ത്യയുടെ ദേശീയ ഗാനമായി അംഗീകരിക്കുകയുണ്ടായി. എല്ലാ സ്കൂളുകളിലെയും സർവകലാശാലകളിലെയും വിദ്യാർഥികൾ ദേശീയ ഗാനം പതിവായി ആലപിക്കണമെന്നും അതിനായി ദേശീയഗാനം പരിശീലിപ്പിക്കുന്നതിനുള്ള ആശയം രൂപപ്പെടുത്തിയെടുക്കണമെന്നും ആസാദ് തീരുമാനിച്ചു. രാജ്യത്ത് ഏകീകൃത രീതിയിൽ ദേശീയഗാനം ആലപിക്കുന്നതിന് സംസ്ഥാന സർക്കാരുകൾക്ക് മാർഗനിർദേശം നൽകുന്നതിനായി കേന്ദ്ര ഗവൺമെന്റ് ഒരു പ്രമേയം പാസാക്കുകയും അതിലെ നിർദേശങ്ങൾ സംസ്ഥാനങ്ങൾക്ക് കൈമാറുകയും ചെയ്തു. ക്ലാസുകൾ ആരംഭിക്കുന്നതിനുമുൻപ് കുട്ടികൾ വൃത്താകൃതിയിൽ നിന്ന് ദേശീയഗാനം ഒരേ ഈണത്തിൽ പാടേണ്ടതാണെന്നുള്ള നിർദേശമാണ് കേന്ദ്ര സർക്കാർ അന്ന് മുന്നോട്ട് വച്ചത്. ആ രീതി ഇന്നും പിന്തുടർന്നു വരുന്നു.

എല്ലാ ജനവിഭാഗങ്ങൾക്കും ഒരുപോലെ പ്രിയപ്പെട്ട അദ്ദേഹം മികച്ച ചിന്തകനും ദീർഘവീക്ഷണമുള്ള നേതാവും മഹാനായ സ്വാതന്ത്ര്യ സമര സേനാനിയും, പ്രമുഖ വിദ്യാഭ്യാസ വിചക്ഷണനും ആധുനിക ഇന്ത്യയുടെ നിർമ്മാതാക്കളിൽ ഒരാളുമായിരുന്നു. ആദ്യത്തെ കേന്ദ്ര വിദ്യാഭ്യാസ മന്ത്രിയായിരുന്ന മൗലാന അബുൽ കലാം ആസാദ് 1958 ഫെബ്രുവരി 22 ന് അന്തരിച്ചു. 1947 മുതൽ മരണം വരെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന അദ്ദേഹത്തിന്റെ സംഭാവനകളുടെ സ്മരണാർഥം ആസാദിന്റെ ജന്മദിനമായ നവംബർ 11 ദേശീയ വിദ്യാഭ്യാസ ദിനമായി ആചരിക്കുന്നു. ഇന്ത്യയുടെ പരമോന്നത സിവിലിയൻ പുരസ്കാരമായ ഭാരതരത്ന മരണാനന്തര ബഹുമതിയായി 1992 ൽ അദ്ദേഹത്തിന് സമ്മാനിച്ചു.

വിദ്യാഭ്യാസ അവകാശം

> ''ഇന്ത്യയുടെ ഭാവിഭാഗധേയം നിർണ്ണയിക്കപ്പെടുന്നത് ക്ലാസ് മുറികളിലാണ്''
> - കോത്താരി കമ്മീഷൻ

ബെൻസി ആനന്ദ്, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ

ഇന്ത്യയുടെ ദേശീയ വിദ്യാഭ്യാസ കമ്മീഷനായ കോത്താരി കമ്മീഷന്റെ ഈ വാക്കുകൾ രാഷ്ട്ര നിർമ്മാണത്തിൽ വിദ്യാഭ്യാസത്തിന്റെ പങ്ക് വ്യക്തമാക്കുന്നു. 'ലോകത്തെ മാറ്റാൻ ഉപയോഗിക്കാവുന്ന ഏറ്റവും ശക്തമായ ആയുധ'മെന്നാണ് നെൽസൺ മണ്ടേല വിദ്യാഭ്യാസത്തെ വിശേഷിപ്പിച്ചിട്ടുള്ളത്. അടിസ്ഥാന വിദ്യാഭ്യാസമെങ്കിലും ലഭിക്കുക എന്നത് ഓരോ വ്യക്തിയുടെയും ജന്മാവകാശമാണെന്നും അതില്ലാതെ ഒരു പൗരനെന്ന നിലയിലുള്ള തന്റെ കടമകൾ പൂർണ്ണമായി നിർവഹിക്കാൻ കഴിയില്ലെന്നുമുള്ള സ്വതന്ത്ര ഇന്ത്യയുടെ പ്രഥമ വിദ്യാഭ്യാസ മന്ത്രിയായിരുന്ന മൗലാന അബുൽ കലാം ആസാദിന്റെ അഭിപ്രായം വിദ്യാഭ്യാസ അവകാശത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു.

ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശങ്ങളിൽ ഒന്നാണ് വിദ്യാഭ്യാസം. ഭരണഘടനയുടെ ആർട്ടിക്കിൾ 21 എ പ്രകാരം വിദ്യാഭ്യാസത്തിനുള്ള അവകാശം മൗലികാവകാശമാണ്. ഇതു പ്രകാരം ആറു മുതൽ പതിനാല് വയസുവരെയുള്ള എല്ലാ കുട്ടികൾക്കും രാഷ്ട്രം, നിയമം വഴി തീരുമാനിക്കുന്ന സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിന് വ്യവസ്ഥയുണ്ട്. 2002 ലെ എൺപത്തിയാറാം ഭരണഘടനാ ഭേദഗതി പ്രകാരമുള്ള ആക്റ്റ് 2 ാം വകുപ്പുപ്രകാരമാണ് വിദ്യാഭ്യാസം മൗലികാവകാശമായി മാറിയത്. ആർട്ടിക്കിൾ 45 പ്രകാരം സ്റ്റേറ്റ് നയത്തിന്റെ നിർദേശകതത്വങ്ങളിൽ (Directive Principles of State Policy) വിദ്യാഭ്യാസം ഉൾപ്പെട്ടിരുന്നുവെങ്കിലും മൗലികാവകാശമായപ്പോൾ നിർദ്ദേശക തത്വങ്ങളിൽ നിന്ന് ഒഴിവാക്കുകയാണുണ്ടായത്. ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിൽ കൺകറന്റ് ലിസ്റ്റിലാണ് വിദ്യാഭ്യാസത്തെ ഉൾപ്പെടുത്തിയിരിക്കുന്നത്. 1976 ലെ ഭരണഘടനാ ഭേദഗതി വിദ്യാഭ്യാസത്തെ സ്റ്റേറ്റ് പട്ടികയിൽ നിന്ന് കൺകറന്റ് പട്ടികയിലേക്ക് മാറ്റുകയായിരുന്നു.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ വിദ്യാഭ്യാസ അവകാശത്തിനായി ശ്രദ്ധേയമായ നിരവധി കമ്മിറ്റികളും കമ്മീഷനുകളും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ഉപരാഷ്ട്രപതിയായിരുന്ന ഡോ. എസ്. രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ ഉന്നതവിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകി 1948 ൽ രൂപീകരിക്കപ്പെട്ട രാധാകൃഷ്ണൻ കമ്മീഷൻ (യൂണിവേഴ്സിറ്റി എജ്യൂക്കേഷൻ കമ്മീഷൻ), വിദ്യാഭ്യാസം ഒരു വ്യക്തിയുടെ കഴിവ് ഉന്നമിപ്പിക്കുകയും ഒരു ജനാധിപത്യ മനോഭാവം രൂപപ്പെടുത്തുകയും സ്വയം വികസനത്തിന് പരിശീലിപ്പിക്കുകയും ചെയ്യുന്നതായിരിക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്.



ഡോ. ഡി. എസ്. കോത്താരി

ഡോ. എ.എൽ. സ്വാമി മുതലിയാരുടെ അധ്യക്ഷതയിലുള്ള മുതലിയാർ കമ്മീഷൻ (സെക്കൻഡറി എജ്യുക്കേഷൻ കമ്മീഷൻ, 1952) സെക്കൻഡറി വിദ്യാഭ്യാസത്തിനും പ്രാദേശിക ഭാഷയ്ക്കും പ്രാധാന്യം നൽകുന്ന വിദ്യാഭ്യാസ രീതിയാണ് ശിപാർശ ചെയ്തത്. നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പോരായ്മകൾ പരിശോധിക്കാൻ 1990 ൽ ആചാര്യ രാമമൂർത്തിയുടെ നേതൃത്വത്തിൽ രൂപീകരിച്ച സമിതി സമർപ്പിച്ച റിപ്പോർട്ട് ഇന്ത്യയിലെ വിദ്യാഭ്യാസത്തിനുള്ള അവകാശത്തെക്കുറിച്ചുള്ള ആദ്യ ഔദ്യോഗിക രേഖയായി കണക്കാക്കപ്പെടുന്നു. 1992 ലെ ജനാർദൻ റെഡ്ഡി കമ്മിറ്റി എല്ലാ വിഭാഗങ്ങൾക്കും അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് സർക്കാർ സ്കൂളുകൾ വികസിപ്പിക്കണമെന്ന് ശിപാർശ ചെയ്തു. ഭരണഘടനയിൽ ആർട്ടിക്കിൾ 21 എ ഉൾപ്പെടുത്താൻ ലക്ഷ്യമിട്ട് രൂപീകരിച്ച തപസ് മജുംദാർ കമ്മിറ്റി (1999) സമൂഹത്തിലെ ഏറ്റവും ദരിദ്ര വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പോലും ഏറ്റവും മികച്ച നിലവാരത്തിലുള്ള വിദ്യാഭ്യാസം ലഭിക്കണമെന്നാണ് ശിപാർശ ചെയ്തിട്ടുള്ളത്.

ഇന്ത്യയുടെ ദേശീയ വിദ്യാഭ്യാസ കമ്മീഷൻ എന്നറിയപ്പെടുന്ന കോത്താരി വിദ്യാഭ്യാസ കമ്മീഷൻ, വിദ്യാഭ്യാസ മേഖലയുടെ വിവിധ വശങ്ങൾ സമഗ്രമായി പരിശോധിക്കുന്നതിനും പരിഷ്കാരങ്ങൾ നിർദേശിക്കുന്നതിനും വിദ്യാഭ്യാസത്തിന്റെ പൊതുവായ ഒരു മാതൃക രൂപപ്പെടുത്തിയ അഡ്ഹോക് കമ്മീഷനാണ്. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ചെയർമാൻ കൂടിയായിരുന്ന ഡോ. ദൗലത് സിംഗ് കോത്താരി അധ്യക്ഷനായ കമ്മീഷൻ 1966 ജൂൺ 29 ന് വിദ്യാഭ്യാസവും ദേശീയ വികസനവും എന്ന തലക്കെട്ടോടെ റിപ്പോർട്ട് സമർപ്പിച്ചു. ആറ് വയസു മുതൽ പതിനാല് വയസുവരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകണമെന്നത് കമ്മീഷന്റെ പ്രധാന ശിപാർശയായിരുന്നു. ഇന്ത്യൻ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ശ്രദ്ധേയമായ സ്വാധീനം ചെലുത്തിയ കോത്താരി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ ദേശീയ വിദ്യാഭ്യാസ നയം (1986) രൂപീകരിക്കുന്നതിൽ പ്രധാന പങ്കു വഹിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ അവകാശത്തെക്കുറിച്ചുള്ള സുപ്രധാന നിയമമായിരുന്നു 2009 ലെ വിദ്യാഭ്യാസ അവകാശ നിയമം. ആറ് മുതൽ പതിനാല് വയസു വരെയുള്ള എല്ലാ കുട്ടികൾക്കും അടിസ്ഥാന വിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവുമാക്കുന്നതിനായി ഇന്ത്യൻ പാർലമെന്റ് ആവിഷ്കരിച്ച നിയമമാണ് വിദ്യാഭ്യാസ അവകാശ നിയമം. 2009 ആഗസ്റ്റ് 4 നാണ് പാർലമെന്റ് നിയമം പാസാക്കിയത്. ഇതിലേക്ക് ഭരണഘടനയുടെ ആർട്ടിക്കിൾ 21 എ ഭേദഗതി ചെയ്തു. 2010 ഏപ്രിൽ 1 ന് നിയമം പ്രാബല്യത്തിൽ വന്നപ്പോൾ എല്ലാ കുട്ടികളുടെയും വിദ്യാഭ്യാസം മൗലികാവകാശമായ 135 രാജ്യങ്ങളിൽ ഒന്നായി ഇന്ത്യ മാറി.

വിദ്യാഭ്യാസ അവകാശ നിയമം പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാകുന്നതുവരെ കുട്ടികൾക്ക് തൊട്ടടുത്ത സ്കൂളിൽ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള അവകാശം നൽകുന്നതോടൊപ്പം ആറിനും പതിനാലിനുമിടയിൽ പ്രായമുള്ള കുട്ടികളുടെ പ്രവേശനവും ഹാജരും പ്രഥമിക വിദ്യാഭ്യാസത്തിന്റെ പൂർത്തീകരണവും ഉറപ്പാക്കേണ്ടത് സർക്കാരിന്റെ ബാധ്യതയാണെന്നും വ്യവസ്ഥ ചെയ്യുന്നു. ഒരു കുട്ടിയുടെ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിൽ അതത് സർക്കാരുകളുടെയും പ്രാദേശിക അധികാരികളുടെയും രക്ഷിതാക്കളുടെയും കടമകളെക്കുറിച്ച് പരാമർശിക്കുന്ന നിയമം കേന്ദ്ര -സംസ്ഥാന സർക്കാരുകൾ തമ്മിലുള്ള സാമ്പത്തിക ബാധ്യത പങ്കിടുന്ന കാര്യവും വ്യക്തമാക്കുന്നു. അധ്യാപക-വിദ്യാർഥി അനുപാതം, അടിസ്ഥാന സൗകര്യങ്ങൾ, കെട്ടിടങ്ങൾ, പ്രവൃത്തി ദിനങ്ങളുടെ മാനദണ്ഡങ്ങൾ എന്നിവയെക്കുറിച്ച് നിയമം വ്യക്തത നൽകുന്നു. അധ്യാപകരുടെ യോഗ്യത, പരിശീലനം എന്നിവയെക്കുറിച്ച് മാർഗനിർദ്ദേശം നൽകുന്ന നിയമം, അധ്യാപക നിയമനങ്ങളിൽ അസന്തുലിതാവസ്ഥ പാടില്ലെന്നും ജനസംഖ്യാ കണക്കെടുപ്പ്, തിരഞ്ഞെടുപ്പ്, ദുരന്ത നിവാരണ പ്രവർത്തനങ്ങൾ എന്നിവ ഒഴികെയുള്ള വിദ്യാഭ്യാസേതര ജോലികൾക്ക് അധ്യാപകരെ നിയമിക്കുന്നത് തടയാനും വ്യവസ്ഥ ചെയ്യുന്നു. ഭരണഘടനാ മൂല്യങ്ങൾക്കനുസൃതമായി കുട്ടിയുടെ സർവതോന്മുഖമായ വികസനത്തിനുതകുന്ന പാഠ്യപദ്ധതി രൂപപ്പെടുത്തണമെന്നും നിയമം അനുശാസിക്കുന്നു. എന്നാൽ കുട്ടികളുടെ പ്രവേശനത്തിനുള്ള സ്ക്രീനിംഗ് നടപടിക്രമങ്ങൾ, ക്യാപിറ്റേഷൻ ഫീസ്, മാനസിക പീഡനവും ശാരീരിക ശിക്ഷയും, അധ്യാപകരുടെ സ്വകാര്യ ട്യൂഷൻ മുതലായവ നിയമം നിരോധിക്കുന്നു. ദേശീയ ബാലാവകാശ കമ്മീഷനെയാണ് (NCPCR) സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ വ്യവസ്ഥകൾ നിരീക്ഷിക്കുന്നതിനുള്ള ഏജൻസിയായി നിയോഗിച്ചിരിക്കുന്നത്.

വിദ്യാഭ്യാസ അവകാശ നിയമം ഭരണഘടന പ്രകാരം ഒരു കുട്ടിയുടെ മൗലികാവകാശങ്ങൾ നടപ്പിലാക്കാൻ സംസ്ഥാന കേന്ദ്ര സർക്കാരുകൾക്ക് നിയമപരമായ ബാധ്യത നൽകുന്നു. വിദ്യാഭ്യാസം ഗുണനിലവാരമുള്ളതാക്കുന്നതിനുതകുന്ന രീതിയിൽ അധ്യാപക - വിദ്യാർഥി അനുപാതത്തിന് മികച്ച മാനദണ്ഡങ്ങൾ ഉറപ്പു നൽകുന്ന നിയമം അധ്യാപക തസ്തികകളിലെ പ്രാദേശിക അസന്തുലിതാവസ്ഥ ഒഴിവാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. സ്കൂളുകളിൽ ഗ്രേഡിനനുസൃതമായ പഠന ഫലങ്ങൾ ലഭിക്കുന്നതിന് തുടർച്ചയായ സമഗ്ര മൂല്യ നിർണ്ണയ സംവിധാനം അവതരിപ്പിച്ച നിയമം എട്ടാം ക്ലാസ് വരെയുള്ള ഒരു കുട്ടിയെയും തടങ്കലിൽ വയ്ക്കരുതെന്നും വ്യവസ്ഥ ചെയ്യുന്നു. എല്ലാ പ്രാഥ

മിക വിദ്യാലയങ്ങളിലും പങ്കാളിത്ത ജനാധിപത്യവും ഭരണവും പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി (എസ്.എം.സി.) രൂപീകരിക്കാൻ വ്യവസ്ഥ ചെയ്യുന്ന നിയമം മേൽ കമ്മിറ്റികൾക്ക് സ്കൂളിന്റെ പ്രവർത്തനം നിരീക്ഷിക്കാനും വികസന പദ്ധതികൾ തയ്യാറാക്കാനും അധികാരം നൽകുന്നു. എല്ലാ സ്വകാര്യ സ്കൂളുകളും സാമൂഹികമായി പിന്നാക്കം നിൽക്കുന്നവരും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുമായ വിഭാഗങ്ങളിലെ കുട്ടികൾക്കായി 25 ശതമാനം സീറ്റുകൾ സംവരണം ചെയ്യണമെന്ന് അനുശാസിക്കുന്ന നിയമം നീതിയും തുല്യതയും ഉറപ്പു വരുത്തുന്നു.

ഇന്ത്യയിലെ വിദ്യാഭ്യാസ അവകാശ നിയമനിർമ്മാണത്തിന് തുടക്കമിട്ടത് 1813 ലെ ചാർട്ടർ ആക്റ്റ് ആണ്. 2009 ലെ വിദ്യാഭ്യാസ അവകാശ നിയമം വിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവുമാക്കുന്നതിനുള്ള ശരിയായ ചുവടു വയ്പായിരുന്നെങ്കിലും വിമർശനങ്ങൾക്കതീതമായിരുന്നില്ല. നിയമത്തിന് നിരവധി ഭേദഗതികൾ ഉണ്ടായിട്ടുണ്ട്. 2012 ലെ ഭേദഗതി നിയമം അംഗപരിമിതരായ കുട്ടികളെ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുകയും ഗുരുതരമായ വൈകല്യമുള്ള കുട്ടികൾക്ക് ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം ശിപാർശ ചെയ്യുകയും ചെയ്തു. കൂടാതെ മതന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കി. 2019 ലെ ഭേദഗതി നിയമപ്രകാരം സ്കൂളുകളിലെ നോഡിറ്റൻഷൻ നയം നിർത്തലാക്കി. നിയമത്തിലെ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം എട്ടാം ക്ലാസ് വരെയുള്ള ഒരു വിദ്യാർഥിയെയും തടങ്കലിൽ വയ്ക്കാൻ കഴിയില്ല. നോഡിറ്റൻഷൻ നയം തുടരണമോയെന്ന് തീരുമാനിക്കേണ്ടത് അതത് സംസ്ഥാനങ്ങളാണ്.

പരിശീലനം നേടിയ യോഗ്യരായ അധ്യാപകർ ശരിയായ അധ്യാപക-വിദ്യാർഥി അനുപാതത്തിൽ നൽകുന്ന ഗുണനിലവാരമുള്ള വിദ്യാഭ്യാസം വിദ്യാഭ്യാസ അവകാശ നിയമം ഉറപ്പുനൽകുന്നു. ശാസ്ത്ര സാങ്കേതിക മുന്നേറ്റങ്ങളാൽ രൂപപ്പെടുത്തിയ അധ്യയന സമ്പ്രദായങ്ങൾക്കനുസൃതമായി കാലാകാലങ്ങളിൽ പരിഷ്കരിക്കപ്പെടുന്ന മാനദണ്ഡങ്ങൾ വിദ്യാഭ്യാസ അവകാശത്തിന്റെ ഭാഗമാണ്. വിദ്യാഭ്യാസത്തിന്റെ സാർവ്വത്രികത സമ്പൂർണ്ണ സാക്ഷരതയിലേക്കുള്ള അനിവാര്യമായ ചുവടുവയ്പ്പെന്ന നിലയിൽ മൗലികാവകാശത്തിന്റെ പ്രസക്തി വർധിപ്പിക്കുന്നു.

ആദരാഞ്ജലികൾ

എസ്. ജയകൃഷ്ണൻ, എഡിറ്റർ ഓഫ് ഡിബേറ്റ്സ്

നിയമസഭാ സെക്രട്ടേറിയറ്റിലെ എഡിറ്റർ ഓഫ് ഡിബേറ്റ്സ് എസ്. ജയകൃഷ്ണൻ (39) അന്തരിച്ചു. നിയമസഭാ സെക്രട്ടേറിയറ്റിലെ ഡെപ്യൂട്ടി ചീഫ് എഡിറ്ററായിരുന്ന പി. എസ്. ജയകുമാരി അമ്മയുടെയും കെ.എസ്.ഐ.ഇ. മുൻ ഉദ്യോഗസ്ഥൻ എ. ശിവദാസൻ പിള്ളയുടെയും മകനാണ്. വി. എസ്. നന്ദിനിയാണ് ഭാര്യ. മകൾ അവന്തിക എൻ. കൃഷ്ണ.

നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ



പന്ന്യൻ
ജീവിതം രാഷ്ട്രീയം സാഹിത്യം കാലച്ചുവടുകൾ

പന്ന്യൻ രവീന്ദ്രൻ

പേപ്പർ പബ്ളിക്ക : തിരുവനന്തപുരം, 2023,

W691.212y7RAV 32R3
(ലേഖന സമാഹാരം)

കിനാവരമ്പത്തെ ഗാനശാല

മുഹമ്മദ് റാഫി എൻ.വി.

പ്രണതാ ബുക്ക്സ് : കൊച്ചി, 2023.

NR-NW212 32R3

(മലയാള ചലച്ചിത്ര പിന്നണി ഗാനശാഖയുടെ സജീവ കാലത്തെ വിവരിക്കുന്ന മുപ്പത്തിരണ്ട് ലേഖനങ്ങൾ)

അനന്തപുരിയുടെ മറക്കാനാകാത്ത ഇന്നലെകൾ

ടി. എസ്. വീരമണി അയ്യർ

മലയിൻകീഴ് ഗോപാലകൃഷ്ണൻ (എഡി.)

സൈൻ ബുക്ക്സ് : തിരുവനന്തപുരം, 2023.

V212THI 32R3

(അനന്തപുരിയുടെ നേർകാഴ്ചകൾ)

നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ



സ്ത്രീ ജീവിതം
സാംസ്കാരിക കേരളത്തിലെ സ്ത്രീജീവിതങ്ങളുടെ ആത്മകഥ
ഡോ. പി. കെ. ഗോപൻ (എഡി.)
സൈകതം ബുക്ക്സ് : തിരുവനന്തപുരം, 2023.
Y15w212 32R3
(രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗത്തെ ഇരുപത്തിനാല് സ്ത്രീ വ്യക്തിത്വങ്ങളെ പഠനവിധേയമാക്കുന്ന കൃതി)



ഒഴുക്ക്
ലാൽ രഞ്ചൻ
സൈകതം ബുക്ക്സ് : എറണാകുളം, 2023.
O32,1LAL R3
(കവിതകൾ)

മഴ മേഘങ്ങൾ
ജി. രേഖ വേണുഗോപാൽ
ജി.കെ. റീഡേഴ്സ് മീഡിയ : കൊച്ചി, 2023.
O32,3REK R3
(കഥകൾ)

ഓസ്ട്രേലിയ അധിനിവേശങ്ങളുടെ പുതുലോകം
ഡോ.എസ്. രാജശേഖരൻ
പരിധി പബ്ളിക്കേഷൻസ് : തിരുവനന്തപുരം, 2022.
U8.8 32R2
(യാത്രാനുഭവങ്ങൾ)

ക്ഷോഭമടങ്ങാത്ത ലങ്ക
ഡെന്നി തോമസ് വട്ടക്കുന്നേൽ
വീസി തോമസ് എഡിഷൻസ് : കൊച്ചി, 2023.
V4498:19(zF) 32R3
(ശ്രീലങ്ക നേരിട്ടുകൊണ്ടിരിക്കുന്ന ആഭ്യന്തര സംഘർഷങ്ങൾ, എൽ. ടി.ടി.ഇ., മഹിന്ദ രാജപക്സെ കുടുംബത്തിന്റെ വളർച്ച, തളർച്ച എന്നിവ വിശകലനം ചെയ്യുന്ന ഗ്രന്ഥം)



THE ROOF BENEATH THEIR FEET
Geethanjali Shree
Rahul Soni, Tr.
Penguin Random House : Haryana, 2023.
O152,3GEE,R 111 R3
(Hindi novel translated into English)



I'M A CLIMATE OPTIMIST
An easy guide to lead a sustainable life
Aakash Ranison
Ebury Press : Haryana, 2023.
U287(G:55) R3
(This book focuses on simplifying climate change and sustainability)



ILLEGITIMATE AUTHORITY
Facing the Challenges of Our Time
Noam Chomsky and C. J. Polychroniou
Penguin Books : UK, 2023.
W.1 R3
(This book examines the deterioration of democracy in the US, diplomatic tensions among countries, the need for climate action on an international scale and rising tensions globally)



THESE SEATS ARE RESERVED:
Caste, Quotas and the Constitution of India
Abhinav Chandrachud
Penguin Random House : Haryana, 2023.
Y592(V:58).2 R3
(This book deals with the history and making of the reservation policy)

ARIVORAM
BIMONTHLY | **OCTOBER 2024** | PRICE : ₹50/-

അറിവോരം

കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് മാഗസിൻ

Printed and Published by Dr. N. Krishna Kumar, Secretary, Kerala Legislature Secretariat on behalf of Kerala Legislative Assembly and Printed at Orange Printers, Thiruvananthapuram, Kerala - 695 001 and Published from Data Resource Development 'B' Section, Kerala Legislature Secretariat, Vikas Bhavan P. O., Thiruvananthapuram - 695 033, Chief Editor- A. N. Shamseer